بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാല്യം 8

ബദർ

വീക്കിലി ഖാദിയാൻ

Weekly BADAR Qadian Malayalam

ലക്കം 30-31

വാർഷിക വരിസംഖ്യ 600 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadr.in

2023 ജൂലായ്27-ആഗസ്റ്റ്3 /ഹി.ശം. 1402 വഫ27-ള്വുഹൂർ 03/ ഹിജ്റ 1445 മുഹ്റം 8-15


### അല്ലാഹുവിന്റെ വചനം

مَا کَانَ مُحَمَّدٌ اَبَاۤ اَحَدٍ مِّنۡ رِّجَالِکُمۡ وَلٰکِنۡ رَّسُوۡلَ اللّٰہِ وَ خَاتَمَ النَّبِیّٖنَ ؕ وَکَانَ اللّٰہُ بِکُلِّ شَیۡءٍ عَلِیۡمًا ﴿۴۱﴾


മുഹമ്മദ് നിങ്ങളിൽ ഒരു പുരുഷന്റേയും പിതാവല്ല. പക്ഷേ, അദ്ദേഹം അല്ലാഹുവിന്റെ ദൂതനും എല്ലാ പ്രവാചകന്മാരുടേയും മുദ്രയുമാകുന്നു. അല്ലാഹു എല്ലാ കാര്യത്തെ കുറിച്ചും നല്ലവണ്ണം അറിയുന്നവനാകുന്നു.(33:41)

### അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിന സ്വ്‌രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽ മുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലുമുണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ.

# സീറത്തുന്നബി(സ) സ്പെഷ്യൻ

സ്വലാത്തും സലാമും ഹദ്റത്ത് സയ്യിദുർറുസുൽ മുഹമ്മദു മുസ്തഫാ(സ)യുടേയും അദ്ദേഹത്തിന്റെ കുടുംബാദികളുടേയും സ്വഹാബാക്കളുടടേയും മേലുണ്ടാവട്ടെ! ഇദ്ദേഹം മുഖേന അല്ലാഹു വഴി തെറ്റിയ ഒരു ലോകത്തെ നേരായ വഴിയിൽ നടത്തിച്ചു. ആ മുറബ്ബിയും ഫലപ്രദനുമായവൻ വഴിമറന്നുപോയ സൃഷ്ടികളെ വീണ്ടും നേരായ പാതയിലേക്ക് കൊണ്ടുവന്നു.



### സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

“ഇലാഹീ!നിനക്ക് ആയിരോപിയായിരം നന്ദി!ഞങ്ങൾക്ക് നിന്നെ തിരിച്ചറിയാനുള്ള വഴി നീ തന്നെ പറഞ്ഞു തന്നു. നിന്റെ പരിശുദ്ധമായ ഗ്രന്ഥങ്ങൾ ഇറക്കിത്തന്നുകൊണ്ട് ചിന്തുടേയും ബുദ്ധിയുടേയും തെറ്റുകളിൽനിന്നും കുറ്റങ്ങളിൽനിന്നും രക്ഷിച്ചു. സ്വലാത്തും സലാമും ഹദ്റത്ത് സയ്യിദുർറുസുൽ മുഹമ്മദു മുസ്തഫാ(സ)യുടേയും അദ്ദേഹത്തിന്റെ കുടുംബാദികളുടേയും സ്വഹാബാക്കളുടേയും മേലുണ്ടാവട്ടെ! ഇദ്ദേഹം മുഖേന അല്ലാഹു വഴിതെറ്റിയ ഒരു ലോകത്തെ നേരായ വഴിയിൽ നടത്തിച്ചു. ആ മുറബ്ബിയും ഫലപ്രദനുമായവൻ വഴിമറന്നുപോയ സൃഷ്ടികളെ വീണ്ടും നേരായ പാതയിലേക്ക് കൊണ്ടുവന്നു. ആ ഉപകാരിയും നന്മചെയ്യുന്നവനുമായവൻ അന്യാരാധനകളുടേയും ബിംബങ്ങളുടേയും ബലാകളിൽനിന്ന് ജനങ്ങൾക്ക് മോചനം നല്കി. ആ പ്രകാശവും പ്രകാശം വിതറുകയും ചെയ്യുന്നവൻ, തൗഹീദിന്റെ വെളിച്ചത്തെ ലോകത്ത് പരത്തി. ആ ഭിഷഗ്വരനും കാലത്തിന്റെ ചികിത്സകനുമായവൻ താറുമാറാക്കപ്പെട്ട മനസ്സുകളെ നേരായപാതയിൽ ചുവടുറപ്പിച്ചു. ആ കരീമും കറാമത്തിന്റെ അടയാളവുമായവൻ മരിച്ചവർക്ക് ജീവിതപാനീയം കുടിപ്പിച്ചു. ആ കാരുണികനും ദയാലുവുമായവൻ സമുദായത്തിനുവേണ്ടി ദുഃഖം കടിച്ചിറക്കുകയും വേദന സഹിക്കുകയും ചെയ്തു. ആ വീരനും ഫയൽവാനും മരണത്തിന്റെ വായിൽനിന്ന് നമ്മെ എടുത്തു പുറത്തുകൊണ്ടുവന്നു. ആ ശാന്തനും നിസ്വാർഥനുമായ മനുഷ്യൻ നമസ്കാരത്തിൽ പ്രണാമം ചെയ്യിക്കുകയും നമ്മുടെ അസ്തിത്വത്തെ മണ്ണിൽ ചേർക്കുകയും ചെയ്തു. ആ സമ്പൂർണനായ ഏകദൈവവിശ്വാസിയ്ക്കും ഈശ്വരജ്ഞാനത്തിന്റെ സമുദ്രത്തിനും അല്ലാഹുവിന്റെ പ്രതാപംമാത്രം നല്ലതായി തോന്നുകയും അന്യരെ തന്റെ ദൃഷ്ടിയിൽനിന്ന് വീഴ്ത്തുകയും ചെയ്തു. റഹ്മാനിന്റെ ശക്തിപ്രതാപത്തിന്റെ ആ ദിവ്യാത്ഭുതം നിരക്ഷരനായിരുന്നിട്ടും എല്ലാവരേയും യഥാർഥമായ വിജ്ഞാനങ്ങൾകൊണ്ട് അതിജയിക്കുകയും എല്ലാ ഓരോ ജനതയേയും തെറ്റുകളുടേയും കുറ്റങ്ങളുടേയും കുറ്റവാളികളാക്കുകയും ചെയ്തു.”

**ദർ ദിലം ജോശദ് ഥനായെ സർവറേ ആൻകെ ദർ ഖൂബി നദാറദ് ഹംസറേ**
**ആഫ്താബെ ഹർ സമീനോ ഹർ സമാൻ റഹ്ബറെ ഹർ അസ്‌വദ് വ ഹർ അഹ്മറേ**

എന്റെ മനസ്സിൽ എങ്ങനെയുള്ള ഒരു നേതാവിന്റെ സ്തുതിയാണ് അലതല്ലിക്കൊണ്ടിരിക്കുന്നതെന്നാൽ സവിശേഷ ഗുണത്തിൽ അദ്ദേഹം സമാനതകളില്ലാത്ത ആളാണ്. അദ്ദേഹം(നബി(സ)തിരുമേനി)എല്ലാ സ്ഥലത്തിന്റേയും എല്ലാ കാലത്തിന്റേയും സൂര്യനാണ്. എല്ലാ കറുത്തവന്റേയും വെളുത്തവന്റേയും വഴികാട്ടിയാണ്

**(ബറാഹീനെ അഹ്മദിയ്യ, ഭാഗം 5, റൂഹാനീ ഖസാഇൻ വാല്യം 1)**


പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ①

**ബദ്ർ ആഴ്ചപ്പതിപ്പ് “സീറത്തുന്നബി(സ) സ്പെഷ്ൽ പതിപ്പ്”**

| വിഷയങ്ങൾ | പേജ് നമ്പർ |
|---|---|
| വിഷയവിവരവും പത്രാധിപക്കുറിപ്പും | 2 |
| ഖുത്ബ ജുമുഅ 2023 ജൂൺ 23 | 3 |
| ഹദ്റത്ത് മുഹമ്മദ് മുസ്ത്വഫാ സമാധാനസ്ഥാപകനെന്ന നിലയിൽ | 9 |
| ലോകത്തിന് സ്വാതന്ത്ര്യം നല്കിയ നബി | 13 |
| സീറത്ത് സ്വഹാബ: ഹദ്റത്ത് അബൂബക്കർ(റ), ഹദ്റത്ത് മൗലാനാ നൂറുദ്ദീൻ(റ) | 16 |

# സ്വഹാബത്തിന് നബി(സ)തിരുമേനിയോടുള്ള പ്രേമം

സ്വഹാബത്തിന് നബി(സ)തിരുമേനിയോടുള്ള പ്രേമം അൻസ്വാറിന്റേയും മുഹാജിറിന്റേയുമിടയിൽ സയ്യിദുനാ ഹദ്റത്ത് മുഹമ്മദു മുസ്തഫാ(സ)യുടെ വ്യക്തിത്വം കത്തിക്കൊണ്ടിരിക്കുന്ന വിളക്കിനുചുറ്റും പാറിക്കളിക്കുന്ന ഇയ്യാംപാറ്റകളെ പോലെയായിരുന്നു. സ്വഹാബത്ത് നബി(സ)തിരുമേനിയുടെമേൽ നിറഞ്ഞ ഹൃദയത്തോടെ അനുരക്തരായിരുന്നു. അവിടത്തെ സകല കൽപനകൾക്കും ലബ്ബയ്ക്ക് പറഞ്ഞിരുന്നു. നിഴലെന്നോണം നബി(സ)തിരുമേനിയോടൊപ്പം അവർ നടന്നു. അവിടത്തെ ദൈവദത്തവും ആദരയുക്തവുമായ ഭയവും ഒളിവിതറുന്നതും അനുഗൃഹീതവുമായ മുഖകമലവും കാരണത്താൽ  ചിലർക്ക് കണ്ണു തുറന്ന് നോക്കാൻ കഴിഞ്ഞിരുന്നില്ല. അവർ നബി(സ)തിരുമേനിയോടു ചോദ്യങ്ങൾ ചോദിക്കാൻ മടിച്ചിരുന്നു. ഏതെങ്കിലും ഗ്രാമവാസികൾ വന്ന് ചോദിച്ചാൽ തങ്ങൾക്കും കേൾക്കാമായിരുന്നുവെന്ന് അവർ ആശിച്ചിരുന്നു. നബി(സ)തിരുമേനി അവർക്ക് ദുൻയാവിലെ സകല വസ്തുക്കളെക്കാളും പ്രിയപ്പെട്ടതായിരുന്നു. ഏതവസ്ഥയിലും ആ മഹാത്മാവിൽനിന്ന് അകന്നിരിക്കാനോ അവസരം പാഴാക്കാനോ അവർ ആഗ്രഹിച്ചിരുന്നില്ല. പുരുഷന്മാരും സ്ത്രീകളും വൃദ്ധരും കുട്ടികളും തങ്ങളിൽനിന്ന് നബി(സ)തിരുമേനി അകന്നിരിക്കുന്നത് ഒരിക്കലും ഇഷ്ടപ്പെട്ടിരുന്നില്ല. നബി(സ)തിരുമേനി ഇഹലോകവാസം വെടിഞ്ഞപ്പോൾ സ്വഹാബത്ത് ദുഃഖം സഹിക്കവയ്യാതെ ഭ്രാന്ത് പിടിച്ചവരെപ്പോലെയായിരുന്നു.  ഉമറിനെപ്പോലുള്ള  ധൈര്യശാലികൾപോലും എഴുന്നേറ്റു നിൽക്കാൻ പറ്റാത്ത സ്ഥിതിയിൽ തളർന്നിരുന്നുപോയിരുന്നു. അങ്ങയുടെ വേർപാടിലുണ്ടായ ദുഃഖഭാരം അവർക്ക് താങ്ങാൻ കഴിഞ്ഞിരുന്നില്ല. റസൂലിന്റെ കവിയായിരുന്ന ഹസ്സാൻ ബിൻ ഥാബിത്ത് (റ)ന്റെ ഈ കവിതാശകലം സ്വഹാബത്തിന്റെ അപ്പോഴത്തെ അവസ്ഥകൾ നല്ലവണ്ണം കോറിയിടുന്നു:

***കുൻതസ്സവാദ ലിനാളിരീ ഫഅമിയ അലയ്ക്കന്നാളിറു***
***മൻശാഅ ബഅ്ദക്ക ഫൽയമുത്ത് ഫഅലയ്ക്ക കുൻതു ഉഹാദിറൂ***
*(കൺമണിയായിരുന്നല്ലൊ ഭവാനെന്റെ കൺകളിന്നന്ധമായ് പോയല്ലോ;*
*ആരോമരിച്ചോട്ടെയാരാകിലെന്തിനി എൻപേടിയങ്ങയെതൊട്ടായിരുന്നു!)*

ഹദ്റത്ത് മസീഹ് മൗഊദ്(അ)ഒരിക്കൽ മസ്ജിദ് മുബാറക്കിൽ ഉലാത്തുകയായിരുന്നു. അവിടന്ന്  ഹസ്സാൻ ബിൻ ഥാബിത്ത്(റ)ന്റെ ഈ കവിതാശകലം ചൊല്ലിക്കൊണ്ടിരുന്നു. ഒപ്പം പൊട്ടിപ്പൊട്ടി കരയുകയുമായിരുന്നു. ആരോ ചോദിച്ചപ്പോൾ പറഞ്ഞു:അഹോകഷ്ടം!ഈ വരികൾ എന്റെ നാവിലൂടെ പുറത്തുവന്നിരുന്നെങ്കിൽ!

സ്വഹാബത്തിന് നബി(സ)തിരുമേനിയോടുണ്ടായിരുന്ന അനുരക്തിയുടേയും സ്നേഹത്തിന്റേയും ഒട്ടനവധി സംഭവങ്ങളിൽനിന്ന് കുറച്ചു വരികൾ അനുവാചകരുടെ മുമ്പിൽ സമർപിക്കുകയാണ്.

ഹിജ്റ 4-ാം വർഷം അദ്ൽ, ഖാറ എന്നീ രണ്ട് അറബ് ഗോത്രങ്ങൾ തങ്ങളുടെ പ്രതിനിധികളെ  നബി(സ)തിരുമേനിയുടെ അടുക്കൽ മദീനത്ത് അയക്കുകയും തങ്ങളുടെ ഗോത്രങ്ങളിൽപ്പെട്ട വളരെപ്പേർ ഇസ്ലാമിനോടു അനുഭാവമുള്ളവരായിതീർന്നിട്ടുണ്ടെന്നും തങ്ങളെ മുസ്ലിമാക്കുന്നതിനും ഇസ്ലാമിക പാഠങ്ങൾ പഠിപ്പിക്കുന്നതിനും അങ്ങ് കുറച്ചാളുകളെ തങ്ങളോടൊപ്പം അയക്കണമെന്നും ആവശ്യപ്പെടുകയും ചെയ്തു. നബി(സ)തിരുമേനി ഇതുകേട്ട് സന്തോഷിച്ചു. 10 സ്വഹാബിമാരടങ്ങുന്ന ഒരു സംഘത്തെ അവരോടൊപ്പം അയച്ചു. പക്ഷേ, വാസ്തവത്തിൽ ഇവർ വ്യാജരായിരുന്നുവെന്നും ലിഹ്യാൻ ഗോത്രക്കാരുടെ പ്രേരണയാൽ മദീനയിൽ വന്നതാണെന്നും പിന്നീടാണ് മനസ്സിലായത്. അവർ തങ്ങളുടെ നേതാവായിരുന്ന സുഫിയാൻ ബിൻ ഖാലിദിന്റെ വധത്തിനു പകരം വീട്ടാൻ ഇതു നടപ്പിൽ വരുത്തുകയായിരുന്നു. ഈ തന്ത്രത്തിലൂടെ മുസ്ലിമീങ്ങൾ മദീനയിൽ നിന്നു പുറത്തുവരുമ്പോൾ അവരുടെമേൽ ആക്രമണം നടത്തുക എന്നതായിരുന്നു. അവരുടെ ഉദ്ദേശ്യം വഞ്ചിക്കുകയായിരുന്നുവെന്നാണ്. ലിഹ്യാൻ ഗോത്രം ഈ സേവനത്തിനു പകരമായി അദ്ൽ, ഖാറ ഗോത്രങ്ങളിലെ ആളുകൾക്ക് ധാരാളം ഒട്ടകങ്ങൾ സമ്മാനമായി നിശ്ചയിച്ചിരുന്നു. അദ്ൽ, ഖാറ ഗോത്രങ്ങളിലെ ഈ വഞ്ചകരായ ആളുകൾ അസ്ഫാനും മക്കയ്ക്കുമിടയിലെത്തിയപ്പോൾ അവർ ലിഹ്യാൻ ഗോത്രത്തിന് മുസ്ലമീങ്ങൾ തങ്ങളോടൊപ്പം വരുന്നുണ്ടെന്നും നിങ്ങൾ വരികയെന്നും പറഞ്ഞ് അതീവ രഹസ്യമായി  സന്ദേശം കൊടുത്തു. ഇതനുസരിച്ച് ലിഹ്യാൻ ഗോത്രത്തിന്റെ 200 യുവാക്കൾ, ഇതിൽ 100 പേർ വില്ലാളിവീരന്മാരായിരുന്നു- മുസ്ലിമീങ്ങളെ പിന്തുടർന്നു പുറപ്പെടുകയും റജീഅ് എന്ന സ്ഥലത്തുവച്ച് അവരെ പിടികൂടുകയും ചെയ്തു. സ്വഹാബത്ത് ഒരു കുന്നിൽ കയറുകയും അവരെ നേരിടുകയും ചെയ്തു. പത്തുപേരിൽ ഏഴുപേർ ശഹീദായി. ഖുബയ്ബ് ബിൻ അദിയ്യ്, സയ്ദ് ബിൻ വഥ്ന, അബ്ദുല്ലാഹ് ബിൻ ത്വാരിഖ് എന്നിവരോടു, താഴെ ഇറങ്ങിച്ചെല്ലുന്ന പക്ഷം രക്ഷനൽകാമെന്ന്  കളവുപറഞ്ഞ് കുന്നിൽനിന്ന് താഴെ ഇറക്കി. പക്ഷേ, ഇറങ്ങിയുടനെ അവരെ തടവിലാക്കി. അബ്ദുല്ലാഹ് പോകാൻ വിസമ്മതിച്ചപ്പോൾ വഴിയിൽവെച്ചുതന്നെ അവർ വധിച്ചു. ലിഹ്യാൻ ഗോത്രത്തിന്റെ പകരംവീട്ടൽ പൂർണമായിക്കഴിഞ്ഞിരുന്നു. ഇപ്പോൾ അവർ ഖുറയ്ശികളെ സന്തോഷിപ്പിക്കുന്നതിനുവേണ്ടി അതുപോലെതന്നെ പണത്തിന്റെ അത്യാഗ്രഹത്തിൽ ഖുബയ്ബിനേയും സയ്ദിനേയും കൂട്ടി മക്കയിലേക്ക് പുറപ്പെട്ടു. അവിടെ കൊണ്ടുപോയി അവരെ ഖുറയ്ശികൾക്ക് വിറ്റു. ഖുബയ്ബിനെ ഹാരിഥ് ബിൻ ആമിർ ബിൻ നൗഫലിന്റെ മക്കൾ വാങ്ങി. കാരണം ഖുബയ്ബ് ബദ്ർ യുദ്ധത്തിൽ ഹാരിഥിനെ വധിച്ചിരുന്നു. സയ്ദിനെ സ്വഫ്വാൻ ബിൻ ഉമയ്യ വിലയ്ക്കു വാങ്ങി. ഖുബയ്ബിന്റേയും സയ്ദിന്റേയും ശഹാദത്ത് സംഭവങ്ങൾ അങ്ങേയറ്റം ഈമാൻ ദൃഢീകരിപ്പിക്കുന്നതാണ്. സ്വഫ്വാൻ ബിൻ ഉമയ്യ തന്റെ തടവുകാരൻ സയ്ദ് ബിൻ വഥ്നയേയും കൊണ്ട് ഹറമിന് വെളിയിൽ വന്നു. ഖുറയ്ശീ നേതാക്കളുടെ ഒരു സംഘം അയാളോടൊപ്പമുണ്ടായിരുന്നു. വെളിയിലെത്തിയപ്പോൾ സ്വഫ്വാൻ തന്റെ അടിമയായ നസ്ത്വാസിനോടു സയ്ദിനെ കൊല്ലാൻ കൽപിച്ചു. നസ്ത്വാസ് മുന്നോട്ടു വന്ന് വാളെടുത്തു. ആ സമയത്ത് തമാശ കണ്ടുകൊണ്ടിരുന്നവരിലുണ്ടായിരുന്ന മക്കയുടെ റഈസ് അബൂ സുഫിയാൻ ബിൻ ഹർബ് മുന്നോട്ടുവന്ന് സയ്ദിനോടു പറഞ്ഞു:സത്യം പറയുക, എടോ തന്റെ സ്ഥാനത്ത് മുഹമ്മദാണെങ്കിൽ എന്തുതോന്നും? മുഹമ്മദ് ഞങ്ങളുടെ കൈയിലകപ്പെട്ടിട്ട് നിനക്ക് രക്ഷപ്പെടാമെങ്കിൽ അതിഷ്ടപ്പെടില്ലേ? അഭിമാനവിജ്രംഭിതനായ സയ്ദ് ഉടനുത്തരം നല്കി, ‘അബൂസുഫിയാൻ!എന്തേ പറഞ്ഞത്?ദൈവത്താണ മദീനത്തെ തെരുവിൽവച്ച് നബി(സ)തിരുമേനിയുടെ കാലിനു ഒരു മുള്ളു തറക്കുന്നതിനെക്കാൾ  ഞാനിഷ്ടപ്പെടുക മരിക്കുവാൻ തന്നെയാണ്, തീർച്ച!’ ഇതുകേട്ട അബൂസുഫിയാൻ അനിയന്ത്രിതമായി പറഞ്ഞു:‘ദൈവം സാക്ഷി!മുഹമ്മദിന്റെ സഖാക്കൾ മുഹമ്മദിന്റെ നേരെ പുലർത്തുന്നതുപോലൊരു സ്നേഹാദരം ഭൂമുഖത്ത് ഞാൻ മറ്റെങ്ങും കണ്ടിട്ടില്ല.’ അതിനുശേഷം നസ്ത്വാസ് സയ്ദിനെ ശഹീദാക്കി.(സീറത്തു ഖാത്തമുന്നബിയ്യീൻ പേജ് 513-516)

ഉഹുദിൽ നബി(സ)തിരുമേനി ചരമമടഞ്ഞുവെന്നും മുസ്ലിം സൈന്യം ചിന്നിച്ചിതറിപ്പോയെന്നുമുള്ള ഒരപശ്രുതി സൈന്യത്തിലെ അവശേഷിച്ച വിഭാഗങ്ങൾ മദീനയിൽ തിരിച്ചെത്തുന്നതിനു മുമ്പേതന്നെ അവിടെ പരന്നുകഴിഞ്ഞിരുന്നു. മദീനയിലെ സ്ത്രീകളും കുട്ടികളുമെല്ലാം ഈ വാർത്ത കേട്ടു പരിഭ്രാന്തരായി ഉഹുദിലേയ്ക്ക് നീങ്ങിത്തുടങ്ങി. അവരിൽ പലരും മടങ്ങുന്ന ഭടന്മാരെ വഴിയിൽ കണ്ടു മുട്ടി യാഥാർഥ്യം മനസ്സിലാക്കിയതോടെ മദീനയിലേക്കുതന്നെ തിരിച്ചു പോയി. ബനൂദീനാർ ഗോത്രത്തിൽപെട്ട ഒരു സ്ത്രീരത്നം ഉഹുദിലോളം കിതച്ചെത്തി. യുദ്ധത്തിൽ ആ സ്ത്രീയുടെ ഭർത്താവും പിതാവും സഹോദരനും കൊല്ലപ്പെട്ടു പോയിരുന്നു. ചില നിവേദനങ്ങൾ പ്രകാരം അവരുടെ ഒരു പുത്രനും കൊല്ലപ്പെട്ടിരുന്നു. തിരിച്ചു പോരുകയായിരുന്ന ഒരു ഭടൻ അവരെ കണ്ടപ്പോൾ അവരുടെ പിതാവ് മരണപ്പെട്ട വിവരം അറിയിക്കുകയുകണ്ടായി.

‘എന്റെ പിതാവിന്റെ കാര്യമല്ല അറിയേണ്ടത്, നബി(സ)തിരുമേനിയ്ക്ക് എങ്ങനെ?’ ആ സ്ത്രീ തിരക്കി. നബി(സ)തിരുമേനി ജീവിച്ചിരിക്കുന്നുണ്ടെന്നതിൽ ആശ്വാസം കൊണ്ടിരുന്ന ആ ഭടൻ ചോദ്യത്തിനുടൻ ഉത്തരം നൽകാതെ അവരുടെ ഭർത്താവും സഹോദരനുംകൂടി കൊല്ലപ്പെട്ടിരിക്കുകയാണെന്നറിയിച്ചു. എന്നാൽ, ഓരോ വിവരം പറയുമ്പോഴും ആ മഹിളാമണി ഒരു ഭാവപ്പകർച്ചയും കാണിക്കാതെ വീണ്ടും വീണ്ടും ‘അല്ലാഹുവിന്റെ പ്രവാചകൻ എന്തേ ചെയ്തത്?’ എന്നിങ്ങനെ ചോദിച്ചു കൊണ്ടിരുന്നു! അതൊരു വല്ലാത്ത ഭാവപ്രകടനമായിരുന്നു! എങ്കിലും ഒരു സ്ത്രീയാണിങ്ങനെ ചോദിച്ചതെന്നതു ആശ്ചര്യം തന്നെ. ആ സ്ത്രീയുടെ  വികാരവായ്പ്, മനസ്സിലാക്കാവുന്നതേയുള്ളൂ. മരിച്ചു പോയവരെ, അവർ കേൾക്കു

(ശേഷം പേജ് 19ൽ)

## ഖുത്ബ ജുമുഅ

നിങ്ങൾക്ക് സുവാർത്ത ആയിരിക്കട്ടെ. അല്ലാഹു എനിക്ക് രണ്ടു സംഘങ്ങളിൽ ഒരു സംഘത്തിനുമേൽ വിജയവാഗ്ദാനം നല്കിയിരിക്കുന്നു. അല്ലാഹുവാണ! ശത്രുക്കളുടെ ആളുകൾ വധിക്കപ്പെട്ട് വീണുകൊണ്ടിരിക്കുന്ന സ്ഥലം ഞാൻ കണ്ടുകൊണ്ടിരിക്കുന്നു.

യാ റസൂലല്ലാഹ്! ഇപ്പോൾ അങ്ങയുടെ സത്യസാക്ഷ്യം ഞങ്ങൾക്ക് ബോധ്യമായിരിക്കുന്നു. അങ്ങയുടെ സ്ഥാനം ഞങ്ങൾക്ക് വ്യക്തമായിരിക്കുന്നു. ഇനിയെന്ത് കരാറാണ് ഞങ്ങൾ ചെയ്യേണ്ടത്. മുമ്പിൽ സമുദ്രമാണ്. അങ്ങ് കല്പന നൽകിയാൽ ഞങ്ങൾ അതിൽ ഞങ്ങളുടെ ഒട്ടകത്തെ തള്ളിയിടാൻ തയ്യാറാണ്. യുദ്ധമുണ്ടാകുകയാണെങ്കിൽ അല്ലാഹുവാണ! ഞങ്ങൾ അങ്ങയുടെ ഇടത്തും യുദ്ധം ചെയ്യും വലത്തും യുദ്ധം ചെയ്യും. മുന്നിൽനിന്നും പിന്നിൽനിന്നും യുദ്ധം ചെയ്യും. ഞങ്ങളുടെ മൃതശരീരങ്ങൾ കവച്ചുവെച്ചല്ലാതെ ശത്രു അങ്ങയോളമെത്തുകയില്ല.

ഹാദാ മക്കത്തു ഖദ് അൽഖത്ത് ഇലയ്ക്കും അഫ്ലാദൻ കബിദിഹാ അതായത് മക്ക തങ്ങളുടെ കരളിന്റെ കഷണം നിങ്ങളുടെ മുമ്പിൽ എടുത്തുകൊണ്ടിട്ടിരിക്കുകയാണ്.

യാ റസൂലല്ലാഹ്! ഹദ്റത്ത് അബൂബക്റിനെ ഞങ്ങൾ അങ്ങയുടെ കാവലിന് നിശ്ചയിച്ചിട്ടുണ്ട്. ഏറ്റവും വേഗത്തിലോടുന്ന ഒട്ടകമാണ് അങ്ങയുടെ അടുത്ത് കെട്ടിയിരിക്കുന്നത്. അല്ലാഹു അങ്ങനെയൊന്നും വരുത്താതിരിക്കട്ടെ, ഇനി ഞങ്ങളോരോരുത്തരായി മരിച്ചുവീണ് കൂമ്പാരമായാൽ അല്ലാഹുവിന്റെ റസൂലേ! ഈ ഒട്ടകം ഇവിടെയുണ്ടായിരിക്കും അതിൽ യാത്രചെയ്ത് അങ്ങ് മദീനയിലെത്തുക.

അല്ലാഹുവേ! ഈ ഖുറയ്ശികൾ പൊങ്ങച്ചത്തോടും അഹങ്കാരത്തോടുംകൂടി നീയുമായി യുദ്ധം ചെയ്യാനും നിന്റെ റസൂലിനെ കളവാക്കാനും വന്നിരിക്കുകയാണ്. നീ എന്നോടു സഹായിക്കുമെന്ന് വാഗ്ദാനം ചെയ്തിട്ടുണ്ട്. അത് പൂർത്തിയാക്കിയാലും. ഇന്നുതന്നെ അവരെ നശിപ്പിച്ചാലും.

ബദ്ർ യുദ്ധത്തിലെ തയ്യാറെടുപ്പിന്റെ അവസ്ഥകളും സംഭവങ്ങളും സ്വഹാബത്തിന്റെ നബി(സ)തിരുമേനിയെ അനുസരിക്കലിന്റേയും സ്നേഹിക്കുന്നതിന്റേയും വിവരണം.

റബ്‌വയിലെ ജാമിഅ അഹ്മദിയ്യ മുൻ പ്രിൻസിപ്പാളും ഹിഫ്ള് മദ്രസയുടെ മേൽനോട്ടക്കാരനുമായിരുന്ന ഖാരി മുഹമ്മദ് ആശിഖ് സാഹിബിനേയും ശാമിലെ നൂറുദ്ദീൻ അൽഹുസ്നീ സാഹിബിനേയും കുറിച്ചുള്ള അനുസ്മരണവും ജനാസ ഗാഇബും.

**ഖുത്ബ ജുമുഅ 2023 ജൂൺ 23/1401 ഇഹ്സാൻ 23**
**മസ്ജിദ് മുബാറക് ഇസ്‌ലാമാബാദ്, ടിൽഫോർഡ്, (സർറെ)യു.കെ.**

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ
أَمَّا بَعْدُ فَأَعُوذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيمِ -
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ ○
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

കഴിഞ്ഞ ഖുത്ബയിൽ വിവരിച്ചതുപോലെ, നബി(സ)തിരുമേനി അയച്ച ദൂതന്മാർ തിരിച്ചുവന്ന് ഒരു കച്ചവടസംഘം വരുന്നുണ്ടെന്നുള്ള അറിയിപ്പു നല്കി. ഈ വിവരം കിട്ടിയപ്പോൾ അതായത് ഖുറയ്ശികളുടെ സൈന്യം കച്ചവടസംഘത്തെ രക്ഷിക്കുന്നതിന് വരുന്നുണ്ടെന്നറിഞ്ഞപ്പോൾ നബി(സ) തിരുമേനി സ്വഹാബാക്കളുമായി കൂടിയാലോചിച്ചു. ഖുറയ്ശികളുടെ നിലവിലുള്ള അവസ്ഥയെക്കുറിച്ച് അവരെ അറിയിച്ചു. അപ്പോൾ ഹദ്റത്ത് അബൂബക്ർ(റ)എഴുന്നേറ്റുനിന്ന് വളരെ ഹൃദ്യമായി സംസാരിച്ചു. പിന്നീട് ഹദ്റത്ത് ഉമർ(റ)എഴുന്നേറ്റു. അദ്ദേഹവും വളരെ മനോഹരമായ രീതിയിൽ സംസാരിച്ചു. പിന്നീട് ഹദ്റത്ത് മിഖ്ദാദ് ബിൻ അംറ് എഴുന്നേറ്റു. അദ്ദേഹം പറഞ്ഞു: "യാ റസൂലല്ലാഹ്! അല്ലാഹു എങ്ങോട്ട് പോകാനാണോ അങ്ങയോട് കല്പിച്ചിട്ടുള്ളത് അങ്ങോട്ട് പോകാം. ഞങ്ങൾ അങ്ങയുടെ ഒപ്പമുണ്ട്. അല്ലാഹുവാണ! മൂസാ(അ)യോട് ബനീ ഇസ്റാഈൽ പറഞ്ഞ മറുപടി അതായത് ഫദ്ഹബ് അൻത വ റബ്ബുക്ക ഫഖാത്തിലൻ ഇന്നാ ഹാഹുനാ ഖായിദൂൻ (5:25) നീയും നിന്റെ റബ്ബും പോയി യുദ്ധം ചെയ്യുക. ഞങ്ങൾ ഇവിടെ ഇരിക്കുന്നതാണെന്ന് ഞങ്ങൾ പറയുകയില്ല. പ്രത്യുത ഞങ്ങൾ പറയുന്നത് അങ്ങും അങ്ങയുടെ റബ്ബും പോയി യുദ്ധം ചെയ്യുക. ഞങ്ങളെന്തുതന്നെയായാലും അങ്ങയോടൊപ്പം ചേർന്ന് യുദ്ധം ചെയ്യുന്നതാണ്." "ആരാണോ അങ്ങയെ സത്യവുമായി അയച്ചിട്ടുള്ളത് അവനാണ! അങ്ങ് ഞങ്ങളെ ബരിക്കുൽഗമ്മാദുവരെ കൊണ്ടുപോയാലും ഞങ്ങൾ അങ്ങയോടൊപ്പം വരുന്നതായിരിക്കും." ബരിക്കുൽഗമ്മാദിനെ കുറിച്ച് എഴുതിയിരിക്കുന്നു, ഇത് യമനിലാണ്. ആദരണീയ മക്കയിൽനിന്ന് അഞ്ചുമൻസിലിന്റെ(അതാത് അഞ്ചുദിവസത്തെ യാത്രാ)ദൂരത്താണുള്ളത്. അറബികളുടെ പക്കൽ ഏറ്റവും കൂടുതൽ ദൂരത്തിനും ഇങ്ങനെ പറയും. പിന്നീട് അവർ പറഞ്ഞു: "ഞങ്ങൾ അങ്ങയുടെ കൂടെ ശത്രുക്കളോടു യുദ്ധം ചെയ്തുകൊണ്ട് പോകുന്നതായിരിക്കും. അങ്ങനെ അവിടെ എത്തുന്നതായിരിക്കും." അപ്പോൾ നബി(സ)തിരുമേനി അവരെ നന്മയുടെ വചനംകൊണ്ട് അനുഗ്രഹിച്ചു. അവർക്കുവേണ്ടി ദുആ ചെയ്തു. (അസ്സീറത്തുന്നബ്‌വിയ്യ ലിഇബ്നി ഹിശാം പേജ് 420-421, ദാറുൽ കുതുബുൽ ഇൽമിയ്യ ബെയ്റൂത്ത്, 2001) (ഗസ്‌വത്തുന്നബി(സ), അബുൽകലാം ആസാദ് പേജ് 30, പ്രസാധനം സിറ്റി ബുക്ക് പവാഇന്റ് 2010)

ഒരു എഴുത്തുകാരൻ എഴുതിയിരിക്കുന്നു: ബരിക്കുൽഗമ്മാദ് മക്കയുടെ തെക്ക് ഏകദേശം 430 കിലോമീറ്റർ ദൂരത്തുള്ള പൊതുരാജവീഥിയിൽ നിന്ന് മാറി വളരെ ദൂരത്തുള്ള സ്ഥലമായിരുന്നു. അത് യാത്രാദൂരത്തിന്റേയും ബുദ്ധിമുട്ടിന്റേയും കാരണംകൊണ്ട് ഭാഷാപ്രയോഗമെന്നോണം പറയപ്പെടുന്നു. ഉർദുവിൽ 'കോഹെഖാഫ്'(ഖാഫുമല) എന്ന് പറയുന്നതുപോലെ. അത് ദൂരത്തെയാണ് സൂചിപ്പിക്കുന്നത്. ഉദ്ദേശ്യമിതാണ്, 'അങ്ങ് എത്ര വേണമെങ്കിലും ദൂരത്ത് ഞങ്ങളെ കൊണ്ടുപോകുക. ഞങ്ങൾ അങ്ങയോടൊപ്പമുണ്ടായിരിക്കും.' (ദാഇറയെ മആരിഫ് സീറത്ത് മുഹമ്മദു റസൂലുല്ലാഹ്(സ), വാള്യം 6, പേജ് 34, ബസ്മെ ഇഖ്ബാൽ, ലാഹോർ ഏപ്രിൽ 2022) ഇതുസംബന്ധമായി ഒരു വിശദീകരണവുമുണ്ട്. ചില ചരിത്രകാരന്മാർ ഈ അവസരത്തിൽ ചോദ്യം ഉന്നയിക്കാറുണ്ട്. അതായത് ഹദ്റത്ത് മിഖ്ദാദ്(റ) ആ അവസരത്തിൽ ഓതിയത് സൂറഃമാഇദയിലെ ആയത്താണ്. ഈ സൂറത്ത് പിന്നീട് ഇറങ്ങിയ സൂറത്താണ്. അതുകൊണ്ട് ഈ അവസരത്തിൽ ഈ ആയത്ത് വായിക്കുകയെന്നത് അവസരോചിതമല്ല. പക്ഷേ, പിന്നീട് ഈ വ്യാഖ്യാതാക്കൾ തന്നെ അതിന് വിവിധ അനുമതിയും നല്കുന്നു. ഉദാഹരണത്തിന് അവർ ബനീഇസ്റാഈൽ പറഞ്ഞ ഇക്കാര്യം യഹൂദികളിൽനിന്ന് കേട്ടതാകാം എന്നുള്ളത്. അല്ലെങ്കിൽ പിന്നീടുവന്ന ഏതെങ്കിലും നിവേദകൻ ഈ ആയത്ത് ഉൾക്കൊള്ളിച്ചാകാമെന്നുള്ളത്.എന്തായാലും ഈ ആക്ഷേപം അത്ര പ്രാധാന്യമുൾക്കൊള്ളുന്നതല്ല. കാരണം ജീവചരിത്രഗ്രന്ഥങ്ങളിൽ ധാരാളമായി ഈ ഹദീഥ് വിവരിച്ചിട്ടുണ്ട്. ഇപ്രകാരംതന്നെ ബുഖാരിയുടെ ഒരു ശറഹായ ഫതഹുൽബാരി(ഇബ്നുഹജ്റിന്റെ ശറഹ്) യിൽ എഴുതിയിരിക്കുന്നു: "സൂറത്ത് മാഇദ

പൂർണമായും ഹജ്ജത്തുൽവിദായുടെ അവസരത്തിൽ ഇറങ്ങിയെന്നുള്ള കാര്യം ശരിയല്ല. അതിലെ കുറച്ചു ആയത്തുകൾ വളരെ മുമ്പേ ഇറങ്ങിക്കഴിഞ്ഞതാണ്. ഇവയിൽപെട്ട ഒരു ആയത്താണ് ഹദ്റത്ത് മിഖ്ദാദ്(റ)ബദ്റിന്റെ അവസരത്തിൽ ഓതിയത്. പക്ഷേ, എന്തായാലും യഹൂദികളിൽ നിന്നുതന്നെയാണ് ഇക്കാര്യങ്ങൾ കേട്ടിരുന്നത്. അതും ശരിയാകാവുന്നതാണ്."പിന്നീട് വിവരിച്ചിട്ടുള്ളത്, ഇവർ മൂവരും അതായത് ഹദ്റത്ത് അബൂബക്ർ(റ), ഹദ്റത്ത് ഉമർ(റ), ഹദ്റത്ത് മിഖ്ദാദ്(റ), മുഹാജിരീങ്ങളിൽപെട്ടവരായിരുന്നു. അതുകൊണ്ട് അൻസ്വാറിന്റെ അഭിപ്രായവും അറിയുക എന്നത് നബി(സ)തിരുമേനിയുടെ ആഗ്രഹമായിരുന്നു. (അർറഹീഖുൽ മഖ്ത്തൂം, മൗലാനാ സ്വഫിയുർറഹ്മാൻ മുബാറക്പൂരി, പേജ് 285, അൽമക്തബത്തുസ്സലഫിയ ലാഹോർ) (ഫത്തഹുൽബാരി, വാല്യം 2, പേജ് 201, ഉദ്ധരണി ദാഇറയെ മആരിഫ് സീറത്ത് മുഹമ്മദ് റസൂലുല്ലാഹ്(സ) വാല്യം 6, പേജ് 139, ബസമെ ഇഖ്ബാൽ ലാഹോർ, ഏപ്രിൽ 2022)

അങ്ങനെ നബി(സ)തിരുമേനി പറഞ്ഞു: അല്ലയോ ജനങ്ങളേ! എന്നോട് അഭിപ്രായം പറയുക. നബി(സ)തിരുമേനി ഉദ്ദേശിച്ചത് അൻസ്വാറിനെയായിരുന്നു. ഒരുപക്ഷേ, അതിനൊരു കാരണം ഇതുമൂണ്ടാകും. അതായത് അഖബ ബയ്അത്തിന്റെ നേരത്ത് അവർ പറഞ്ഞിരുന്നു, യാ റസുലല്ലാഹ്! അങ്ങ് ഞങ്ങളുടെ പട്ടണത്തിൽ വരാത്തിടത്തോളം അങ്ങയെ സംരക്ഷിക്കുന്ന ചുമതലയിൽനിന്ന് ഞങ്ങൾ സ്വതന്ത്രരാണ്. പക്ഷേ, അങ്ങ് അവിടെ മദീനയിൽ വന്നുകഴിഞ്ഞാൽ അങ്ങയുടെ ഉത്തരവാദിത്വം ഞങ്ങൾക്കുണ്ടായിരിക്കും. ഏതൊന്നുകൊണ്ട് ഞങ്ങൾ ഞങ്ങളുടെ കുട്ടികളേയും ഞങ്ങളുടെ സ്ത്രീകളേയും സംരക്ഷിക്കുന്നുവോ അതെല്ലാംകൊണ്ട് അങ്ങയേയും സംരക്ഷിക്കുന്നതാണ്. അതുകൊണ്ട് നബി(സ)തിരുമേനിക്ക് ഇങ്ങനെയൊരു ആശങ്കയുണ്ടായിരുന്നു, അതായത് മദീനയുടെമേൽ അപ്രതീക്ഷിതമായി ആക്രമിക്കുന്ന ശത്രുക്കളെ മാത്രമാണോ അൻസ്വാർ നേരിടുക. തങ്ങളുടെ പട്ടണത്തിൽനിന്ന് വെളിയിൽപോയി ശത്രുവിനെ നേരിടൽ നിർബന്ധമല്ലെന്ന് അവർ മനസ്സിലാക്കുന്നുണ്ടാകുമോ? പക്ഷേ, നബി(സ) തിരുമേനി ഇക്കാര്യം പറഞ്ഞപ്പോൾ ഹദ്റത്ത് സഅ്ദ് ബിൻ മുആദ്, നബി(സ) തിരുമേനിയോട് പറഞ്ഞു. അല്ലാഹുവിന്റെ റസൂലേ അങ്ങ് ഞങ്ങളുടെ അഭിപ്രായം ആരായുകയാണെന്ന് മനസ്സിലാകുന്നു. നബി(സ) തിരുമേനി പറഞ്ഞു. തീർച്ചയായും അപ്പോൾ അദ്ദേഹം പറഞ്ഞു. നിസംശയം ഞങ്ങൾ അങ്ങയിൽ വിശ്വസിച്ചിരിക്കുന്നു. അങ്ങയുടെ സത്യം സാക്ഷ്യപ്പെടുത്തിയിരിക്കുന്നു. അങ്ങ് കൊണ്ടുവന്ന ദീൻ സത്യമാണെന്ന് ഞങ്ങൾ സാക്ഷ്യം പറഞ്ഞു. അങ്ങനെ ഞങ്ങൾ അങ്ങയോട് വാഗ്ദാനം ചെയ്യുകയും ഞങ്ങൾ അങ്ങയുടെ കല്പന കേൾക്കുമെന്നും അത് നിറവേറ്റുമെന്നും ഉറച്ച തീരുമാനമെടുക്കുകയും ചെയ്തു. യാ റസൂലല്ലാഹ്! അങ്ങ് എവിടെയാണോ ഉദ്ദേശിക്കുന്നത് അവിടെ ഞങ്ങളെ കൊണ്ടുപോകുക. ഞങ്ങൾ അങ്ങയോടൊപ്പമുണ്ട്. അങ്ങയെ സത്യവുമായി അയച്ചവനെക്കൊണ്ട് സത്യം. അങ്ങ് ഞങ്ങളെ സമുദ്രതീരത്ത് കൊണ്ടുപോകുകയും അങ്ങ് സ്വയം അതിൽ ചാടുകയും ചെയ്താൽ ഞങ്ങളും അങ്ങയോടൊപ്പം സമുദ്രത്തിൽ ചാടുന്നതായിരിക്കും. ഞങ്ങളിൽ ഒരാൾപോലും പിന്നാക്കം പോകുകയില്ല. അങ്ങ് ഞങ്ങളേയും കൂട്ടി ശത്രുവിനെ നേരിടാൻ പോകുകയാണെങ്കിൽ ഞങ്ങളൊരിക്കലും അതിഷ്ടപ്പെടാതിരിക്കുകയില്ല. ഞങ്ങൾ യുദ്ധത്തിൽ ക്ഷമിക്കുന്നവരാണ്. ശത്രുവിനോട് ഏറ്റുമുട്ടുന്ന നേരത്ത് കൂറുകാണിക്കുന്നവരാണ്. അല്ലാഹു ഞങ്ങളിൽനിന്ന് അങ്ങയ്ക്ക് കൺകുളിർമ്മ നല്കുന്ന ശ്ലാഘനീയകർമം കാണിക്കുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു. അതുകൊണ്ട് അല്ലാഹുവിന്റെ അനുഗ്രഹത്തോടെ ഞങ്ങളേയും കൂട്ടി അങ്ങ് പുറപ്പെട്ടാലും.

സ്വഹീഹ് മുസ്ലിമിലെ ഒരു നിവേദനത്തിൽ ഈ വാക്കുകൾ ഹദ്റത്ത് സഅ്ദ് ബിൻ ഉബാദ(റ) നിവേദനം ചെയ്തതായിട്ടാണ് പറയുന്നത്. പക്ഷേ, ഭൂരിഭാഗം നിവേദനങ്ങളുമനുസരിച്ച് ഹദ്റത്ത് സഅ്ദ് ബിൻ ഉബാദ(റ)ബദ്ർ യുദ്ധത്തിൽ പങ്കെടുത്തിരുന്നില്ലെന്നാണുള്ളത്. അതുകൊണ്ട് ചരിത്രകാരന്മാർ അതിനെ താരതമ്യപ്പെടുത്തി പറഞ്ഞിരിക്കുന്നു. അതായത് രണ്ടുതവണ സ്വഹാബാക്കളിൽനിന്ന് അഭിപ്രായമെടുത്തിട്ടുണ്ടാകാം. ആദ്യതവണ മദീനയിൽ നബി(സ)തിരുമേനിക്ക് കച്ചവടസംഘം വരുന്നുമെന്ന വിവരം ലഭിച്ചപ്പോൾ മദീനയിൽ ഹദ്റത്ത് ഉബാദ(റ) ഈ പ്രസംഗം ചെയ്തിട്ടുണ്ടാകാം. രണ്ടാംതവണ അദ്ദേഹം യാത്രയിലായിരുന്നപ്പോൾ കൂടിയാലോചിച്ചിട്ടുണ്ടാകാം. ആ നേരത്തായിരിക്കാം സഅ്ദ് ബിൻ മുആദ് ഇത് സംസാരിച്ചിട്ടുണ്ടാകുക. എന്തായാലും ഇത് ശറഹിൽ വിവിധ വ്യാഖ്യാതാക്കൾ തങ്ങളുടേതനുസരിച്ച് എഴുതിക്കൊണ്ടിരിക്കുന്നു. പക്ഷേ, യാഥാർഥ്യമെന്താണെന്നാൽ സഅ്ദ് ബിൻ മുആദ് (റ) ഇതുപറഞ്ഞു. ഹദ്റത്ത് സഅ്ദിന്റെ ഈ കാര്യം കേട്ട് നബി(സ) തിരുമേനി വളരെ സന്തോഷിച്ചു. അവിടന്ന് പറഞ്ഞു: "യാത്രപുറപ്പെടുക. നിങ്ങൾക്ക് സുവാർത്തയായിരിക്കട്ടെ. അല്ലാഹു എനിക്ക് രണ്ട് സംഘങ്ങളിൽ ഒന്നിന്റെമേൽ വിജയം നല്കുമെന്ന് വാഗ്ദാനം നല്കിയിരിക്കുന്നു. അല്ലാഹുവാണ! ശത്രുവിന്റെ ആളുകൾ വധിക്കപ്പെട്ടു വീണുകൊണ്ടിരിക്കുന്ന ആ സ്ഥലം ഞാനിപ്പോൾ കണ്ടുകൊണ്ടിരിക്കുന്നു." (അസ്സീറത്തുന്നബ്വിയ്യ ലിഇബ്നി ഹിശാം, പേജ് 421, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത് 2001) (ശറഹ് അസ്സുർഖാനീ വാല്യം 2, പേജ് 270 പ്രസാധനം ദാറുൽ കുതുബുൽ ഇൽമിയ്യ ബെയ്റൂത്ത് 1996)

നബി(സ) തിരുമേനിയുടെ ഈ വാക്കുകൾകേട്ട് സ്വഹാബാക്കൾ സന്തോഷിച്ചു. എന്നാൽ, അതിനോടൊപ്പംതന്നെ അവർ അത്ഭുതപ്പെട്ടുകൊണ്ട് പറഞ്ഞു: ഹല്ലാ ദകർത്ത ലനൽഖിതാല ഫനസ്തയിദ് അതായത് യാ റസൂലല്ലാഹ്! അങ്ങയ്ക്ക് ആദ്യമേതന്നെ ഖുറയ്ശികളുടെ സൈന്യത്തെ സംബന്ധിച്ച് വിവരം കിട്ടിയിട്ടുണ്ടായിരുന്നെങ്കിൽ യുദ്ധം നടക്കുമെന്നത് അങ്ങ് ഞങ്ങളോട് മദീനയിൽത്തന്നെ എന്തുകൊണ്ടു പറഞ്ഞില്ല? അങ്ങനെയായിരുന്നെങ്കിൽ ഞങ്ങൾ കുറച്ചൊക്കെ തയ്യാറെടുപ്പ് നടത്തുമായിരുന്നില്ലേ? എന്നാൽ, ഈ വിവരവും അഭിപ്രായവുമുണ്ടായിരുന്നിട്ടും അല്ലാഹുവിൽനിന്ന് ആ രണ്ടു സംഘങ്ങളിൽ ഏതെങ്കിലുമൊന്നിന്റെമേൽ മുസ്ലിമീങ്ങൾക്ക് വിജയം കരസ്ഥമാകുമെന്ന ദൈവികമായ സുവാർത്ത നബി(സ)തിരുമേനിക്കുണ്ടായിട്ടും അതായത് ഇതുവരേയും മുസ്ലിമീങ്ങൾക്ക് വ്യക്തമായ നിലയിൽ അവരുടെ പോരാട്ടം ഏതു സംഘവുമായിട്ടായിരിക്കുമെന്ന് മനസ്സിലായിരുന്നില്ല. അവർ ആ രണ്ടു സംഘങ്ങളിൽ ഏതെങ്കിലുമൊരു സംഘവുമായി പോരാട്ടമുണ്ടാകുമെന്ന സാധ്യതയാണ് മനസ്സിലാക്കിയിരുന്നത്. സ്വാഭാവികമായും ദുർബലസംഘം അതായത് കച്ചവട സംഘവുമായി പോരാടാനാണ് കൂടുതൽ ഇഷ്ടപ്പെട്ടത്.(സീറത്തുഖാത്തമുന്നബിയ്യീൻ ഹദ്റത്ത് മിർസാ ബശീർ അഹ്മദ്(റ)എം.എ. പേജ് 355, 1996 പതിപ്പ്)

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ഇതു സംബന്ധമായി പറഞ്ഞു:"ബദ്ർ യുദ്ധാവസരത്തിൽ മദീനയ്ക്കുവെളിയിൽ യുദ്ധമുണ്ടാകാൻ തുടങ്ങിയപ്പോൾ നബി(സ)തിരുമേനി എല്ലാ സ്വഹാബാക്കളേയും സംഘടിപ്പിച്ചു പറഞ്ഞു:'ജനങ്ങളേ! എന്നോടു നിങ്ങളുടെ അഭിപ്രായം പറയുക. കാരണം കച്ചവട സംഘവുമായി നമ്മുടെ പോരാട്ടം ഉണ്ടാകുകയില്ല. പ്രത്യുത മക്കയിലെ സൈന്യവുമായിട്ടായിരിക്കും പോരാട്ടമുണ്ടാകുകയെന്ന് എനിക്കു മനസ്സിലായിരിക്കുന്നു.' അപ്പോൾ ഒരാൾക്കു പിന്നാലെ മറ്റൊരാളായി മുഹാജിരീങ്ങൾ എഴുന്നേറ്റുനിന്നു. അവർ പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ!അങ്ങ് യുദ്ധം ചെയ്തുകൊള്ളുക. ഞങ്ങൾ അങ്ങയോടൊപ്പമുണ്ട്.' എന്നാൽ, ഓരോ തവണയും തങ്ങളുടെ അഭിപ്രായം പ്രകടിപ്പിച്ചതിനുശേഷം ഏതെങ്കിലും മുഹാജിർ ഇരിക്കുമ്പോൾ അവിടന്ന് പറയുമായിരുന്നു, ജനങ്ങളേ! നിങ്ങളുടെ അഭിപ്രായം പ്രകടിപ്പിക്കുക. ആ മഹാത്മാവിന്റെ മനസ്സിലുണ്ടായിരുന്നത് അൻസ്വാർ എന്തെങ്കിലും അഭിപ്രായം പറയണമെന്നതായിരുന്നു. കാരണം മുഹാജിർ അഭിപ്രായം പറഞ്ഞു കൊണ്ടിരിക്കുകയാണ്. എന്നാൽ, അൻസ്വാർ എന്തുകൊണ്ടാണ് അഭിപ്രായം പ്രകടിപ്പിക്കാതിരുന്നതെന്നാൽ യുദ്ധം ചെയ്യേണ്ടത് മക്കക്കാരുമായിട്ടാണ്. അപ്പോൾ തങ്ങൾ മക്കക്കാരുമായി യുദ്ധം ചെയ്യാൻ തയ്യാറാണെന്ന് പറഞ്ഞാൽ മുഹാജിറുകൾ അതു മോശമായി കാണുമോ? ഇക്കൂട്ടർ തങ്ങളുടെ സഹോദരങ്ങളുടെ തല കൊയ്യാൻ ആഗ്രഹിക്കുന്നുവെന്ന് വിചാരിക്കുമോ എന്ന ആശങ്കയായിരുന്നു അവർക്ക്. എന്നാൽ, നബി(സ)തിരുമേനി ആവർത്തിച്ച് 'ജനങ്ങളേ! എനിക്കു നിങ്ങൾ അഭിപ്രായം തരിക' എന്നു പറഞ്ഞപ്പോൾ ഒരു അൻസ്വാരി എഴുന്നേറ്റുനിന്നു. അദ്ദേഹം പറഞ്ഞു:'യാ റസൂലല്ലാഹ്! അഭിപ്രായം അങ്ങയ്ക്ക് കിട്ടിക്കൊണ്ടിരിക്കുന്നുവല്ലോ? ഒന്നിനു പിറകെ മുഹാജിർ എഴുന്നേല്ക്കുകയും അഭിപ്രായം പറഞ്ഞിരിക്കുകയും യുദ്ധം ചെയ്യണമെന്ന് പറയുകയും ചെയ്യുന്നു. എന്നാൽ, അങ്ങ് വീണ്ടും വീണ്ടും പറയുന്നു, അഭിപ്രായം പറയുകയെന്ന്! ഇതിൽനിന്ന് ഞാൻ മനസ്സിലാക്കുന്നത് അങ്ങ് അൻസ്വാറായ ഞങ്ങളിൽനിന്ന് അഭിപ്രായം പ്രതീക്ഷിക്കുന്നുവെന്നാണ്. നബി(സ)തിരുമേനി പറഞ്ഞു, 'അതു ശരിതന്നെയാണ്.' അദ്ദേഹം പറഞ്ഞു: 'യാ റസൂലല്ലാഹ്!ഞങ്ങൾ മൗനം പാലിച്ചത് നമ്മുടെ മുഹാജിർ സഹോദരന്മാർക്ക് വിഷമമുണ്ടാകുമോ എന്നോർത്തണ്. ഞങ്ങൾ യുദ്ധം ചെയ്യാൻ തയ്യാറാണെന്നു പറഞ്ഞാൽ അവരുടെ മനസ്സിൽ ഇവർ തങ്ങളുടെ സഹോദരങ്ങളേയും ബന്ധുക്കളേയും വധിക്കാൻ അഭിപ്രായം നല്കുന്നുവെന്ന് വിചാരിക്കുമോ എന്നു കരുതിയാണ്.' പിന്നീട് അദ്ദേഹം പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ!അങ്ങയുടെ സൂചന അഖബ ബയ്അത്തിനെ കുറിച്ചാകാം. അതിൽ ഞങ്ങൾ പ്രതിജ്ഞ ചെയ്തിരുന്നു. മദീനയുടെമേൽ ആരെങ്കിലും ആക്രമണം നടത്തിയാൽ ഞങ്ങൾ അങ്ങയോടൊപ്പം നിൽക്കുന്നതായിരിക്കും. എന്നാൽ, മദീനയിൽ നിന്ന് പുറത്തുപോയി യുദ്ധം ചെയ്യേണ്ടിവന്നാൽ ഞങ്ങളിൽ ഒരു നിയന്ത്രണവും ഉണ്ടാകുകയില്ല.' നബി(സ)തിരുമേനി 'അതെ' എന്നു പറഞ്ഞു. ഇതാണ് കാര്യം. അയാൾ പറഞ്ഞു: 'യാ റസൂലല്ലാഹ് ഞങ്ങൾ ആ കരാർ ചെയ്തപ്പോൾ അങ്ങയുടെ അന്തസ്സെന്താണെന്ന് ഞങ്ങൾക്ക് ശരിയായിട്ട് അറിയില്ലായിരുന്നു!'

'യാ റസൂലല്ലാഹ്!ഇപ്പോൾ അങ്ങയുടെ സത്യസാക്ഷ്യം ഞങ്ങൾക്ക് ബോധ്യമായിരിക്കുന്നു. അങ്ങയുടെ സ്ഥാനം ഞങ്ങൾക്ക് വ്യക്തമായിരിക്കുന്നു. ഇനിയെന്ത് കരാറാണ് ഞങ്ങൾ ചെയ്യേണ്ടത്. മുമ്പിൽ സമുദ്രമാണ്. അങ്ങ് കല്പന നൽകിയാൽ ഞങ്ങൾ അതിൽ ഞങ്ങളുടെ ഒട്ടകത്തെ തള്ളിയിടാൻ തയ്യാറാണ്. യുദ്ധമുണ്ടാകുകയാണെങ്കിൽ അല്ലാഹുവാണ! ഞങ്ങൾ അങ്ങയുടെ ഇടത്തും യുദ്ധം ചെയ്യും വലത്തും യുദ്ധം ചെയ്യും. മുന്നിൽ നിന്നും പിന്നിൽനിന്നും യുദ്ധം ചെയ്യും. ഞങ്ങളുടെ മൃതശരീരങ്ങൾ കവച്ചുവെച്ചല്ലാതെ ശത്രു അങ്ങയോളമെത്തുകയില്ല.' (സയ്റെ റൂഹാനി,

നമ്പർ 4, അൻവാറുൽ ഉലൂം വാള്യം 19, പേജ് 532-533)

ഈ അഭിപ്രായപ്രകടനങ്ങൾക്കുശേഷം നബി(സ) തിരുമേനി അവിടെനിന്ന് പുറപ്പെട്ടു. വിവിധ വഴികളിലൂടെ പോയി ബദ്റിനടുത്ത് താവളമടിച്ചു. ബദ്റിനെക്കുറിച്ച് മുമ്പേയും പറഞ്ഞുകഴിഞ്ഞിട്ടുള്ളതാണ്. എങ്കിലും വിവരിക്കാം. മദീനയുടെ തെക്കുപടിഞ്ഞാറായി 150 കിലോമീറ്റർ അകലെയാണ് ഈ സ്ഥലം. അണ്ഡാകൃതിയിലുള്ള അഞ്ചര മൈൽ നീളവും നാലുമൈൽ വീതിയുമുള്ള വിശാലമായൊരു മരുഭൂമി മൈതാനമാണിത്. ഇതിനു ചുറ്റും ഉയർന്ന മലകളാണ്. അതിൽ ധാരാളം കിണറുകളും തോട്ടങ്ങളുമുണ്ടായിരുന്നു. ഇവിടെ പൊതുവെ കച്ചവട സംഘങ്ങൾ താവളമടിച്ചിരുന്നു. ബദ്ർ മൈതാനത്തിന്റെ അടുത്ത് താവളമടിച്ചതിനുശേഷം നബി(സ)തിരുമേനിയും ഹദ്റത്ത് അബൂബക്റും(റ) യാത്രാവാഹനത്തിൽ പുറപ്പെട്ടു. അങ്ങനെ അവർ വൃദ്ധനായ ഒരു അറബിയുടെ അടുത്തെത്തിനിന്നു. ഖുറയ്ശികളെക്കുറിച്ചോ മുഹമ്മദിനെക്കുറിച്ചോ അദ്ദേഹത്തിന്റെ കൂട്ടുകാരെക്കുറിച്ചോ ഒന്നും പറയാതെ ചോദിച്ചു, അങ്ങ് ആരാണ്? വൃദ്ധൻ പറഞ്ഞു: 'ആദ്യം നിങ്ങൾ ഏത് ഗോത്രവുമായി ബന്ധപ്പെട്ടവരാണെന്ന് എന്നോട് പറയുക. പിന്നീട് ഞാൻ എന്റെ കാര്യം പറയാം.' നബി(സ) തിരുമേനി പറഞ്ഞു: 'നിങ്ങൾ ഞങ്ങളോട് നിങ്ങളെക്കുറിച്ച് പറഞ്ഞാൽ ഞങ്ങൾ ഞങ്ങളെക്കുറിച്ചും നിങ്ങളോടു പറയാം.' അയാൾ ചോദിച്ചു: 'ഒന്നിന്റെ പകരമാണോ?' നബി(സ) തിരുമേനി പറഞ്ഞു: 'അതെ!' വൃദ്ധൻ പറഞ്ഞു: 'മുഹമ്മദും അദ്ദേഹത്തിന്റെ സ്വഹാബത്തും ഇന്നയിന്ന ദിവസം പുറപ്പെട്ടിരിക്കുന്നുവെന്ന് എനിക്ക് മനസ്സിലായി. പറഞ്ഞയാൾ എന്നോട് സത്യമാണ് പറഞ്ഞതെങ്കിൽ ഇന്ന് അവർ ഇന്ന സ്ഥലത്തുണ്ടാകും.' അയാൾ ആ സ്ഥലത്തിന്റെ പേരും പറഞ്ഞു. പിന്നീട് പറഞ്ഞു: 'ഖുറയ്ശികൾ ഇന്നയിന്ന ദിവസമാണ് പുറപ്പെട്ടിരിക്കുന്നതെന്നും എനിക്ക് മനസ്സിലായി. പറഞ്ഞയാൾ സത്യമാണ് പറഞ്ഞതെങ്കിൽ അവർ ഇന്ന സ്ഥലത്തുണ്ടാകും.' അയാൾ ഖുറയ്ശികളെത്തിയ സ്ഥലത്തിന്റെ പേരും പറഞ്ഞു. രണ്ടു കാര്യവും അയാൾ ശരിയായിട്ടാണ് പറഞ്ഞത്. പറഞ്ഞു കഴിഞ്ഞപ്പോൾ അയാൾ നിങ്ങളാരിൽനിന്നുള്ളവരാണെന്ന് ചോദിച്ചു. നബി(സ)തിരുമേനി പറഞ്ഞു: 'ഞങ്ങൾ വെള്ളത്തിൽനിന്നുള്ളവരാണ്.' വീണ്ടും നബി(സ)തിരുമേനിയുടെ അടുത്ത് മടങ്ങിവന്നു. അയാൾ ചോദിച്ചു: 'വെള്ളത്തിൽനിന്നോ? എന്താണ് ഉദ്ദേശ്യം? ഇറാഖിന്റെ വെള്ളത്തിൽനിന്നാണോ?' നബി(സ)തിരുമേനിയുടെ ഈ മറുപടി ദ്വൃർഥമായിരുന്നു. ഇതിലും ചരിത്രകാരന്മാർ ചർച്ച നടത്തിയിട്ടുണ്ട്. ഉദ്ധരണികൾ എടുത്തുതരുന്ന നമ്മുടെ ആളുകൾ വിവിധ ചരിത്രകാരന്മാരുടെ ഇതിലുള്ള വിശദീകരണവും സമർപ്പിച്ചിട്ടുണ്ട്. സംക്ഷിപ്തമായി ഇവിടെ പറയാം. ചരിത്രകാരന്മാർ ചോദ്യമുന്നയിച്ചിട്ടുള്ളത് ബാഹ്യമായി നോക്കുമ്പോൾ നബി(സ)തിരുമേനി വാഗ്ദാനമനുസരിച്ച് ശരിയായ മറുപടിയല്ല നൽകിയതെന്ന് തോന്നാം. ഇതിന്റെ മറുപടി എഴുത്തുകാർ നല്കുന്നു. നബി(സ)തിരുമേനി അയാൾക്ക് തെറ്റായ മറുപടിയല്ല നൽകിയത്. അതെ, അവിടന്ന് അതിനുള്ള മറുപടി ദ്വൃർഥമായ രീതിയിലാണ് നൽകിയത്. അത് കളവുമല്ല. ആ ഭയാനകമായ യുദ്ധസാഹചര്യത്തിൽ സ്ഥലത്തെക്കുറിച്ച് വ്യക്തമായി പറഞ്ഞില്ലെന്നത് ശരിതന്നെ. കാരണം നബി(സ)തിരുമേനി ഞങ്ങൾ വെള്ളത്തിൽനിന്നാണെന്ന് പറഞ്ഞത് വിശുദ്ധഖുർആനിന്റെ മാർഗനിർദ്ദേശമായിരുന്നു: 'നാം എല്ലാ വസ്തുക്കളേയും വെള്ളത്തിൽനിന്ന് സൃഷ്ടിച്ചു എന്നത്. ഇതൊരു ചരിത്രകാരൻ എഴുതിയതാണ്; അബൂബക്ർ ജാബിറുൽ ജസായിരിയാണിത്. ഒരാൾ പറയുന്നത് അറബികളുടെ രീതിഇതായിരുന്നു, ആളുകൾ താമസിച്ചിരുന്നിടത്ത് അവിടുത്തെ മേൽവിലാസം വെള്ളം അല്ലെങ്കിൽ അരുവി തുടങ്ങിയവയുടെ പേരെടുത്ത് പറയാറുണ്ടായിരുന്നു. തങ്ങൾ ഇന്ന വെള്ളം അല്ലെങ്കിൽ ഇന്ന പ്രദേശത്തെ വെള്ളവുമായി ബന്ധംവെക്കുന്നവരാണെന്ന്. ഇത് പറയുന്നത് അല്ലാമ ബുർഹാനുദ്ദീൻ ഹൽബിയാണ്. ഇതിലൊരു കാരണം ഇങ്ങനെയുമാകാം. അതായത് നബി(സ) തിരുമേനി ബദ്റിലെ അതേ വെള്ളത്തിൽ അതായത് അരുവിയുടേതുതന്നെയായിരിക്കും പറഞ്ഞിട്ടുണ്ടാകുക. അതിനടുത്തായിരുന്നല്ലോ അവിടന്ന് താമസിച്ചിരുന്നത്. ആ വൃദ്ധൻ പറഞ്ഞതുപോലെ. പക്ഷേ, സൂചിപ്പിച്ചത് ഏത് രീതിയിലാണെന്നാൽ ഇറാഖിന്റെ ദിക്ക് മനസ്സിലാക്കിയിട്ടുണ്ടാകും. ബദ്റിലെ ആ അരുവിയും ഇറാഖിന്റെ ദിക്കും ഒരേ ഭാഗത്തായിരിക്കാം. എന്തായാലും അല്ലാഹുവാണ് നല്ലപോലെ അറിയുന്നവൻ.

പിന്നീട് നബി(സ)തിരുമേനി തിരിച്ച് സ്വഹാബത്തിന്റെ അടുത്തെത്തി. വൈകുന്നേരമായപ്പോൾ അവിടന്ന് ഹദ്റത്ത് അലി(റ), ഹദ്റത്ത് സുബയ്ർ ബിൻ അവ്വാം(റ), സഅ്ദ് ബിൻ അബീ വഖാസ്(റ), എന്നിവരെ മറ്റു ചില സ്വഹാബത്തിന്റെ കൂടെ ബദ്റിലെ അരുവിയിലേക്കയച്ചു; അവർ നബി(സ) തിരുമേനിക്കുവേണ്ടി അവിടുത്തെ വിവരങ്ങൾ കൊണ്ടുവരുന്നതിനു വേണ്ടി. അവരെ ഖുറയ്ശികൾക്കു വേണ്ടി വെള്ളം കൊണ്ടുപോകുന്ന രണ്ട് അടിമ കണ്ടുമുട്ടി. സഹാബിമാർ അവരെ പിടിച്ചുകൊണ്ടുവന്ന് ചോദ്യം ചെയ്തു. നബി(സ) തിരുമേനി നമസ്കരിക്കുമ്പോഴായിരുന്നു ഇത്. അവരിരുവരും പറഞ്ഞു: 'ഖുറയ്ശികൾക്കുവേണ്ടി വെള്ളംകൊണ്ടുപോകുന്നവരാണ് ഞങ്ങൾ. അവർ ഞങ്ങളെ വെള്ളം കോരിക്കൊണ്ടുവരാൻ അയച്ചതാണ്.' സ്വഹാബിമാർ അവർ പറഞ്ഞത് വിശ്വസിച്ചില്ല. അവർ അബൂ സുഫിയാനിന്റെ ജോലിക്കാരായിരിക്കുമെന്ന് വിചാരിച്ചു. അതുകൊണ്ട് സ്വഹാബത്ത് അവരെ മർദിച്ചു. അവരെ ഒരുപാടു ബുദ്ധിമുട്ടിച്ചപ്പോൾ അവർ പറഞ്ഞു, 'ഞങ്ങൾ അബൂ സുഫിയാനിന്റെ ജോലിക്കാരാണ്.' അപ്പോൾ സ്വഹാബത്ത് അവരെ വിട്ടു. നബി(സ)തിരുമേനി സലാം വീട്ടിയപ്പോൾ പറഞ്ഞു:'അവരിരുവരും നിങ്ങളോട് സത്യം പറഞ്ഞപ്പോൾ നിങ്ങളവരെ മർദ്ദിച്ചു. അവർ കളവ് പറഞ്ഞപ്പോൾ നിങ്ങളവരെ വിട്ടയച്ചു. അല്ലാഹുവാണ! അവർ സത്യമാണ് പറഞ്ഞത്. നിസ്സംശയം അവർ ഖുറയ്ശികളുടെ അടിമകളാണ്.' പിന്നീട് അവരിലൊരുവനിലേക്ക് തിരിഞ്ഞുകൊണ്ട് പറഞ്ഞു, ഖുറയ്ശികളെ സംബന്ധിച്ച് എന്നോട് പറയുക. അവരിരുവരും പറഞ്ഞു: 'അല്ലാഹുവാണ! അവർ ഈ കുന്നിന്റെ പിന്നിൽ മറുഭാഗത്തുള്ള താഴ്വാരത്ത് താവളമടിച്ചിരിക്കുകയാണ്.' പിന്നീട് നബി(സ)തിരുമേനി അവരോട് ചോദിച്ചു: അവർ എത്രയാളുകളുണ്ട്? അവർ പറഞ്ഞു: 'ധാരാളമുണ്ട്.' 'എങ്കിലും അവരെത്രയായിരിക്കും?' അവർ പറഞ്ഞു: 'ഞങ്ങൾക്കറിയുകയില്ല.' നബി(സ)തിരുമേനി ചോദിച്ചു: 'അവർ ഭക്ഷണത്തിന് ദിനേന എത്ര ഒട്ടകത്തെയാണ് അറുക്കുന്നത്?' ചില ദിവസം ഒമ്പത് ചില ദിവസം പത്ത് എന്നാണ് അവർ പറഞ്ഞത്. അപ്പോൾ നബി(സ)തിരുമേനി പറഞ്ഞു: 'അവർ 900നും ആയിരത്തിനുമിടയിലുണ്ട്.' ഒട്ടകത്തിന്റെ ഭക്ഷണത്തിൽനിന്ന് അവിടന്ന് കണക്കുകൂട്ടി പറഞ്ഞുകൊടുത്തു. പിന്നീട് നബി(സ) തിരുമേനി അവരോട് ചോദിച്ചു: 'അവരിൽ ഖുറയ്ശി നേതാക്കന്മാരിൽ ആരൊക്കെയാണുള്ളത്? അവർ ഖുറയ്ശികളുടെ പല നേതാക്കളുടെയും പേര് പറഞ്ഞു. അവരിൽ അബൂ ജഹ്ൽ, ഉത്ബ, ശെയ്ബ, ഹക്കീം ബിൻ ഹസാം, ഉമയ്യ ബിൻ ഖലഫ് തുടങ്ങിയവരുണ്ടായിരുന്നു. പിന്നീട് നബി(സ) തിരുമേനി ജനങ്ങളോട് പറഞ്ഞു: 'ഹാദാ മക്കത്തു ഖദ് അൽഖത്ത് ഇലയ്ക്കും അഫ്ലാദൻ കബിദിഹാ അതായത് മക്ക തങ്ങളുടെ കരളിന്റെ കഷണം നിങ്ങളുടെ മുമ്പിൽ എടുത്തുകൊണ്ടിട്ടിരിക്കുകയാണ്.' (അസ്സീറത്തുന്നബ്വിയ്യ, ലി ഇബ്നിഹിശാം, പേജ് 421-422, ദാറുൽ കുതുബുൽ ഇൽമിയ്യ, ബെയറുത്ത് 2001) (അറ്റ്ലസ്, സീറത്തുന്നബ്വി, പേജ് 216, ദാറുസ്സലാം, രിയാള് ഹിജ്റ 1424) (സീറത്ത് ഹബീബ് ദോആലം, അബൂബക്ർ ജാബിർ അൽ ജസാഇറി, ഉർദു മുത്തർറജിം, പേജ് 185, ളിയാഉൽ ഖുർആൻ പബ്ലിക്കേഷൻസ്, ലാഹോർ 2015) (റസ്വാത്തുന്നബി(സ), അല്ലാമാ ബുർഹാനുദ്ദീൻ ഹൽബി, മുത്തർറജിം, പേജ് 81, ദാറുൽ ഇശാഅത്ത്, കറാച്ചി 2001)

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബും ഇതിന് നോട്ടെഴുതിയിട്ടുണ്ട്. 'നബി(സ) തിരുമേനി സ്വഹാബാത്തിനെ സംബോധന ചെയ്തുകൊണ്ട് പറഞ്ഞു: ഹാദാ മക്കത്തു ഖദ് അൽഖത്ത് ഇലയ്ക്കും അഫ്ലാദൻ കബിദിഹാ അതായത് മക്ക തങ്ങളുടെ കരളിന്റെ കഷണം നിങ്ങളുടെ മുമ്പിൽ എടുത്തുകൊണ്ടിട്ടിരിക്കുകയാണ്.' ഇത് അങ്ങേയറ്റം ബുദ്ധിപരവും യുക്തിപരവുമായ വാക്കുകളായിരുന്നു. അത് അവിടത്തെ അനുഗൃഹീത നാവിൽനിന്ന് അനിയന്ത്രിതമായി പുറപ്പെട്ടതാണ്. കാരണം അതായത് ഖുറയ്ശികളുടെ ഇത്രമാത്രം പേരുകേട്ട നേതാക്കന്മാരുടെ വിവരം വന്നതുകൊണ്ട് ദുർബലരായ മുസ്ലിമീങ്ങൾ പേടിച്ചുപോകുന്നതിനു പകരം ഈ വാക്കുകൾ അവരുടെ ചിന്താശക്തിയെ ആ ഭാഗത്തേക്ക് ചായ്ച്ചു. അവർ അവരുടെ ചിന്തയെ ആ ഭാഗത്തേക്ക് മാറ്റി. അതായത് ആ ഖുറയ്ശി നേതാക്കന്മാരെ അല്ലാഹു മുസ്ലിമീങ്ങൾക്ക് വേട്ടയാക്കുന്നതിന് വേണ്ടി അയച്ചതാണെന്ന്. (സീറത്ത് ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് സാഹിബ് സാദാ മിർസാ ബശീർ അഹ്മദ് സാഹിബ് എം.എ. (റ), പേജ് 386, 1996 പതിപ്പ്)

ഇതിനുശേഷം നബി(സ)തിരുമേനി, മുശ്രിക്കീങ്ങളെക്കാൾ മുമ്പേ ബദ്റിലെ അരുവിയിലെത്തുന്നതിനും മുശ്രിക്കീങ്ങളുടെ കൈയിൽ അതിന്റെ നിയന്ത്രണം പോകാതിരിക്കുന്നതിനും തന്റെ സൈന്യത്തെ മുന്നോട്ടു നയിച്ചു. അങ്ങനെ ഇശായുടെ നേരത്ത് അവിടന്ന് ബദ്റിനടുത്തുള്ള അരുവിയിലെത്തി. (അൽറഹീഖുൽ മഖ്ത്തൂം, മൗലാനാ സ്വഫിയുർറഹ്മാൻ മുബാറക്പൂരി, പേജ് 288, അൽമക്ത്തബത്തു സ്സലഫിയ, ലാഹോർ) ആ അവസരത്തിൽ ഹദ്റത്ത് ഹുബാബ് ബിൻ മുൻദിർ(റ) ഒരഭിപ്രായം പറഞ്ഞു. നബി(സ) തിരുമേനി ബദ്റിന്റെ ഏറ്റവും അടുത്തുള്ള അരുവിയുടെ അടുത്ത് താവളമടിച്ചപ്പോൾ ഹുബാബ് ബിൻ മുൻദിർ (റ)ചോദിച്ചു: അല്ലാഹുവന്റെ ദൂതരേ! അങ്ങ് ദൈവകല്പനയനുസരിച്ചാണോ ഈ സ്ഥലത്ത് തങ്ങിയത്. അതായത് ഞങ്ങൾ ഇവിടെനിന്ന് മുന്നോട്ട് പോകാതിരിക്കാൻ. അതോ അങ്ങയുടെ സ്വന്തം തീരുമാനവും യുദ്ധതന്ത്രവുമാണോ? നബി(സ)തിരുമേനി പറഞ്ഞു: 'ഇതൊരു അഭിപ്രായം മാത്രമാണ്. യുദ്ധതന്ത്രവുമാണ്.' അപ്പോൾ ഹുബാബ് പറഞ്ഞു: 'ഈ സ്ഥലം നമുക്ക് പറ്റിയതല്ല. പ്രത്യുത അങ്ങ് ആളുകളെ ഇവിടെനിന്ന് നീക്കുക. ശത്രുവിന്റെ വെള്ളത്തിന്റെ ഏറ്റവുമടുത്തുള്ള സ്ഥലത്ത് തങ്ങുക. അതിനുപുറമെ എത്ര കിണറുകളുണ്ടോ അതെല്ലാം നികത്തുക. നമുക്കുവേണ്ടി ഒരു ഹൗള് തയ്യാറാക്കുക.അതിൽ വെള്ളം നിറയ്ക്കുക. അതിനുശേഷം നമ്മുടെ ശത്രുക്കളുമായി പോരാടുകയാണെങ്കിൽ നമുക്ക് കുടിക്കാൻ വെള്ളം കിട്ടും. ശത്രുവിന് വെള്ളം കിട്ടുകയുമില്ല. നബി(സ) തിരുമേനി പറഞ്ഞു: 'താങ്കളുടെ അഭിപ്രായം വളരെ ശരിയാണ്.' നബി(സ)തിരുമേനി സൈന്യത്തോടൊപ്പം ഖുറയ്ശികളുടെ വെള്ളത്തിന്റെ അടുത്തുവന്ന് താവളമടിച്ചു. അവിടത്തെ കല്പനയാൽ മറ്റു കിണറുകൾ ഉപയോഗശൂന്യമാക്കി. ഏതൊരു കിണ

റുകളുടെ അടുത്താണോ താവളമടിച്ചത് അവിടെ ഒരു ഹൗളുണ്ടാക്കി അതിൽ വെള്ളം നിറച്ചു. ഇത് സീറത്ത് ഇബ്നു ഹിശാമിൽനിന്നുള്ള ഉദ്ധരണിയാണ്. (സീറത്തുഇബ്നു ഹിശാം, പേജ് 424, ദാറുൽ കുതുബുൽ ഇൽമിയ്യ, ബെയയ്റൂത്ത് 2001) സ്ഥലം തിരഞ്ഞെടുത്തതിനുശേഷം നബി(സ) തിരുമേനിക്ക് താമസിക്കുന്നതിനുള്ള സ്ഥലം തയ്യാറാക്കുന്ന ഘട്ടമായിരുന്നു. ഔസ് ഗോത്രത്തിന്റെ തലവനായ സഅ്ദ് ബിൻ മുആദിന്റെ പദ്ധതിയിലൂടെ സ്വഹാബാക്കൾ മൈതാനത്തിന്റെ ഒരു ഭാഗത്ത് നബി(സ)തിരുമേനിക്കുവേണ്ടി ഒരു പന്തൽ തയ്യാറാക്കി. ഹദ്റത്ത് സഅ്ദ് ബിൻ മുആദ്(റ), നബി(സ) തിരുമേനിയോടു പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ! ഞങ്ങൾ അങ്ങയ്ക്കു താമസിക്കാൻ ഒരു പന്തലുണ്ടാക്കട്ടെ.' (സീറത്ത് അൽഹൽബിയ്യ, വാള്യം 2, പേജ് 213, ദാറുൽ കുതുബുൽ ഇൽമിയ്യ, ബെയ്റൂത്ത് 2002)

ഇതുസംബന്ധമായി ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) വിശദീകരിച്ച് എഴുതിയിട്ടുണ്ട്. അത് മുമ്പേയും പറഞ്ഞതാണ്. പക്ഷേ, ഇവിടേയും വിവരിക്കേണ്ടത് നിർബന്ധമാണ്. ഔസ് ഗോത്രത്തിന്റെ തലവനായ സഅ്ദ് ബിൻ മുആദിന്റെ പദ്ധതിയാൽ മൈതാനത്തിന്റെ ഒരു ഭാഗത്ത് നബി(സ) തിരുമേനിക്കുവേണ്ടി ഒരു പന്തൽ തയ്യാറാക്കി. സഅ്ദ്, നബി(സ)തിരുമേനിക്കുവേണ്ടി ഒരു യാത്രാവാഹനം കൂടാരത്തിനടുത്ത് കെട്ടിക്കൊണ്ട് പറഞ്ഞു, 'യാ റസൂലല്ലാഹ്! അങ്ങ് ഈ പന്തലിലിരുന്നാലും. ഞാൻ അല്ലാഹുവിന്റെ നാമത്തിൽ ശത്രുക്കളുമായി പൊരുതിക്കൊള്ളാം. അല്ലാഹു ഞങ്ങൾക്കു വിജയം നൽകണമെന്നാണ് ഞങ്ങളുടെ ആഗ്രഹം. പക്ഷേ, നഊദുബില്ലാഹ് കാര്യങ്ങൾ കൈവിട്ടുപോയാൽ, ഇതല്ലാത്തതെന്തെങ്കിലും സംഭവിച്ചാൽ, ഞങ്ങൾ പരാജയപ്പെട്ടാൽ അങ്ങ് അങ്ങയുടെ യാത്രാവാഹനത്തിൽ കയറി എങ്ങനെയെങ്കിലും മദീനയിലെത്തണം. അവിടെ ഞങ്ങളെക്കാൾ സ്നേഹത്തിന് ഒട്ടും കുറവില്ലാത്ത ഞങ്ങളുടെ സഹോദരങ്ങളുണ്ട്. അവർക്ക് യുദ്ധനടപടി നേരിടേണ്ടി വരുമെന്നുള്ള അറിവില്ലാത്തതുകൊണ്ടാണ് ഞങ്ങളോടൊപ്പം വരാതിരുന്നത്. അവരൊരിക്കലും പിന്നിൽനിൽക്കുന്നവരല്ല. അവർക്ക് അവസ്ഥകളെക്കുറിച്ച് അറിവ് ലഭിച്ചിരുന്നെങ്കിൽ അങ്ങയെ സംരക്ഷിക്കാൻ ജീവൻ വെടിയാനും മടികാണിക്കില്ല. സഅ്ദിന്റെ ആത്മാർഥതാവേശം ഇതായിരുന്നു. അത് ഏത വസ്ഥയിലും പ്രശംസാർഹമാണ്. ഇല്ലെങ്കിൽ അല്ലാഹുവിന്റെ റസൂൽ യുദ്ധരംഗത്തുനിന്ന് ഓടിമറയുമോ? അതെങ്ങനെയുണ്ടാകാനാണ്? ഹുനയ്നിലെ യുദ്ധമൈതാനത്ത് നമ്മൾ കണ്ടതാണ്. പന്ത്രണ്ടായിരം ആളുകളടങ്ങുന്ന സൈന്യം പിന്തിരിഞ്ഞോടി. എന്നാൽ, ഈ തൗഹീദിന്റെ കേന്ദ്രബിന്ദു അതായത് നബി(സ) തിരുമേനി തന്റെ സ്ഥലത്തുനിന്ന് ഇളകിയില്ല. എന്തായാലും പന്തൽ തയ്യാറാക്കപ്പെട്ടു. സഅ്ദും മറ്റു ചില അൻസ്വാറും അതിനുചുറ്റും കാവൽനിന്നു. നബി(സ) തിരുമേനിയും ഹദ്റത്ത് അബൂബക്റും ആ പന്തലിൽ രാത്രി കഴിച്ചു. ഒരു നിവേദനത്തിൽ ഇങ്ങനെയുമുണ്ട്. ഹദ്റത്ത് അബൂബക്ർ(റ) പന്തലിൽ ഊരിപിടിച്ച വാളുമായി നബി(സ) തിരുമേനിയുടെ അടുത്ത് കാവൽനിന്നു. നബി(സ)തിരുമേനി രാത്രി മുഴുവൻ അല്ലാഹുവിന്റെ തിരുസന്നിധിയിൽ കരഞ്ഞുകരഞ്ഞ് ദുആ ചെയ്തുകൊണ്ടിരുന്നു. എഴുതിയിരിക്കുന്നു: മുഴുവൻ സൈന്യത്തിലും നബി(സ)തിരുമേനി മാത്രമായിരുന്നു ഉണർന്നിരുന്നത്. ബാക്കി എല്ലാവരും ഊഴംവെച്ച് ഉറങ്ങിയിരുന്നു. (സീറത്ത് ഖാത്തമുന്ന ബിയ്യീൻ ഹദ്റത്ത് മിർസാ ബശീർ അഹ്മദ്(റ), പേജ് 387, 1996 പതിപ്പ്) (സുബുലുൽ ഖുദാ വാള്യം 11, പേജ് 398, ദാറുൽ കുതുബുൽ ഇൽമിയ്യ ബെയ്റൂത്ത് 1993)

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഇതുസംബന്ധമായി പറയുന്നു: ബദ്ർ മൈതാനത്തെത്തിയപ്പോൾ സ്വഹാബാക്കൾ ഒരു ഉയർന്ന സ്ഥലമുണ്ടാക്കി, നബി(സ)തിരുമേനിയെ അവിടെ ഇരുത്തി. പിന്നീട് അവർ പരസ്പരം കൂടിയാലോചിച്ച് ഏറ്റവും വേഗത്തിലോടുന്ന ഒട്ടകം ആരുടെ കൈയിലാണെന്ന് അന്വേഷിച്ചു. തിരഞ്ഞുപിടിച്ച് നബി(സ) തിരുമേനിയുടെ അടുത്തുകൊണ്ടുവന്ന് കെട്ടി. നബി(സ)തിരുമേനി അതിനെ നോക്കിച്ചോദിച്ചു: ഇതെന്താണ്? അവർ പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ! നമ്മൾ കുറച്ചും ശത്രുക്കൾ വളരെ അധികവുമാണ്. ഞങ്ങളെല്ലാവരും ഇവിടെ മരിച്ചുവീണാൽ ഞങ്ങൾക്ക് അതിനെ കുറിച്ചൊരു ദുഃഖവുമില്ല. അല്ലാഹുവിന്റെ റസൂലേ, ഞങ്ങൾക്ക് അങ്ങയെകുറിച്ചുള്ള ചിന്തയാണ്. അങ്ങയ്ക്ക് ഒരു ബുദ്ധിമുട്ടും ഉണ്ടാകരുത്. ഞങ്ങൾ മരണപ്പെട്ടാൽ ഇസ്‌ലാമിന് ഒരു നഷ്ടവുമുണ്ടാകുകയില്ല. പക്ഷേ, അങ്ങയോട് ബന്ധപെട്ടാണ് ഇസ്‌ലാമിന്റെ ജീവൻ കിടക്കുന്നത്. അതുകൊണ്ട് അങ്ങയുടെ സുരക്ഷിതത്വത്തിനുള്ള ഏർപ്പാട് ചെയ്യേണ്ടത് ഞങ്ങളുടെ ബാധ്യതയാണ്.

'യാ റസൂലല്ലാഹ്! ഹദ്റത്ത് അബൂബക്റിനെ ഞങ്ങൾ അങ്ങയുടെ കാവലിന് നിശ്ചയിച്ചിട്ടുണ്ട്. ഏറ്റവും വേഗത്തിലോടുന്ന ഒട്ടകമാണ് അങ്ങയുടെ അടുത്ത് കെട്ടിയിരിക്കുന്നത്. അല്ലാഹു അങ്ങനെയൊന്നും വരുത്താതിരിക്കട്ടെ, ഇനി ഞങ്ങളോരോരുത്തരായി മരിച്ചുവീണ് കുമ്പാരമായാൽ അല്ലാഹുവിന്റെ റസൂലേ! ഈ ഒട്ടകം ഇവിടെയുണ്ടായിരിക്കും അതിൽ യാത്രചെയ്ത് അങ്ങ് മദീനയിലെത്തുക.'

'അവിടെ ഞങ്ങളുടെ കുറേ സഹോദരങ്ങളുണ്ട്. യുദ്ധമുണ്ടാകുമെന്ന് അറിയാത്തതുകൊണ്ടാണ് അവർ ഞങ്ങളോടൊപ്പം വരാതിരുന്നത്. അറിഞ്ഞിരുന്നെങ്കിൽ അവരും ഞങ്ങളോടൊപ്പമുണ്ടാകുമായിരുന്നു. അങ്ങ് അവരോടൊപ്പമെത്തുക. അവർ അങ്ങയെ സംരക്ഷിക്കുന്നതാണ്. ശത്രുവിന്റെ ദ്രോഹങ്ങളിൽനിന്ന് അങ്ങയെ കാത്തുസൂക്ഷിക്കുന്നതാണ്. (ബാനിയെ സിൽസില അഹ്മദിയ്യ, കോയി നയാ ദീൻ നഹി ലായെ, അൻവാറുൽ ഉലൂം വാള്യം 15, പേജ് 244-245) പക്ഷേ, എന്തായാലും നബി(സ)തിരുമേനി അവർ പറഞ്ഞതൊന്നും അംഗീകരിച്ചില്ല. അംഗീകരിക്കാൻ സാധ്യവുമല്ലായിരുന്നു. അത് സ്വഹാബാക്കളുടെ ഒരു വികാരപ്രകടനമായിരുന്നു. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ഇത് സംബന്ധമായി വീണ്ടും പറയുന്നു: ഹദ്റത്ത് അലി(റ) ഒരിക്കൽ പറഞ്ഞു: സ്വഹാബാക്കളിൽ ഏറ്റവും വലിയ ധീരനും വീരനും ഹദ്റത്ത് അബൂബക്ർ(റ) ആയിരുന്നു. പിന്നീട് അദ്ദേഹം പറഞ്ഞു. ബദ്ർ യുദ്ധത്തിൽ നബി(സ) തിരുമേനിക്കുവേണ്ടി ഒരു പ്രത്യേക പന്തലുണ്ടാക്കി. അപ്പോൾ നബി(സ)തിരുമേനിയുടെ സംരക്ഷണചുമതല ആരെ ഏൽപിക്കുമെന്ന ചോദ്യമുയർന്നു. ഉടനെ ഹദ്റത്ത് അബൂബക്ർ(റ)ഊരിപ്പിടിച്ച വാളുമായി എഴുന്നേറ്റുനിന്നു. അദ്ദേഹം അങ്ങേയറ്റം അപകടംനിറഞ്ഞ അവസരത്തിൽ ധീരതയോടെ സംരക്ഷണച്ചുമതല വഹിച്ചു. (തഫ്സീർ കബീർ വാള്യം 7, പേജ് 364-365)

രാവിലെ ഖുറയ്ശികൾ തങ്ങളുടെ സ്ഥലത്തുനിന്ന് മുമ്പോട്ടുനീങ്ങി. നബി(സ) തിരുമേനി അവരെ കണ്ടപ്പോൾ പറഞ്ഞു: 'അല്ലാഹുവേ! ഈ ഖുറയ്ശികൾ പൊങ്ങച്ചത്തോടും അഹങ്കാരത്തോടുംകൂടി നീയുമായി യുദ്ധം ചെയ്യാനും നിന്റെ റസൂലിനെ കളവാക്കാനും വന്നിരിക്കുകയാണ്. നീ എന്നോടു സഹായിക്കുമെന്ന് വാഗ്ദാനം ചെയ്തിട്ടുണ്ട്. അത് പൂർത്തിയാക്കിയാലും. ഇന്നുതന്നെ അവരെ നശിപ്പിച്ചാലും.'

നബി(സ)തിരുമേനി അന്യാരാധകരിൽ ഉത്ബബിൻ റബീഅ ഒരു ചെമന്ന ഒട്ടകപ്പുറത്ത് യാത്ര ചെയ്യുന്നതു കണ്ടു. അവിടന്ന് പറഞ്ഞു: 'അവരിലാരുടെയെങ്കിലും കൈയിൽ നന്മയുണ്ടെങ്കിൽ അത് ഈ ചെമന്ന ഒട്ടകക്കാരന്റെ കൈയിലാണ്. അവർ ഇയാൾ പറയുന്നത് കേൾക്കുകയാണെങ്കിൽ നേരായ വഴിയിൽ വരുന്നതായിരിക്കും.'

അവിശ്വാസികൾ നബി(സ)തിരുമേനിയുടെ ഹൗളിൽനിന്ന് വെള്ളം കുടിക്കുന്ന സംഭവവും ലഭിക്കുന്നുണ്ട്. മുസ്‌ലിമീങ്ങളുടെ നിയന്ത്രണത്തിലായിരുന്നിട്ടും ഇക്കൂട്ടർ, ഖുറയ്ശികൾ ബദ്ർ മൈതാനത്ത് ഇറങ്ങിയപ്പോൾ അവരിൽ ഒരു സംഘം നബി(സ) തിരുമേനിയുടെ ഹൗളിൽ വന്ന് വെള്ളം കുടിക്കാൻ തുടങ്ങി. അവരിൽ ഹക്കീം ബിൻ ഹസ്സാമും ഉണ്ടായിരുന്നു. നബി(സ) തിരുമേനി പറഞ്ഞു: 'അവരെ വെള്ളം കുടിക്കാൻ അനുവദിക്കുക.' ആ ദിവസം അവരിൽ ആരെല്ലാമാണോ ഹൗളിൽനിന്ന് വെള്ളം കുടിച്ചത് അവരെല്ലാവരും വധിക്കപ്പെട്ടു; ഹക്കീം ബിൻ ഹസ്സാം ഒഴികെ. അദ്ദേഹം പിന്നീട് മുസ്‌ലിമായി. അദ്ദേഹവും സത്യം ചെയ്തിരുന്നു, ഇങ്ങനെ പറയുകയും ചെയ്തിരുന്നു, 'ആരാണോ എനിക്ക് ബദ്ർ യുദ്ധദിവസം മോക്ഷം നല്കിയത് ആ സത്തയെകൊണ്ട് സത്യം.' (സീറത്തുഇബ്നു ഹിശാം പേജ് 424, ദാറുൽ കുതുബുൽ ഇൽമിയ്യ, ബെയ്റുത്ത്, 2001) യുദ്ധത്തിനുവേണ്ടി അണികൾ ശരിയാക്കുന്നിനെ സംബന്ധിച്ച് എഴുതിയിരിക്കുന്നു. സുബ്ഹിയുടെ നേരത്ത് ഖുറയ്ശികൾ വരുന്നതിനുമുമ്പേ നബി(സ) തിരുമേനി സ്വഹാബത്തിന്റെ അണികൾ ശരിയാക്കി. നബി(സ) തിരുമേനി അമ്പുകൊണ്ട് അണികൾ ശരിയാക്കുകയായിരുന്നു. അതുകൊണ്ട് ആംഗ്യം കാണിച്ച് മുന്നോട്ട് നിൽക്കുക, പിന്നോട്ട് നിൽക്കുക എന്നു സൂചന നല്കി അണികൾ നേരെയാക്കി. നബി(സ) തിരുമേനി ഹദ്റത്ത് മുസ്അബ് ബിൻ ഉമയ്റിന് കൊടി കൊടുത്തു. അത് അദ്ദേഹം നബി(സ) തിരുമേനി പറഞ്ഞ സ്ഥലത്ത് നാട്ടി. നബി(സ)തിരുമേനി അണികൾ പരിശോധിക്കാൻ തുടങ്ങി. അവിടന്ന് പടിഞ്ഞാറോട്ട് തിരിഞ്ഞുനിൽക്കുകയായിരുന്നു. (സുബുലുൽ ഹുദാ, വർറശാദ് ദിക്റുൽ ഗസ്‌വത്തുബദ്റുൽ ഖുബ്റ, വാള്യം 4, പേജ് 33, ദാറുൽ കുതുബുൽ ഇൽമിയ്യ, ബെയ്റൂത്ത് 1993)

ഈ സമയത്തെല്ലാം നബി(സ) തിരുമേനി അണികൾ ശരിയാക്കുകയായിരുന്നു. അത്ഭുതകരമായ ഒരു സംഭവത്തെക്കുറിച്ച് വിവരം ലഭിക്കുന്നുണ്ട്. അത് ഹദ്റത്ത് സവാദ് ബിൻ ഗസിയ്യായുടേതാണ്. ഇതിൽനിന്ന് നബി(സ)തിരുമേനിയോടുള്ള സ്നേഹത്തിന്റെ പ്രകടനം വ്യക്തമാകുന്നു. എഴുതിയിരിക്കുന്നു: 'ബദ്ർ യുദ്ധത്തിൽ അണികൾ നേരെയാക്കുമ്പോൾ നബി(സ)തിരുമേനി സവാദ് ബിൻ ഗസിയ്യയുടെ അടുത്തുകൂടെ പോയി. അദ്ദേഹം അപ്പോൾ അണിയിൽനിന്ന് വിട്ടുനിൽക്കുകയായിരുന്നു. നബി(സ) തിരുമേനി അദ്ദേഹത്തിന്റെ വയറ്റിൽ അമ്പുകൊണ്ട് മെല്ലെ കുത്തി. എന്നിട്ട് പറഞ്ഞു സവാദേ നേരെ നിൽക്കുക. സവാദ് പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ അങ്ങ് എന്നെ ബുദ്ധിമുട്ടിച്ചിരിക്കുന്നു അങ്ങയെ അല്ലാഹു നീതിയോടും ന്യായത്തോടുംകൂടിയാണ് അയച്ചിരിക്കുന്നു. എന്റെ വയറ്റിൽ അങ്ങ് അമ്പുകൊണ്ട് കുത്തിയതിനു എനിക്ക് അങ്ങയോട് പകരം വീട്ടണം.' നബി(സ) തിരുമേനി തന്റെ വയറുഭാഗത്തുനിന്ന് വസ്ത്രം മാറ്റി. പകരം വീട്ടിക്കൊള്ളാൻ പറഞ്ഞു. ഹദ്റത്ത് സവാദ് നബി(സ)തിരുമേനിയെ കെട്ടിപുണർന്നു. ആ ശരീരത്തിൽ തുരുതുരാ മുത്താൻ തുടങ്ങി. നബി(സ) തിരുമേനി ചോദിച്ചു. സവാദേ നീ എന്തിനാണ് ഇങ്ങനെ ചെയ്യുന്നത്? സവാദ് പറഞ്ഞു: 'അങ്ങ് എല്ലാം കണ്ടുകൊണ്ടിരിക്കുന്നു. ഇത് എന്ത് സമയമാണെന്ന്! ഇപ്പോൾ യുദ്ധത്തിന്റെ നേരമാണ്. ഞാൻ ജീവനോടെ ഇരിക്കുമോ എന്നറിയില്ല. ഞാൻ ആഗ്രഹിച്ചത് അങ്ങയോടൊ

പ്പമുള്ള എന്റെ അവസാന നിമിഷം ഇങ്ങനെയാകണമെന്നാണ്. എന്റെ ശരീരം അങ്ങയുടെ പരിശുദ്ധ ശരീരവുമായി ഉരസണം.' നബി(സ) തിരുമേനി അദ്ദേഹത്തിനുവേണ്ടി പ്രാർഥിച്ചു. നന്മകൾ നേർന്നു. (അസ്സീറത്തുൽ ഹൽബിയ്യ, ബാബു ദിക്റു മഗാസിയ്യ(സ), വാള്യം 2, പേജ് 220-221, ദാറുൽ കുതുബുൽ ഇൽമിയ്യ, ബെയ്റൂത്ത് 2002) ഇതായിരുന്നു സ്നേഹത്തിന്റെയും അനുരക്തിയുടെയും ദൃശ്യങ്ങൾ. ബാക്കി ഇൻശാഅല്ലാഹ് പിന്നീട് വിവരിക്കുന്നതായിരിക്കും.

ഈ നേരത്ത് കുറച്ച് പരേതാത്മാക്കളെ അനുസ്മരിക്കാൻ ആഗ്രഹിക്കുന്നു. അവരിലൊരാൾ ബഹുമാന്യരായ ഖാരി മുഹമ്മദ് ആശിക്ക് സാഹിബാണ്. അദ്ദേഹം ജാമിയ്യ അഹ്മദിയ്യ ഉസ്താദായിരുന്നു. ഹിഫ്ള് മദ്രസയുടെ മേൽനോട്ടക്കാരനും പ്രിൻസിപ്പാളുമായിരുന്നു. അദ്ദേഹം കഴിഞ്ഞ ദിവസം 85-ാം വയസ്സിൽ വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. ദൈവാനുഗ്രഹത്താൽ ഇദ്ദേഹം മൂസിയായിരുന്നു. ഖാരി ആശിഖ് സാഹിബിന് വിശുദ്ധഖുർആൻ മനഃപാഠമാക്കുന്നതിനും ഖുർആനിക നിയമങ്ങൾ പഠിച്ചതിനുംശേഷം അഹ്മദിയ്യത്ത് സ്വീകരിക്കുന്നതിനുമുമ്പേ പാക്കിസ്താനിലെ വിവിധ സ്ഥലങ്ങളിൽ അഹ്‌ലെ ഹദീഥിന്റെ മദ്രസകളിൽ ദർസുകൊടുക്കാനുള്ള അവസരം കിട്ടി. അദ്ദേഹം ബയ്അത്ത് ചെയ്തിരുന്നു. ഖാരി ആശിഖ് സാഹിബ് ബയ്അത്ത് ചെയ്യുന്നതിനുമുമ്പേ അഹ്‌ലെ ഹദീഥുകാരുമായി ബന്ധം വെച്ചിരുന്നു. ഖാരി സാഹിബ് തന്നെക്കുറിച്ച് ഒരു പുസ്തകം എഴുതിച്ചിരുന്നു. അതിൽ വിവരിക്കുന്നു: 1957ലെ സംഭവമാണ്. ഞാൻ കറാച്ചിയിലായിരുന്നപ്പോൾ അവിടുത്തെ ചില വിദ്യാസമ്പന്നരായ സുഹൃത്തുക്കളുമായി കഴിഞ്ഞിരുന്നു. ഞാൻ മിക്കപ്പോഴും അവരുടെ അടുത്ത് പോകാറുണ്ടായിരുന്നു. അവിടെ പത്രങ്ങൾ വായിക്കുകയും കുറച്ച് ആലിമീങ്ങളോടൊപ്പം മജ്‌ലിസുകളിൽ ഇരിക്കുകയും ചെയ്തിരുന്നു. ഒരു ദിവസം ഞാൻ അവിടെ ഇരുന്ന് പത്രം നോക്കുകയായിരുന്നു. ഒരു സ്നേഹിതൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥം അടുത്തിരുന്ന് വായിക്കുന്നു. അദ്ദേഹം സ്വയമേവ പറഞ്ഞു: 'ഇതൊരു അത്ഭുതമാണ്!'ഞാൻ ചോദിച്ചു, 'എന്താണത്ഭുതം?' അദ്ദേഹം പറഞ്ഞു:'നമ്മുടെ ഉലമാ വിവിധ ആയത്തുകൾ കാലഹരണപ്പെട്ടിട്ടുണ്ടെന്ന് വിശ്വസിക്കുന്നവരാണ്. പക്ഷേ, വിശുദ്ധഖുർആനിലെ ചെറിയൊരു അംശംപോലും കാലഹരണപ്പെട്ടിട്ടില്ലെന്ന് മിർസാ ഗുലാം അഹ്മദ് സാഹിബ് ഖാദിയാനി പറയുന്നു. ഖാരി സാഹിബ് പറയുകയാണ്, എനിക്ക് ഇക്കാര്യത്തിൽ സംശയമുണ്ടായി. ഇതിനെ കുറിച്ച് ഗവേഷണം നടത്താമെന്ന് ഞാൻ ചിന്തിച്ചു. ഇത് സത്യമാണോ കളവാണോ? പിന്നീട് അദ്ദേഹം എഴുതിച്ചു: ഒരു ദിവസം ഞാൻ അഹ്മദിയ്യത്തിനെ കുറിച്ച് അറിവ് കരസ്ഥമാക്കുന്നതിന് കറാച്ചിയിലെ അഹ്മദിയ്യാ ഹാളിൽ നമസ്കാരത്തിനുശേഷം പോയി. ഒരു അഹ്മദിയുമായി കൂടിക്കാഴ്ച നടന്നു. ഞാനവരോട് പറഞ്ഞു: 'അഭിപ്രായവ്യത്യാസമുള്ള കാര്യങ്ങളെ സംബന്ധിച്ച് കുറച്ച് അറിയാൻ ആഗ്രഹിക്കുന്നു. ഇതുസംബന്ധമായി എന്നെ സഹായിക്കുകയും വഴികാട്ടുകയും ചെയ്താലും.' അവിടെ ഇരുന്ന ഒരു സ്നേഹിതൻ എന്നെ അഹ്മദിയ്യാ ഹാളിൽനിന്ന് തന്റെ വീട്ടിൽ കൊണ്ടുപോയി. കുറച്ച് ഗ്രന്ഥങ്ങൾ എനിക്ക് വായിക്കാൻ തന്നു. ഞാൻ ആ ഗ്രന്ഥങ്ങൾ വായിക്കുകയും നമ്മുടെ അറിവുള്ള മൗലവിമാരിൽ ഒരു സാഹിബിനെ കാണിക്കുകയും ചെയ്തു. ഇത് യഥാർഥ ഇസ്‌ലാമാണെന്ന് പറഞ്ഞു. അപ്പോൾ മൗലവി സാഹിബ് പറഞ്ഞു: 'നിങ്ങൾ മാന്യനായ വ്യക്തിയാണ്. നിങ്ങൾക്കറിയില്ല ഇതെന്താണെന്ന്. ഞാൻ നിങ്ങൾക്ക് പറഞ്ഞുതരാം. മിർസാ സാഹിബിന്റെ ചെറിയ ഗ്രന്ഥങ്ങളിൽ അദ്ദേഹത്തിന്റെ വിശ്വാസങ്ങൾ പറഞ്ഞിട്ടുണ്ട്. അത് ഇസ്‌ലാമിന്റെ വിശ്വാസങ്ങളനുസരിച്ചുള്ളതാണ്. ആ ഗ്രന്ഥങ്ങൾ അദ്ദേഹം തന്റെ ആരംഭകാലത്ത് എഴുതിയതാണ്. പക്ഷേ, പിന്നീടെഴുതിയ വലിയ ഗ്രന്ഥങ്ങളിൽ മിർസാ സാഹിബിന്റെ വ്യാജമായ ചിന്താഗതികളും വിശ്വാസാദർശങ്ങളുമാണ് എഴുതിയിട്ടുള്ളത്.' വാസ്തവത്തിൽ ആദ്യകാലത്തെഴുതിയ ഒരു ഗ്രന്ഥമാണ് ബറാഹീനെ അഹ്മദിയ്യ. അതുതന്നെയാണ് യഥാർഥ ഇസ്‌ലാം. പിന്നീട് വേറെയും ഒരുപാട് ഗ്രന്ഥങ്ങളുണ്ട്. എന്തായാലും അദ്ദേഹത്തിന്റെ ബന്ധം അതിനുശേഷം നിലനിന്നു. ഖാരിസാഹിബ് വീണ്ടും അവിടേക്കുപോയി. അദ്ദേഹം പറഞ്ഞു: 'ഏതെങ്കിലും വിലയ ഗ്രന്ഥങ്ങൾ തരിക.' അപ്പോൾ ആ സ്നേഹിതൻ വലിയ ഗ്രന്ഥങ്ങൾ കൊടുക്കുന്നതിൽ ഒഴികഴിവ് പറഞ്ഞു. വാസ്തവത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങളിൽ ഒരു വൈരുദ്ധ്യവുമില്ല. അത് ആദ്യകാലത്തെ ഗ്രന്ഥങ്ങളാകട്ടെ അല്ലെങ്കിൽ പിന്നീട് എഴുതിയതാവട്ടെ. ആ അഹ്മദിയുടെ യുക്തി എന്തായിരുന്നു? എന്താണ് ഗ്രന്ഥങ്ങൾ നൽകാതിരുന്നത്? അല്ലാഹുവാണ് ഏറ്റവും നന്നായി അറിയുന്നവൻ. പക്ഷേ, അതിനുശേഷം പിന്നീട് അയാളുമായിട്ടുള്ള ബന്ധം ഖാരി സാഹിബിന്റെ അവസാനിച്ചു. അതിനുശേഷം ഖാരി സാഹിബ് എഴുതിച്ച ജീവചരിത്രമനുസരിച്ച് മനസ്സിലാകുന്നത് ഒരു പ്രത്യേകമായ ദൈവികവിധിയായിരുന്നു അദ്ദേഹത്തിന്റെ മനസ്സിൽ ഒരു തിളപ്പുണ്ടാക്കിയതെന്നാണ്.

ഖാരി സാഹിബ് വിവിധ അവസരങ്ങളിൽ റബ്‌വയിൽ വന്നുകൊണ്ടിരുന്നു. തദ്ദേശപരമായ നിലയിൽ അഹ്മദീ സഹോദരങ്ങളുമായി ബന്ധവും വെച്ചിരുന്നു. ദുആകളും ചെയ്തുകൊണ്ടിരുന്നു. ഈ ദുആകളുടെ അവസ്ഥയിൽ അദ്ദേഹത്തിന് പല സ്വപ്നങ്ങളുമുണ്ടായി. ആ സ്വപ്നങ്ങളിൽ ഒരു സ്വപ്നം ഇങ്ങനെയുമുണ്ടായിരുന്നു. ഇസ്മഊ സൗത്തസമാഅ് ജാ അൽ മസീഹ് അതായത് മസീഹ് വന്നൂ എന്നുള്ള ആകാശത്തുനിന്നുള്ള ശബ്ദം കേൾക്കുക. ഖാരി സാഹിബ് പറയുന്നു: ആ നേരത്ത് ഈ വാക്കുകൾകൊണ്ട് എന്റെ ശ്രദ്ധ അഹ്മദിയ്യത്തിലേക്ക് പോയില്ല. പക്ഷേ, അഹ്മദിയായതിനുശേഷം ആ സ്വപ്നത്തിന്റെ പുലർച്ചയായിരുന്നു അതെന്ന് ഓർമ വന്നു. വിവിധ സ്വപ്നങ്ങൾ കണ്ടിരുന്നു. അതിലൊന്ന് ഇതുമായിരുന്നു. ഖാരി സാഹിബ് എഴുതുന്നു:ഞാനെന്റെ ജീവിതത്തിലെ സംഭവങ്ങളിൽ ദൃഷ്ടി പായിക്കുമ്പോൾ ചിന്തിക്കുന്നത്, എന്റെ ശ്രദ്ധ നിരന്തരം അഹ്മദിയ്യാ ജമാഅത്തിലേക്ക് മാറിക്കൊണ്ടിരിക്കുന്നതും എനിക്ക് സന്മാർഗ്ഗം ലഭിക്കുന്നതും അല്ലാഹുവിന്റെ അനുഗ്രഹം ഒന്നുമാത്രമാണെന്നാണ്. പിന്നീട് എഴുതുന്നു: അൻസ്വാറുല്ലായുടെ ഇജ്തിമായിൽ ശെയ്ഖ് അബ്ദുൽ ഖാദിർ സാഹിബ് സൗദാഗർ മുറബ്ബി ലാഹോറിനോടൊപ്പം കൂടിക്കാഴ്ചയുണ്ടായി. അൻസ്വാറിന്റെ സമ്മേളനത്തിൽ പങ്കെടുക്കാൻ പോയിരുന്നു. ആ നേരത്ത് ബയ്അത്ത് ചെയ്തിരുന്നില്ല. അദ്ദേഹം പറയുന്നു: ഞാൻ ഇജ്തിമായിന്റെ ആദ്യത്തെ ദിവസം എല്ലാ പരിപാടിയും കണ്ടു. ഇജ്തിമാന്റെ രണ്ടാം ദിവസവും മൂന്നാം ദിവസവും എന്നെക്കൊണ്ട് ബയ്അത്ത് ചെയ്യിക്കാൻ ഞാൻ ആവശ്യപ്പെട്ടിരുന്നു. അങ്ങനെ ഞങ്ങൾ ഇസ്‌ലാഹോ ഇർശാദിന്റെ ഓഫീസിൽ പോയി. ബയ്അത്തിന്റെ ഫോറം പൂരിപ്പിച്ചു നല്കി. അഹ്മദിയ്യത്തിന്റെ പ്രകാശത്താൽ പ്രഭാപൂരിതനായി. അഹ്മദിയ്യത്ത് സ്വീകരിച്ചതിനുശേഷം അദ്ദേഹത്തിന് ഒരുപാട് പരീക്ഷണങ്ങളുണ്ടായി. മറുഭാഗത്ത് അദ്ദേഹത്തിന്റെ അനഹ്മദികളായ ശിഷ്യന്മാരും നേതാക്കളുമെല്ലാം വിവിധ രീതിയിൽ അദ്ദേഹത്തെ മടക്കിക്കൊണ്ടുപോകാൻ ശ്രമിച്ചു. പ്രലോഭനങ്ങൾ നല്കി. അതുപോലെതന്നെ ഭീഷണിയുമുണ്ടായി. ഖാരി സാഹിബ് പറയുന്നു: 'അഹ്മദിയ്യത്ത് സ്വീകരിച്ചതിനുശേഷം ഒരുപാട് ബുദ്ധിമുട്ടുകൾ എന്റെ വഴിയിൽവന്നു. പക്ഷേ, അല്ലാഹു എന്നെ ഉറപ്പിച്ചുനിറുത്തി. അവൻ പറഞ്ഞ വഴിയിലൂടെ എന്നെ നടത്തിച്ചു. അല്ലാഹുവിന്റെ മാർഗദർശനമുണ്ടായിരുന്നു. അതുകൊണ്ട് എന്നെ ഭൗതികപരമായ ഒരു പ്രലോഭനങ്ങൾക്കും സത്യത്തിന്റെ വഴിയിൽനിന്ന് വ്യതിചലിപ്പിക്കാൻ കഴിഞ്ഞില്ല. എന്നെ അഹ്മദിയ്യാ ജമാഅത്തിന്നെ തിരിൽ വെറുപ്പുണ്ടാക്കാൻ തിരിച്ച് അഹ്‌ലെ ഹദീഥ് ജമാഅത്തിൽ കൊണ്ടുപോകാനും ഒരുപാട് ശ്രമങ്ങളുണ്ടായി. പക്ഷേ, അല്ലാഹുവിന്റെ അനുഗ്രഹത്താൽ വിശ്വാസത്തിന്റെ ഏതൊരു നിറമാണോ എന്റെ മേലുണ്ടായിരുന്നത് അക്കാരണത്താൽ വലിയ വലിയ ശ്രമങ്ങളുണ്ടായിട്ടും അവർക്കെന്നെ തിരിച്ചുകൊണ്ടുപോകുന്നതിൽ വിജയിക്കാൻ കഴിഞ്ഞില്ല.

അദ്ദേഹത്തിന്റെ വിവാഹം ഒരു വിധവയുമായിട്ടാണ് നടന്നത്. അവർക്ക് ആദ്യ ഭർത്താവിൽ മൂന്ന് മക്കളുണ്ടായിരുന്നു. അവരിൽ ഇദ്ദേഹത്തിന് ഒരു പെൺകുട്ടി പിറന്നു. ജമാഅത്തുപരമായ സേവനങ്ങളെക്കുറിച്ച് എഴുതിയിരിക്കുന്നു. പറയുന്നു: സൂഫി ഖുദാ ബഖ്ശ് സേർവി സാഹിബ് ഒരു ദിവസം മസ്ജിദിൽ എന്നെ കണ്ടു. അദ്ദേഹം അപ്പോൾ വഖ്ഫെ ജദീദിന്റെ ഇൻചാർജായിരുന്നു, എന്നോടു പറഞ്ഞു: ഹദ്റത്ത് മിർസാ താഹിർ അഹ്മദ് സാഹിബ് താങ്കളെ അദ്ദേഹത്തിന്റടുത്ത് റബ്‌വയിൽ കൊണ്ടുചെല്ലാൻ പറഞ്ഞിരിക്കുകയാണ്. ബയ്അത്ത് ചെയ്തുകഴിഞ്ഞിരുന്നു. ഖാരി സാഹിബ് പറയുന്നു: ഞാൻ അദ്ദേഹത്തിന്റെ സന്നിധിയിൽ ഹാജരായി. അപ്പോൾ ഹദ്റത്ത് മിയാ സാഹിബ് ആദ്യം എന്റെ തിലാവത്ത് കേട്ടു. പിന്നീട് വഖ്ഫെ ജദീദിലെ മുഅല്ലിമീങ്ങളെ വിശുദ്ധഖുർആൻ തജ്‌വീദോടുകൂടി പഠിപ്പിക്കുന്നതിനുള്ള ഡ്യൂട്ടി എന്നെ ഏൽപിക്കുകയും ചെയ്തു. വഖ്ഫെ ജദീദിൽത്തന്നെ എനിക്ക് താമസ സൗകര്യവുമൊരുക്കി. 1964-ലെ സംഭവമാണ്. പറയുന്നു: വഖ്ഫെ ജദീദിൽ മുഅല്ലീം എന്ന നിലയിൽ ഖാരി സാഹിബ് ജനുവരി 1-ാം തിയതി 1965-ലാണ് ഔദ്യോഗികമായി നിയമിതനായത്.

## ത്വാലിബെ ദുആ

**'അല്ലാഹുവിനുവേണ്ടി പരസ്പരമുള്ള ബന്ധങ്ങളിൽ സ്നേഹത്തോടും മൃദുലതയോടും പെരുമാറുന്നവരാണ് യഥാർഥ തഖ്‌വയിൽ നിലകൊള്ളുന്നവർ.'(ജുമുഅ ഖുത്ബ 4-10-2019)**




SABIR BURQA HOUSE
ALL TYPES OF READYMADE BURQA
ഓർഡർ അനുസരിച്ച് ബുർഖകൾ കൊരിയർ മുഖേന അയച്ചുകൊടുക്കുന്നതാണ്.
CIVIL LINES ROAD, OPP.FOUR STORY QADIAN
CONTACT NO: 98884 45694 (SABIR AHMAD)


## • കലാമുൽ ഇമാം: •

**'നബി(സ)തിരുമേനിയോടുള്ള സ്നേഹം വർധിക്കുന്നതിനും നവീകരിക്കുന്നതിനും എല്ലാ നമസ്കാരത്തിലും സ്വലാത്ത് ചൊല്ലുക എന്നത് നിർബന്ധമാണ്. ആ ദുആ സ്വീകാരത്തിന് സ്ഥൈര്യത്തിന്റെ ഒരു മാർഗം കരസ്ഥമാകാൻ!' (മൽഫൂദാത്ത് വാള്യം 3, പേജ് 38)**

ത്വാലിബെ ദുആ: K.Muhammad Shareef &Family
Ahmadiyya Jama-ath Vaniyambalam, Kerala

അക്കാലത്ത് ജാമിയ അഹ്മദിയ്യായിലെ ശാഹിദ് ക്ലാസിലുള്ള വിദ്യാർഥികൾ അദ്ദേഹത്തിൽനിന്ന് വിശുദ്ധഖുർആൻ പഠിക്കുന്നതിന് വഖ്ഫെ ജദീദ് ഓഫീസിൽ വരുമായിരുന്നു. പിന്നീട് മീർ ദാവൂദ് അഹ്മദ് സാഹിബ് -ഇദ്ദേഹമായിരുന്നു ആ നേരത്ത് ജാമിയ അഹ്മദിയ്യായുടെ പ്രിൻസിപ്പാൾ- പറഞ്ഞതനുസരിച്ച് ഖാരി സാഹിബ് ജാമിയാ അഹ്മദിയ്യായിൽ പോയി പഠിപ്പിക്കാൻ തുടങ്ങി. അതിനൊടൊപ്പംതന്നെ ജാമിയ നുസ്റത്ത് ഗേൾസ് കോളേജിലും ഇത് ജമാഅത്തിന്റെ കോളേജായിരുന്നു പർദ്ദ പാലിച്ചുകൊണ്ട് പെൺകുട്ടികളേയും വിശുദ്ധഖുർആൻ പഠിപ്പിച്ചിരുന്നു. 1969 ജനുവരിയിൽ ഹാഫിള് ക്ലാസ് റബ്‌വയുടെ ഇൻചാർജ് ഹാഫിള് ശഫീഖ് സാഹിബ് മരണപ്പെട്ടു. പ്രിൻസിപ്പാൾ ജാമിയ മീർ ദാവൂദ് അഹ്മദ് സാഹിബ് ഹാഫിള് സാഹിബിനോട് ക്ലാസിൽ വന്നുകൊണ്ടിരിക്കാൻ പറഞ്ഞു. അദ്ദേഹത്തിന്റെ ക്ലാസുകൾ താങ്കൾ പഠിപ്പിക്കുക. അക്കാലത്ത് ഈ ക്ലാസുകൾ മസ്ജിദ് മുബാറക്കിലാണ് നടന്നിരുന്നത്. മസ്ജിദിലിരുന്ന് കുട്ടികൾ ഖുർആൻ ഹൃദിസ്ഥമാക്കുമായിരുന്നത് എനിക്കും ഓർമയുണ്ട്. ഖലീഫത്തുൽ മസീഹ് ഥാലിഥ്(റഹ്)വീണ്ടും ഖാരി സാഹിബിനെ ഹാഫിള് ക്ലാസിലും നിയമിച്ചു. അതിനു സമ്മതം നല്കി. അതിനോടൊപ്പം ഇങ്ങനെയും എഴുതി: 'വഖ്ഫെ ജദീദിലും പഠിപ്പിക്കുന്നതായിരിക്കും. ഹാഫിള് ക്ലാസിലും പഠിപ്പിക്കുന്നതായിരിക്കും.'

ഖാരി സാഹിബ് തന്റെ ഒരു സംഭവം എഴുതുന്നു: '1965 ഫെബ്രുവരിയിൽ ഹദ്റത്ത് ഖലീഫത്തുൽ ഥാനിയുമായി കൂടികാഴ്ചയ്ക്ക് ഭാഗ്യം ലഭിച്ചു. ചരിത്രപരമായ കൂടിക്കാഴ്ചയുടെ സംഭവങ്ങൾ ഇങ്ങനെയായിരുന്നു പറയാറുണ്ടായിരുന്നത്. ഞാൻ ഹസ്തദാനം ചെയ്തപ്പോൾ ആ നിമിഷം എനിക്ക് എന്റെ ജീവിതം മാറ്റുന്നതിന് നിമിത്തമായി. പ്രൈവറ്റ് സെക്രട്ടറി സാഹിബ് ഹുദൂറിന്റെ സന്നിധിയിൽ എന്നെ പരിചയപ്പെടുത്തി. ഇദ്ദേഹം ഖാരി മുഹമ്മദ് ആശിഖ് സാഹിബാണ്. പുതിയതായി ബയ്അത്ത് ചെയ്തതാണ്. അങ്ങനെ എന്നെ പരിചയപ്പെടുത്തിക്കൊണ്ടിരിക്കുമ്പോൾ ഹുദൂർ വാത്സല്യപൂർവ്വം കണ്ണ് തുറന്ന് എന്നെ നോക്കിക്കൊണ്ടിരുന്നു. ഞാനും ഹുദൂറിന്റെ അനുഗൃഹീതമായ കരങ്ങൾ താങ്ങിക്കൊണ്ട് ഹുദൂറിനെ നോക്കിക്കൊണ്ടിരിക്കുകയായിരുന്നു. റമളാൻ മാസത്തിൽ മസ്ജിദ് മുബാറക്കിൽ 15 വർഷംവരെ അദ്ദേഹം തറാവീഹ് നമസ്കരിപ്പിച്ചു. മൗലാനാ അബ്ദുൽ മാലിക് ഖാൻ സാഹിബ് നാളിർ ഇസ്‌ലാഹോ ഇർശാദ് ഒരിക്കൽ അദ്ദേഹത്തോട് പറഞ്ഞിരുന്നു, 'മസ്ജിദ് മുബാറക്കിൽ തഹജ്ജുദ് നമസ്കാരവും തറാവീഹ് നമസ്കാരവും അങ്ങയെ ഏല്പിച്ചാലോ. ഹദ്റത്ത് ഖലീഫത്തുൽ മസീഹിന് അങ്ങയുടെ ഖുർആൻ പാരായണം വളരെ ഇഷ്ടമാണ്.'

ഇദ്ദേഹത്തിന് ശിഷ്യന്മാരും ധാരാളമുണ്ട്. ലോകത്ത് വിവിധ സ്ഥലങ്ങളിൽ പരന്നുകിടക്കുകയാണ്. ഇദ്ദേഹത്തെ കുറിച്ച് അവരുടെ കത്തുകളും എനിക്ക് ലഭിച്ചിട്ടുണ്ട്. അവർ ഇദ്ദേഹത്തിന്റെ സവിശേഷഗുണങ്ങളിൽ അനുഗ്രഹം പ്രാപിച്ചു. അദ്ദേഹത്തിന്റെ അറിവുകളിൽനിന്ന് ധാരാളം കരസ്ഥമാക്കുകയും ചെയ്തിട്ടുണ്ട്. അല്ലാഹു പരേതന്റെ പദവികൾ ഉയർത്തുമാറാകട്ടെ. അദ്ദേഹത്തിന്റെ സന്താനങ്ങളിലും തലമുറകളിലും അദ്ദേഹത്തിന്റെ ആഗ്രഹമനുസരിച്ച് പ്രാർഥനകളുടെ അവസ്ഥകളുണ്ടാക്കുമാറാകട്ടെ.

രണ്ടാമത്തെ ജനാസ നൂറുദ്ദീൻ അൽഹസ്നീ സാഹിബിന്റേതാണ്. ശാമിലെ പഴയകാല അഹ്മദിയായിരുന്നു. ഒരുപാടു വർഷങ്ങളായി അഹ്മദിയായിരുന്നതുകൊണ്ട് സൗദിഅറേബ്യയിലെ ഒരു ജയിലിൽ തടവിലായിരുന്നു. ഇദ്ദേഹം അസീറേ റാഹെ മൗലായായിരുന്നു. രോഗങ്ങളും പീഢനങ്ങളുമുണ്ടായിരുന്നിട്ടും ഈമാനിൽ അടിയുറച്ചുനിന്നു. അവസാനം തടവിൽത്തന്നെ മെയ് 25 ന് 82-ാം വയസ്സിൽ അദ്ദേഹം മരണപ്പെട്ടു. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിയൂൻ

അദ്ദേഹത്തിന്റെ പിതാവ് അൽഹാജ് അബ്ദുർറഊഫ് അൽഹസ്നീ സാഹിബ് 1938-ലാണ് ബയ്അത്ത് ചെയ്തത്. ശാം ജമാഅത്തിന്റെ മുൻ അമീർ മുനീറുൽ ഹസ്നീ സാഹിബ് നൂറുദ്ദീൻ അൽഹസ്നീ സാഹിബിന്റെ ജ്യേഷ്ഠസഹോദരനായിരുന്നു. പരേതൻ കുട്ടിക്കാലം മുതലെ ഇസ്‌ലാമികമായ സ്വഭാവങ്ങളിലും മൂല്യങ്ങളിലും ഖിലാഫത്തിനോടുള്ള സ്നേഹത്തിന്റെ ചുറ്റുപാടിലുമാണ് വളർന്നത്. അദ്ദേഹത്തിന് 13, 14 വയസ്സുള്ളപ്പോഴാണ് അദ്ദേഹത്തിന്റെ പിതാവ് വഫാത്താകുന്നത്. പരേതൻ അധികവും മുനീർ അൽഹസ്നീ സാഹിബിന്റെ കൂടെയായിരുന്നു കഴിഞ്ഞിരുന്നത്. അദ്ദേഹത്തിൽനിന്ന് ഇദ്ദേഹം ജമാഅത്തിനെ കുറിച്ച് ഒരുപാടു കാര്യങ്ങൾ പഠിച്ചു. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)1955-ൽ ഡമാസ്കസ്സിൽ പോയപ്പോൾ പരേതന്റെ പിതൃസഹോദരൻ ബദ്റുദ്ദീൻ അൽഹസ്നീ സാഹിബിന്റെ വീട്ടിലാണ് താമസിച്ചത്. ആ ദിനങ്ങളിൽ പരേതന് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ സന്നിധിയിൽ തിലാവത്ത് ചെയ്യാനുള്ള തൗഫീഖ് കിട്ടി. ഇദ്ദേഹം ധാരാളമായി നോമ്പു പിടിക്കുമായിരുന്നു. തിങ്കളാഴ്ചയും വ്യാഴാഴ്ച്ചയും പ്രത്യേകമായും നോമ്പു നോറ്റിരുന്നു. വിശുദ്ധ ഖുർആൻ പാരായണത്തിൽ വളരെ താൽപര്യമായിരുന്നു. തഹജ്ജുദ് നമസ്കാരം ഒരിക്കലും ഉപേക്ഷിച്ചിരുന്നില്ല. ജീവിതത്തിന്റെ അവസാനം നാൾവരെ എത്രത്തോളമെന്നാൽ ജയിലിലും തന്റെ ഈമാനിൽ അടിയുറച്ചുനിന്നു. ജമാഅത്തിൽ അടിയുറച്ചുനിന്നു. അല്ലാഹുവിന്റെ സഹായം അടുത്തിരിക്കുന്നുവെന്നതിൽ വിശ്വസിച്ചിരുന്നു. ഇക്കാര്യം അദ്ദേഹം ജയിലിൽ സഹതടവുകാരെല്ലാവരോടും പറഞ്ഞിരുന്നു. സന്തപ്ത കുടുംബത്തിൽ അദ്ദേഹത്തിന്റെ ഭാര്യയുണ്ട്. അവർ അഹ് മദിയാണ്. അവർ തന്റെ ഭർത്താവിനോടുള്ള കൂറ് നിലനിറുത്തി. ഈ സ്ത്രീ അദ്ദേഹത്തിന്റെ ജയിൽജീവിതകാലത്ത് ഒരുപാടു ത്യാഗം ചെയ്തു. മൂന്നു ആൺമക്കളുണ്ട്. അബ്ദുർറഊഫ് അൽഹസ്നീ സാഹിബ്, മആദുൽഹസ്നീ, ഫവാസുൽ ഹസ്നീ. ഒരുമകളുമുണ്ട്. സയ്നബുൽഹസ്നീ. പുത്രന്മാരും പൗത്രിമാരുമുണ്ട്. എല്ലാവരും അല്ലാഹുവിന്റെ അനുഗ്രഹത്താൽ ആത്മാർഥരായ അഹ്മദികളാണ്.

ഇദ്ദേഹത്തിന്റെ മകൻ മആദുൽഹസ്നീ സാഹിബ് പറയുന്നു:എന്റെ പിതാവ് ആഗ്രഹിച്ചിരുന്നത് ഞങ്ങളെല്ലാ സഹോദരിസഹോദരന്മാരും പൂർണസന്തോഷത്തോടെ ജമാഅത്തിൽ പ്രവേശിക്കണമെന്നായിരുന്നു. അൽഹംദുലില്ലാഹ് ഞങ്ങൾ പൂർണവിശ്വാസത്തോടെ ബയ്അത്തു ചെയ്തു. സൗദ്യ അറേബ്യയിലായിരുന്നപ്പോൾ ജമാഅത്തിനെ അന്വേഷിക്കാൻ തുടങ്ങി. പിന്നീട് യൂ.കെ. കാരനായ അവിടെ ജോലി ചെയ്തിരുന്ന ഹാശിം സാഹിബുമായി കൂടിക്കണ്ടു. ബന്ധമുണ്ടയിക്കഴിഞ്ഞപ്പോൾ അവസാനം ശ്വാസംവരെ ജമാഅത്തുപരമായ ജോലികളിൽ വ്യാപൃതനായിരുന്നു. വളരെ ദയാലുവും തുറന്ന മനസ്സിന്റെ ഉടമയുമായിരുന്നു. മറ്റുള്ളവരെ സഹായിക്കുന്നത് അദ്ദേഹത്തിന് വളരെ ഇഷ്ടമുള്ള കാര്യമായിരുന്നു. അദ്ദേഹം എഴുതി:2019-ൽ അദ്ദേഹത്തെ വിളിപ്പിച്ചിട്ടാണ് തടവിലാക്കിയത്. ഒരുപാടു പരിശ്രമിച്ചിതനുശേഷമാണ് പിതാവിന്റെ മേൽ അഹ്മദിയാണെന്നതിനും സോഷ്യൽമീഡിയായിൽ തബ്‌ലീഗു ചെയ്തതിനും കേസെടുത്തിരിക്കുന്നുവെന്ന്! രണ്ടുവർഷംവരെ ഞങ്ങൾ അദ്ദേഹത്തിന്റെ വിടുതലിനുവേണ്ടി എല്ലാതരത്തിലും ശ്രമിച്ചു. ഒരുപാടു വക്കീൽമാരുടെ സേവനം കരസ്ഥമാക്കി. അദ്ദേഹത്തിന്റെ മോചനത്തനുള്ള കൽപനയും വന്നു. മോചനം നിലവിൽ വരികയും ചെയ്തു. പക്ഷേ, മോചനത്തിന്റെ കുറച്ചു മണിക്കൂറുകൾക്കുശേഷം പോലീസ് അദ്ദേഹത്തെ ഫോൺ ചെയ്ത് വിളിപ്പിച്ചു.രണ്ടാമതും അറസ്റ്റു ചെയ്തു. ഇപ്രാവശ്യം മുമ്പേയുണ്ടായിരുന്നതിനെക്കാൾ കൂടുതൽ അദ്ദേഹത്തിന് പീഢനം സഹിക്കേണ്ടിവന്നു.അദ്ദേഹത്തെ കാണാൻ അനുവാദം തന്നില്ല. ഫോണിൽ സംസാരിക്കുന്നതിനും അനുവാദമുണ്ടായിരുന്നില്ല. അദ്ദേഹത്തിന്റെ ആരോഗ്യം മോശമായിരുന്നു. വാർധക്യം കാരണത്താൽ രോഗവും കൂടിക്കൊണ്ടിരുന്നു.ആശുപത്രികളിലും പോയികൊണ്ടിരുന്നു. പക്ഷേ, അദ്ദേഹത്തിന്റെ വീട്ടുകാർക്ക് അദ്ദേഹത്തെ കാണാൻ കഴിഞ്ഞില്ല.

കാനഡയിലുള്ള ഇദ്ദേഹത്തിന്റ മൂത്തമകൻ അബ്ദുർറഊഫ് അൽഹസ്നീ എഴുതുന്നു. ജമാഅത്തിനുവേണ്ടി വളരെ ആത്മാർഥതയും സ്നേഹവും ഉൾക്കൊള്ളുന്ന ആളായിരുന്നു. തന്റെ വിശ്വാസങ്ങളിൽ അടിയുറച്ചു നിന്നു. പിന്നീട് ഇദ്ദേഹം ആരാധനയും ആത്മാർഥതയും പ്രത്യേകം പ്രതിപാദിച്ചു. ഇദ്ദേഹം വിശദീകരിച്ചെഴുതിയിട്ടുണ്ട്. 2016-ൽ തടവിലാക്കപ്പെട്ടപ്പോൾ അദ്ദേഹത്തിന് നോമ്പായിരുന്നു. നോമ്പു മുറിക്കാനിഷ്ടപ്പെട്ടില്ല. തടവിൽ പീഢനങ്ങൾ സഹിക്കേണ്ടിവരുമെന്ന് അദ്ദേഹത്തിന് അറിയാമായിരുന്നു. ഓഫീസർ വെള്ളം കൊടുത്തപ്പോൾ അദ്ദേഹം തനിക്ക് നോമ്പുണ്ടെന്ന് പറഞ്ഞു. പിന്നീട് അസ്ർ നമസ്കരിക്കാൻ അനുവാദം ചോദിച്ചു. അയാൾ അനുവാദം കൊടുത്തു. അദ്ദേഹം അയാൾക്കു മുന്നിൽ നമസ്കരിച്ചു. നിങ്ങൾ ഞങ്ങളെപ്പോലെയാണല്ലോ നമസ്കരിക്കുന്നതെന്ന് അയാൾ പറഞ്ഞു. എന്തായാലും അയാളെ അത് ആകർഷിച്ചു. അയാൾ അപ്പോൾ അദ്ദേഹത്തെ വിട്ടു. പിന്നീട് 2019-ൽ ഒരു കാരണവും കൂടാതെ വീണ്ടും പോലീസ് പിടിച്ചു. ജയിലിലിട്ടു. ഈ തടവിന്റെ അവസ്ഥയിലാണ് അദ്ദേഹം വഫാത്തായത്. അല്ലാഹു അദ്ദേഹത്തോടു കാരുണ്യത്തോടും പൊറുക്കലോടും പെരുമാറട്ടെ. ദർജകൾ ഉയർത്തുമാറാകട്ടെ. അദ്ദേഹത്തിന്റെ മക്കൾക്കും അദ്ദേഹത്തിന്റെ നന്മകളും പ്രത്യേകതകളും സ്വായത്തമാക്കാൻ തൗഫീഖ് നല്കുമാറാകട്ടെ. നമസ്കാരത്തിനുശേഷം ജനാസയും നമസ്കരിക്കുന്നതാണ്. ഇൻശാഅല്ലാഹ്.

•••

## ബദ്ർ വായനക്കാരുടെ ശ്രദ്ധക്ക്

നിങ്ങളുടെ സൃഷ്ടികൾ ഞങ്ങൾക്കു അയച്ചു തരിക. പ്രസിദ്ധീകരണയോഗ്യമെങ്കിൽ ബദ്ർ മലയാളം ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും. വിവർത്തനസൃഷ്ടിയും അതുപോലെതന്നെ ദുആയ്ക്കുള്ള പരസ്യങ്ങളും ജമാഅത്തിൽ നടക്കുന്ന പരിപാടികളുടെ റിപ്പോർട്ടും അയക്കാവുന്നതാണ്. ഭാവിയിൽ ഇതെല്ലാം നിങ്ങളുടേയും നിങ്ങളുടെ ജമാഅത്തിന്റേയും ചരിത്രമായി മാറുന്നതായിരിക്കും.

അയക്കേണ്ട വിലാസം:

**മുഹമ്മദു ഇസ്മായീൽ ആലപ്പുഴ,**
**'ബയ്ത്തുൽ ഇസ്റ' വണ്ണാം തടം,**
**അടുത്തില, പഴയങ്ങാടി, കണ്ണൂർ 670 303.**
**ismayeel.ha@gmail.com**

AL ISLAM

# ഹദ്റത്ത് മുഹമ്മദ് മുസ്ത്വഫാ(സ) സമാധാനസ്ഥാപകനെന്ന നിലയിൽ

മുഹമ്മദ് ഇനാം ഗോറി
(നാളിർ അഅ്ലാ സദ്ർ അഞ്ചുമൻ അഹ്മദിയ്യാ ഖാദിയാൻ)
വിവർത്തനം: മൗലവി കെ. വൈ. ശംസുദ്ദീൻ

*യഹ്ദീ ബിഹില്ലാഹു മനിത്തബഅ രിള്വാന ഹൂ സുബുലസ്സലാമി വ യുഖ്രിജുഹും മ്മിന ള്ളുലുമാത്തി ഇലന്നൂരി ബിഇദ്നിഹീ വ യഹ്ദീഹിം ഇലാ സിറാത്തിൻമ്മുസ്തഖീം* (5:17 )

അർഥം: അല്ലാഹു ഇതുമുഖേന തന്റെ പ്രീതിയെ പിൻപറ്റിയവരെ രക്ഷാമാർഗങ്ങളിലേക്ക് വഴികാണിക്കുന്നതാണ്. തന്റെ അനുമതിയനുസരിച്ച് അവൻ അവരെ പലതരത്തിലുള്ള അന്ധകാരങ്ങളിൽനിന്നും പുറത്തുകൊണ്ടുവന്ന് പ്രകാശത്തിലേക്ക് നയിക്കുകയും ചൊവ്വായ മാർഗത്തിലേക്ക് അവരെ വഴിനടത്തുകയും ചെയ്യുന്നതാണ്.

ഇസ്‌ലാം എന്നാൽ, ശാന്തിയും സമാധാനവും എന്നാണർഥം. ഹദ്റത്ത് മുഹമ്മദ് മുസ്ത്വഫാ (സ)മുഴുലോകത്തിനും ശാന്തിയുടെയും സമാധാനത്തിന്റെയും ദൂതനാണ്.

ശാന്തി, സമാധാനം അടിസ്ഥാനപരമായി രണ്ടു വിധമാണെന്ന് ഓർക്കേണ്ടതാണ്.

(1) വ്യക്തിപരമായ സമാധാനം. രണ്ട് സാമൂഹികപരമായ സമാധാനം

വ്യക്തിപരമായ സമാധാനമെന്നാൽ, ഒരാളുടെ മനസ്സിനും ശരീരത്തിനും ആരോഗ്യത്തിനും ഭാര്യാമക്കൾക്കും കുടുംബക്കാർക്കുംവേണ്ടി അതായത് തന്നെചുറ്റിപ്പറ്റി നിൽക്കുന്ന, തനിക്ക് ഉത്തരവാദിത്വപ്പെട്ടവരുടെ സമാധാനമാണ് ഉദ്ദേശ്യം. സാമൂഹികപരമായ സമാധാനമെന്നത് തന്റെ ചുറ്റുപാടും നാടും ദേശവുമായി അല്ലെങ്കിൽ മുഴുലോകവുമായി ബന്ധപ്പെട്ടുനിൽക്കുന്ന സമാധാനമാണ്.

എല്ലാ മനുഷ്യരും ആഗ്രഹിക്കുന്നത് സമാധാനപരമായി ജീവിതം കഴിഞ്ഞുപോകണമെന്നാണ്. ആരോഗ്യവും ഭക്ഷണവും പാർപ്പിടവുമെല്ലാം ഉന്നതക്കിടയിലുള്ളതായിരിക്കണം. ഉത്തമയായ ഭാര്യ ആയിരിക്കണം. സൽസന്താനങ്ങൾ ലഭിക്കണം. മാതാപിതാക്കളും സഹോദരി സഹോദരന്മാരും കുടുംബത്തിലെ മറ്റു പ്രിയപ്പെട്ടവരും നല്ല നിലയിലാകണം. പരസ്പരം വഴക്കും സംഘർഷവുമൊന്നും ഉണ്ടാവരുതെന്നൊക്കെയാണ്.

പരിഷ്കൃത സമൂഹത്തിൽ ഓരോരുത്തരും ആഗ്രഹിക്കുന്നത് അവൻ എഴുത്തും വായനയും അറിയുന്നവനോ അറിയാത്തവനോ, സമ്പന്നനോ ദരിദ്രനോ, കറുത്തവനോ വെളുത്തവനോ, അറബിയോ അനറബിയോ, കിഴക്കോ പടിഞ്ഞാറോ വസിക്കുന്നവനോ ആരുമാകട്ടെ ആഗ്രഹിക്കുന്നത് സമാധാനപൂർണവും സന്തോഷകരവുമായ സംതൃപ്ത ജീവിതമാണ്.

അതിന് മറ്റുള്ളവർക്ക് നഷ്ടം വരുത്തിയോ പ്രയാസത്തിലകപ്പെടുത്തിയോ ആയാലും വേണ്ടില്ല സ്വന്തം നേട്ടമാണ് ലക്ഷ്യമാക്കുന്നത്. മറ്റുള്ളവരുടെ പ്രയാസമോ നഷ്ടമോ ഒന്നുംതന്നെ ഗൗനിക്കാറില്ല. ഇതേ കാര്യം തന്നെയാണ് മറുകക്ഷിയും ചിന്തിക്കുന്നത്. തനിക്ക് വന്നുചേർന്ന പ്രയാസത്തിൽ നിന്നുള്ള മോചനത്തിനായി ആലോചിക്കുന്നത്. അങ്ങനെ ഇരുഭാഗത്തും അശാന്തിയും അസമാധാനം ഉടലെടുക്കുന്നു.

പിന്നീട് ഇത്തരം വ്യക്തിപരമായ അസ്വസ്ഥതയും അസമാധാനവും ഗൃഹാന്തരങ്ങളിൽ നിന്ന് അയൽപക്കത്തേക്കും പിന്നീട് മുഴുവൻ നാട്ടിലും രാജ്യത്തിലും വ്യാപിക്കുന്നു. തുടർന്നത് രാജ്യാന്തര തലത്തിലെത്തുന്നു.

ഇക്കാര്യം വെറും സാങ്കൽപിക ആഖ്യാനമാണെന്ന് കരുതരുത്. ലോകത്തെവിടെ നോക്കിയാലും ഇതുതന്നെയാണവസ്ഥ. ഇത്തരം സാഹചര്യം മനുഷ്യരെ പകൽ സമയം അസ്വസ്ഥരാക്കുകയും രാത്രി കാലം ഉറക്കംകെടുത്തുകയും ചെയ്യുന്നു. പ്രിന്റ്മാധ്യമങ്ങളിലും ഇലക്ട്രോണിക്ക് മാധ്യമങ്ങളിലും സോഷ്യൽ മാധ്യമങ്ങളിലുമൊക്കെ ചൂടുചർച്ചയ്ക്ക് വിധേയമാക്കപ്പെടുന്ന കാര്യങ്ങളാണിതെല്ലാം.

അതുകൊണ്ടുതന്നെ ഇപ്പോൾ ഉന്നയിക്കപ്പെടുന്ന ചോദ്യം വ്യക്തിപരവും സാമൂഹികപരവും രാജ്യാന്തരതലത്തിലുള്ളതുമായ സമാധാനം എങ്ങനെ സ്ഥാപിക്കാം എന്നുള്ളതാണ്. പ്രഖ്യാപനങ്ങൾ കൊണ്ടോ മുദ്രാവാക്യങ്ങൾകൊണ്ടോ അതിനു കഴിയില്ല. കർമപരമായ ചുവടുകളാണതിന് വേണ്ടത്. സമാധാന സ്ഥാപനത്തിനുള്ള പ്രയത്നം ആദ്യം വീടുകളിൽ നിന്നുതുടങ്ങേണ്ടതുണ്ട്. പിന്നീട് അയൽപക്കക്കാരിലും സമൂഹത്തിലും രാജ്യ-രാജ്യാന്തര തലങ്ങളിലും വ്യാപിപ്പിക്കുകയാണ് വേണ്ടത്.

വരിക, അതിന് നമുക്ക് മനുഷ്യ സ്നേഹിയായ പ്രവാചകൻ ഹദ്റത്ത് മുഹമ്മദ് മുസ്ത്വഫാ (സ) യുടെ പരിശുദ്ധ ജീവിതത്തിലേക്കൊന്നു കണ്ണോടിക്കാം. ഇസ്‌ലാമിക അധ്യാപനങ്ങളും നബി(സ)തിരുമേനിയുടെ പരിശുദ്ധ മാതൃകയും അൽപം വിശകലനം ചെയ്യാം.

ഭവനങ്ങളിലെ സമാധാനം:

സമാധാന സംസ്ഥാപനം വീടുകളിലെങ്ങനെ തുടങ്ങാമെന്നാണ് ആദ്യം പരിശോധിക്കേണ്ടത്. അതിന് ഭാര്യാ ഭർത്താക്കന്മാർ പരസ്പര അവകാശങ്ങളും കടമകളും പരിഗണിച്ച് വികാര വിചാരങ്ങളെ മാനിച്ച് ജീവിക്കേണ്ടത് അനിവാര്യമാണ്. തന്നെക്കാൾ തന്റെ ഇണയുടെ ആവശ്യങ്ങൾക്ക് പരിഗണന കൊടുക്കണം. വീടുകളിലെ സമാധാനത്തിനും സന്താനങ്ങളുടെ ശിക്ഷണത്തിനും ഇത് അനിവാര്യമായ കാര്യമാണ്. കുടുംബ ജീവിതവുമായി ബന്ധപ്പെട്ട് നൽകിയിട്ടുള്ള ചില ഹദീഥുകളുണ്ട്.

നബി(സ)തിരുമേനി പറഞ്ഞതായി തിർമദിയിലെ ഒരു ഹദീഥിൽ വന്നിരിക്കുന്നു: നിങ്ങളിലുത്തമൻ തന്റെ കുടുംബത്തോടുള്ള പെരുമാറ്റത്തിൽ ഉത്തമനാണ്. കുടുംബത്തോട് ഞാൻ നിങ്ങളേക്കാൾ ഉത്തമമായി പെരുമാറുന്നവനാകുന്നു. നബി(സ) തിരുമേനിക്ക് ശിക്ഷണപരമായും സാമൂഹിക ആവശ്യാർഥവും നിരവധി വിവാഹം കഴിക്കേണ്ടി വന്നിട്ടുണ്ട്. ഒരേ സമയം 9 ഭാര്യമാർവരെ ഉണ്ടായിരുന്നു. എല്ലാവരും നബി(സ)തിരുമേനിയുടെ സൽപെരുമാറ്റത്തിലും നീതി ന്യായത്തിലും സംതൃപ്തരും സന്തോഷവതികളുമായിരുന്നു.

പരസ്പരം നന്മകൾ കാണാൻ ഉപദേശിച്ചുകൊണ്ട് നബി(സ)തിരുമേനി നൽകിയ ഒരു ഉപദേശം മുസ്‌ലിം റിപ്പോർട്ട് ചെയ്ത ഹദീഥിൽ ഇങ്ങനെ കാണുന്നു:നിങ്ങളിലാരിലെങ്കിലും എന്തെങ്കിലും പോരായ്മയോ അനിഷ്ടകരമായതോ കാണുകയാണെങ്കിൽ അതിൽ ധാരാളം നല്ലതും ഇഷ്ടകരവുമായ കാര്യങ്ങളുമുണ്ടാവും അവ മുന്നിൽ വെച്ചുകൊണ്ട് ഔദാര്യപൂർവം പെരുമാറേണ്ടതാണ്.

നബി(സ)തിരുമേനി വീട്ടിലെങ്ങനെയായിരുന്നുവെന്ന് ഹദ്റത്ത് ആഇശ(റ)യോട് ചോദിച്ചപ്പോൾ പറഞ്ഞു: അദ്ദേഹം നിങ്ങളെപ്പോലെത്തന്നെ ഒരു മനുഷ്യനായിരുന്നു. വസ്ത്രങ്ങൾ സ്വയം തുന്നിച്ചേർക്കുമായിരുന്നു. പാല് കറക്കുമായിരുന്നു. സ്വന്തം കാര്യമെല്ലാം സ്വയം ചെയ്യുമായിരുന്നു.□ (മുസ്നദ് അഹ്മദ്)

രാത്രി വൈകിയാണ് വീട്ടിലെത്തുന്നതെങ്കിൽ ആർക്കും ശല്യമാകാതെയും ആരെയും ഉണർത്താതെയും സ്വയം ഭക്ഷണമോ പാലോ എടുത്ത് കഴിക്കുമായിരുന്നു. (മുസ്‌ലിം)

അതുപോലെ ഹദ്റത്ത് ആഇശ(റ)കുടുംബ ജീവിതത്തെക്കുറിച്ച് പറഞ്ഞ മറ്റൊരു സാക്ഷ്യം ഇപ്രകാരമാണ്.നബി(സ)തിരുമേനി എല്ലാവരെക്കാളും മൃദുലനും ഉദാരമനസ്കനും സാധാരണക്കാരെപ്പോലെ ഒരു ജാഡയുമില്ലാത്ത വ്യക്തിത്വമായിരുന്നു. ഒരു കാര്യവും ആരിലും അടിച്ചേൽപ്പിക്കുമായിരുന്നില്ല. എപ്പോഴും പുഞ്ചിരിതൂകുമായിരുന്നു. ജീവിതത്തിലൊരിക്കലുംതന്നെ അവിടന്ന് തന്റെ ഏതെങ്കിലും ഭാര്യയുടെമേൽ കൈ ഉയർത്തുകയോ ഏതെങ്കിലും അടിമയെ അടിക്കുകയോ ചെയ്തിട്ടില്ല. (തിർമദി)

നമ്മുടെ പ്രിയപ്പെട്ട നേതാവ് ഹദ്റത്ത് മുഹമ്മദു മുസ്ത്വഫാ(സ)യുടെ ഇത്തരം ഉൽക്കൃഷ്ട ഗുണങ്ങളും ഔദാര്യപൂർവ്വമായ പെരുമാറ്റങ്ങളും തന്നെയാണ് അവിടത്തെ കുടുംബ ജീവിതം സമാധാന പൂർണവും സ്വർഗീയവുമാക്കി മാറ്റിയത്. ഈ കാരണത്താൽ തന്നെയാണ് നബി(സ)തിരുമേനിയുടെ എല്ലാ ഭാര്യമാരും തങ്ങളുടെ ജീവിതം അദ്ദേഹത്തിൽ സമർപ്പിച്ചത്. അല്ലാഹുമ്മ സല്ലി അലാ മുഹമ്മദിൻ വ ആലി മുഹമ്മദിൻ വ ബാരിക് വ സല്ലിം

**മഹല്ല് വാസികളുടെ സമാധാനം:**

വീടു കഴിഞ്ഞാൽ ഇടത്തും വലത്തും മുന്നിലും പിന്നിലുമെല്ലാം താമസിക്കുന്ന അടുത്തവരും അയൽവാസികളുമുണ്ട്. പരിശുദ്ധ ഖുർആൻ മാതാപിതാക്കളോടു നന്മ ചെയ്യാനും അടുത്ത ബന്ധുക്കൾ, അനാഥർ അഗതികൾ, അടുത്ത ബന്ധുവായ അയൽവാസി, അന്യനായ അയൽവാസി, കൂടെ പ്രവർത്തിക്കുന്നവർ എന്നിവരോടെല്ലാം നന്മ ചെയ്യാൻ കൽപ്പിക്കുന്നു. (4:37)

ഇതുമായി ബന്ധപ്പെട്ട് ചില ഹദീഥുകൾ സമർപ്പിക്കുകയാണ്.

ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ മസ്ഊദ്(റ) നിവേദനം. ഒരാൾ വന്ന് നബി(സ)തിരുമേനിയോട് താൻ പ്രവർത്തിക്കുന്നത് നല്ലതാണെന്നും മോശമാണെന്നും എങ്ങനെ തിരിച്ചറിയുമെന്ന് ചോദിച്ചു. അപ്പോൾ നബി(സ)തിരുമേനി പറഞ്ഞു: നിങ്ങൾ നല്ലയാളാണെന്ന് നിങ്ങളുടെ അയൽവാസി പറയുന്നതായി കേട്ടാൽ നിങ്ങൾ നല്ലയാൾ തന്നെയാണെന്ന് കരുതിക്കൊള്ളുക. നിങ്ങളുടെ അയൽവാസി നിങ്ങൾ മോശക്കാരനാണെന്ന് പറയുന്നതുകേട്ടാൽ നിങ്ങൾ മോശക്കാരനാണെന്ന് കരുതിക്കൊള്ളുക. (ഇബ്നു മാജ)

ഹദ്റത്ത് ഇബ്നു ഉമർ(റ)വും ഹദ്റത്ത് ആഇശ(റ)യും നിവേദനം. നനബി(സ)തിരുമേനി അരുൾ ചെയ്തു: 'സ്വത്തിൽ അവകാശിയാക്കുമോ എന്ന് തോന്നും വിധം അയൽവാസിയോട് ഉത്തമമായി പെരുമാറാൻ ജിബ്‌രീൽ കൽപ്പിച്ചിരിക്കുന്നു.' (ബുഖാരി)

ഹദ്റത്ത് അബൂഹുറയ്റ(റ)നിവേദനം. നബി(സ) തിരുമേനി പറഞ്ഞു: അല്ലാഹുവാണ! അയാൾ വിശ്വാസിയല്ല. അല്ലാഹുവാണ! അയാൾ വിശ്വാസിയല്ല. അല്ലാഹുവാണ! അയാൾ വിശ്വാസിയ

ല്ല. (മൂന്നു പ്രാവശ്യം ഇപ്രകാരം ആവർത്തിച്ചു). അപ്പോൾ ചോദിച്ചു: അല്ലാഹുവിന്റെ റസൂലേ ആരാണയാൾ?നബി(സ)തിരുമേനി പറഞ്ഞു: ആരുടെ ഉപദ്രവത്തിൽനിന്നും പെട്ടെന്നുള്ള ആക്രമണത്തിൽനിന്നും അയാളുടെ അയൽവാസി സുരക്ഷിതനല്ലയോ അയാൾ. (ബുഖാരി)

പെട്ടെന്നുണ്ടാകുന്ന ഉപദ്രവമെന്നാൽ, രാത്രി വിശ്രമിക്കുന്ന നേരത്ത് ഉറക്കം തടസ്സപ്പെടുത്തും വിധം റേഡിയോ, ടിവി പോലുള്ളവ ശബ്ദം കൂട്ടിവെക്കുക, അയൽവാസിയുടെ വീട്ടിനു മുന്നിൽ മാലിന്യങ്ങൾ നിക്ഷേക്ഷിക്കുക തുടങ്ങിയവയുമാകാം.

ഹദ്റത്ത് അബൂദർ (റ) നിവേദനം. നബി(സ)തിരുമേനി എന്നോട് പറഞ്ഞു, 'അല്ലയോ അബൂദറേ! നല്ല കറി വീട്ടിലുണ്ടാക്കുമ്പോൾ അയൽവാസിയേയും പരിഗണിച്ച് അതിൽ അൽപം വെള്ളം കൂടുതൽ ചേർക്കുകയും അയൽവാസിക്ക് കൊടുത്തയക്കുകയും ചെയ്യുക.' (മുസ്‌ലിം)

ഇത്തരത്തിൽ തങ്ങളുടെ അയൽപക്കത്ത് താമസിക്കുന്നവരെ എല്ലാവിധത്തിലും പരിഗണിക്കുകയും പ്രയാസപ്പെടുത്താതിരിക്കുകയും ചെയ്താൽ പരിസര പ്രദേശം മുഴുവൻ സമാധാനം സ്ഥാപിതമാകുന്നതാണ്.

**നഗരത്തിന്റെ സമാധാനം:**

സ്വന്തം നാടിനോടുള്ള കടമകളെക്കുറിച്ച് ബോധവാനായിരിക്കുകയും അതുപ്രകാരം പ്രവർത്തിക്കുന്നതിന് പരിശ്രമിക്കുകയും ചെയ്യുക എന്നത് സ്വന്തം നാടിനേയും സമാധാനത്തിന്റെ കളിത്തൊട്ടിലാക്കി മാറ്റാൻ അനിവാര്യമാണ്. അത്തരം ചില നിർദേശങ്ങൾ പരിശോധിക്കാം.

ഒന്നാമത്തെ കാര്യം പരസ്പരം കാണുമ്പോഴെല്ലാം സലാം പ്രചരിപ്പിക്കുക എന്നുള്ളതാണ്. നിങ്ങൾക്ക് അല്ലാഹുവിൽ നിന്ന് സമാധാനം ഉണ്ടാകട്ടെ എന്ന് പറയുക. നമ്മുടെ ഇന്ത്യയിൽ വ്യത്യസ്ത മതാനുയായികൾ തങ്ങളുടെ രീതിയിൽ നമസ്തെ: , ഗുഡ് മോണിങ്ങ് , സത്ശ്രികാൽ എന്നൊക്കെ പറഞ്ഞ് സമാധാന സന്ദേശം കൈമാറുകയും പരസ്പരം ഹസ്തദാനം കൊടുക്കുകയും ചെയ്യുന്നവരാണ്. ഇത്തരത്തിൽ സ്നേഹം വർധിപ്പിക്കാനും വെറുപ്പ് അകറ്റാനും കഴിയുന്നു.

* രണ്ടാമത്തേത് പൊതുവഴിയിൽ മാലിന്യങ്ങൾ ഉപേക്ഷിക്കരുതെന്ന് മാത്രമല്ല, യാത്രക്കാർക്ക് പ്രയാസമുണ്ടാക്കുന്ന വസ്തുക്കൾ കണ്ടാൽ അതെടുത്ത് മാറ്റാൻ ശ്രമിക്കേണ്ടതാണ്. പൊതുവഴിയിൽ നിന്ന് ഇത്തരം വസ്തുക്കൾ മാറ്റുന്നത് ദാനധർമമാണെന്ന് നബി(സ)തിരുമേനി പഠിപ്പിച്ചിട്ടുണ്ട്.

പിന്നീട് അസമാധാനം സൃഷ്ടിക്കും വിധത്തിൽ പൊതുസ്ഥലത്ത് ബഹളമുണ്ടാക്കുകയോ ശണ്ഠ കൂടുകയോ ചെയ്യരുതെന്ന നിർദേശമാണുള്ളത്. സ്ത്രീകളും കുട്ടികളും ഭയക്കുകയും പരിഭ്രമിക്കുകയും ചെയ്യുംവിധം ഒന്നും പ്രവർത്തിക്കരുത്.

പൊതുവഴിയിൽ കൂട്ടംചേർന്നിരിക്കുന്നത് ഒഴിവാക്കേണ്ടതാണ്. നബി (സ) പറഞ്ഞു:ഇയ്യാക്കും വൽജുലൂസ അലത്ത്വുറഖാത്തി. വഴിയിൽ കൂട്ടം ചേർന്നിരിക്കുന്നതിൽനിന്ന് വിട്ടുമാറിക്കൊൾക. സ്വഹാബത്ത് പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ! ഞങ്ങൾ നിർബന്ധിതരാണ്. ഞങ്ങളവിടെയിരുന്നാണ് ചർച്ചകളും അഭിപ്രായങ്ങളും നടത്തുന്നത്.' അപ്പോൾ നബി (സ)തിരുമേനി പറഞ്ഞു: 'അങ്ങനെയെങ്കിൽ വഴിയോടുള്ള കടമകൾ നിങ്ങൾ പൂർത്തിയാക്കണം.' വഴിയോടുള്ള കടമയെന്താണ് റസൂലേ എന്ന് സ്വഹാബത്ത് വീണ്ടും ചോദിച്ചപ്പോൾ, നബി (സ)തിരുമേനി പറഞ്ഞു: 'ദൃഷ്ടി കീഴ്പ്പോട്ടാക്കുകയും ആരെയും വിഷമിപ്പിക്കാതിരിക്കുകയും സലാം കേട്ടാൽ മറുപടി നൽകുകയും ചെയ്യുക. നല്ല കാര്യങ്ങൾ ഉപദേശിക്കുകയും തിന്മ തടയുകയും ചെയ്യുക.(മുത്തഫിഖുൻ അലയ്ഹി)

രോഗികളെ സന്ദർശിക്കണമെന്നുള്ള കൽപനയുണ്ട്. അവരെ ആശ്വാസ വാക്കുകൾകൊണ്ട് സമാധാനിപ്പിക്കുകയും അവരുടെ ആരോഗ്യത്തിന് പ്രാർഥിക്കുകയും ചെയ്യുക.

പിന്നെ മരണാനന്തരശേഷക്രിയകളിൽ പങ്കെടുക്കണമെന്ന കൽപ്പനയുണ്ട്. തങ്ങളുടേതായ രീതികൾക്കനുസരിച്ച് അന്ത്യനിമിഷങ്ങളിലെ ആചാരങ്ങളെല്ലാം ആദരവോടുകൂടിത്തന്നെ ചെയ്യേണ്ടതാണ്. ഒരു യഹൂദിയുടെ ജനാസ കടന്നുപോവുന്നത് കണ്ട നബി (സ)തിരുമേനി എഴുന്നേറ്റു നിൽക്കുകയുണ്ടായി. അപ്പോൾ റസൂലേ! അതൊരു അമുസ്‌ലിം യഹൂദിയുടെ ജനാസയാണെന്ന് സ്വഹാബത്ത് പറഞ്ഞപ്പോൾ, നബി(സ)തിരുമേനി പറഞ്ഞു, 'അതിലും ഒരാത്മാവ് ഉണ്ടായിരുന്നതല്ലേ.' മനുഷ്യനെന്ന നിലയിൽ എല്ലാവരും ഒരുപോലെയാണെന്നാണ് പറഞ്ഞതിന്റെ ഉദ്ദേശ്യം.

ഇത്തരത്തിൽ നിരവധി നിർദേശങ്ങൾ നാടിന്റെ സമാധാനവുമായി ബന്ധപ്പെട്ടുകൊണ്ട് കാണാൻ സാധിക്കുന്നു. ചില ഹദീഥുകൾകൂടി സമർപ്പിക്കാം.

ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഉമർ(റ)നിവേദനം. നബി(സ)തിരുമേനി പറഞ്ഞു: 'നിങ്ങൾ പരസ്പരം അസൂയപ്പെടരുത്. മറ്റുള്ളവർക്ക് നഷ്ടമുണ്ടാക്കും വിധം കച്ചവടം ചെയ്യരുത്. പരസ്പരം വെറുപ്പ് പുലർത്തുകയോ മുഖംതിരിച്ച് നടക്കുകയോ അരുത്. അല്ലാഹുവിന്റെ ദാസന്മാർ പരസ്പരം സഹോദരന്മാരായി കഴിയുക.' (മുസ്‌ലിം)

ഹദ്റത്ത് അംറ് ബിൻ ശുഅയ്ബ്(റ)തന്റെ പിതാവിൽനിന്നും അദ്ദേഹം തന്റെ പിതാമഹനിൽ നിന്നും കേട്ടതായി നിവേദനം. നബി(സ) തിരുമേനി പറഞ്ഞു: 'ചെറിയവരോട് കരുണ കാണിക്കാത്തവരും മുതിർന്നവരെ ആദരിക്കാത്തവരുമായി എനിക്കൊരു ബന്ധവുമില്ല.' (തിർമദി)

ഹദ്റത്ത് അബ്ദുല്ലാ ബിൻ മസ്ഊദ് (റ)നിവേദനം. നബി(സ)തിരുമേനി പറഞ്ഞു: 'മുഴുവൻ സൃഷ്ടികളും അല്ലാഹുവിന്റെ കുടുംബമാണ്. അവന്റെ കുടുംബത്തോട് ഉദാരമായി പെരുമാറുന്നവരെയും അവരുടെ പ്രയാസങ്ങൾ ദൂരീകരിക്കുന്നവരെയും അവൻ ഏറ്റവും ഇഷ്ടപ്പെടുന്നു.'(മിശ്ക്കാത്ത്)

ഒരു മനുഷ്യനെയും അകാരണമായി പ്രയാസപ്പെടുത്താത്തവനാണ് മുസ്‌ലിമെന്നാണ് ഒരു മുസ്‌ലിമിന്റെ അടയാളമായി നബി(സ)തിരുമേനി പറഞ്ഞത്.

ഹദ്റത്ത് അബൂഹുറയ്റ (റ)നിവേദനം. നബി(സ) തിരുമേനി പറഞ്ഞു: 'ആരുടെ കൈയിൽ നിന്നും നാവിൽനിന്നും ജനങ്ങൾ സുരക്ഷിതരായിരിക്കുന്നുവ്യവോ അവനാണ് മുസ്‌ലിം. അതുപോലെ ആരുമുഖേന ആളുകളുടെ ജീവനും സമ്പത്തും സുരക്ഷിതമാണോ അയാളാണ് മുഅ്മിൻ.'തിർമദി)

മനുഷ്യരെയെന്നല്ല മൃഗങ്ങളെയും പ്രയാസപ്പെടുത്തരുതെന്നാണ് നബി(സ)തിരുമേനി കൽപ്പിച്ചിരിക്കുന്നത്.

ഹദ്റത്ത് ഇബ്നു ഉമർ (റ) നിവേദനം. ഒരു പൂച്ചയെ കെട്ടിയിട്ട് പട്ടിണിക്കിട്ട് കൊന്നതു കാരണം ഒരു സ്ത്രീ ശിക്ഷിക്കപ്പെട്ടു. ഭൂമിയിലെ എലിപോലുള്ള ജന്തുക്കൾ ധാന്യമോ ഭക്ഷണമോ വെള്ളമോ കഴിക്കരുതെന്ന് കരുതി തടഞ്ഞു വെച്ച് അക്രമം പ്രവർത്തിച്ചവന് നരകശിക്ഷ നൽകപ്പെട്ടു. (മുസ്‌ലിം)

ഹദ്റത്ത് അബ്ദുല്ലാഹ് (റ) നിവേദനം. 'ഒരിക്കൽ ഞങ്ങൾ നബി(സ)തിരുമേനിയോടൊപ്പം യാത്രയിലായിരുന്നു. എന്തോ ആവശ്യാർഥം നബി(സ) തിരുമേനി പുറത്തുപോയപ്പോൾ ഒരു പക്ഷിയെ അതിന്റെ രണ്ട് കുഞ്ഞുങ്ങളോടൊപ്പം ഞങ്ങൾ കാണുകയുണ്ടായി. അതിന്റെ രണ്ട് കുഞ്ഞുങ്ങളെ ഞങ്ങൾ പിടിച്ചുകൊണ്ടുവന്നു. അപ്പോൾ ആ പക്ഷി ഞങ്ങൾക്ക് മുകളിൽ വട്ടമിട്ടു പറക്കാൻ തുടങ്ങി. ഇതു കണ്ടു കൊണ്ട് വരികയായിരുന്ന നബി(സ)തിരുമേനി ചോദിച്ചു: ആരാണ് അതിന്റെ കുഞ്ഞുങ്ങളെ എടുത്തുകൊണ്ടണ്ടുവന്ന് അതിനെ പ്രയാസപ്പെടുത്തുന്നത്? അതിന്റെ കുഞ്ഞുങ്ങളെ ഉടൻ തിരിച്ചു നൽകുക. മറ്റൊരിക്കൽ ആരോ ഉറുമ്പിൻ കൂട്ടിൽ തീയിട്ടപ്പോൾ നബി(സ)തിരുമേനി പറഞ്ഞു. അഗ്നി കൊണ്ട് ശിക്ഷിക്കാൻ അല്ലാഹുവിനല്ലാതെ മറ്റാർക്കും അവകാശമില്ല.'(അബൂദാവൂദ്)

ഇത്തരം നിസ്സാരമെന്ന് തോന്നുന്ന ധാരാളം നിർദേശങ്ങളുണ്ട്. ഇതൊക്കെയും സമാധാനം സ്ഥാപിക്കുന്നതിനുള്ള പ്രാഥമിക പാഠങ്ങളാണ്.

ഭരണകൂടത്തിന്റെ കടമകളും കർത്തവ്യങ്ങളും:

മനുഷ്യർ പാലിക്കേണ്ടതായ പരസ്പര കടമകളെയും അവകാശങ്ങളെയും കുറിച്ചാണ് ഇത്രയും പറഞ്ഞുവന്നത്. ഇനി ഇസ്‌ലാമിക അധ്യാപനങ്ങളുടെ വെളിച്ചത്തിൽ സർക്കാറിന്റെയും ഭരണകൂടത്തിന്റെയും കടമകളും കർത്തവ്യങ്ങളും സംബന്ധിച്ച് അൽപം വിശദീകരിക്കാം. ഒരു ഗവൺമെന്റിന്റെ പ്രഥമ കടമ പൊതുജനങ്ങളുടെ അടിസ്ഥാന ആവശ്യങ്ങളായ ഭക്ഷണം,വസ്ത്രം, പാർപ്പിടം എന്നിവ കഴിവനുസരിച്ച് സൗകര്യപ്പെടുത്തിക്കൊടുക്കുക എന്നതാണ്. ഇതു സംബന്ധമായി വിശുദ്ധ ഖുർആൻ പറയുന്നു: ഇന്ന ലക്കലാ തജൂഅ ഫീഹാ വലാ തഅ്റാ വ അന്നക്കലാ തള്മഉ ഫീഹാ വലാ തള്ഹാ(20:119-120)

അല്ലയോ മനുഷ്യാ! നിന്റെ അടിസ്ഥാന ആവശ്യങ്ങൾ നിശ്ചയിക്കപ്പെട്ടിരിക്കുന്നു. നിനക്ക് വിശക്കേണ്ടി വരികയില്ല, നഗ്നനാകേണ്ടതുമില്ല, ദാഹമുണ്ടാവുകയില്ല, വെയിലിന്റെ ഉഷ്ണം ഏൽക്കേണ്ടതുമില്ല.

വിശപ്പ്, ദാഹം, വസ്ത്രം എന്നീ അടിസ്ഥാന ആവശ്യങ്ങൾ പരസ്പരം സഹായിച്ചും പരിഗണിച്ചും ആളുകൾ വ്യക്തിപരമായ നിലയിലും ചെയ്യാറുണ്ട്. വിവിധ സംഘടനകളും ചഏഛയും ഇതിനെല്ലാം ശ്രമിക്കാറുമുണ്ട്.

പക്ഷേ, സർക്കാറിന്റെ അടിസ്ഥാന ഉത്തരവാദിത്വം കൂടിയാണിത്. ഏതൊരു ഗവൺമെന്റാണോ മനുഷ്യന്റെ ഇത്തരം ആവശ്യങ്ങളെ തങ്ങളുടെ സുപ്രധാന കടമകളായി കണ്ട് പ്രവർത്തിക്കാതിരിക്കുന്നത് അത്തരം ഭരണകൂടത്തിന് കീഴിൽ ജീവിക്കുന്ന ജനങ്ങളും അസ്വസ്ഥതയിലും അസമാധാനത്തിലുമായിരിക്കും. അവിടെ പല പ്രശ്നങ്ങളും ഉടലെടുക്കുകയും ചെയ്യും. ഇതിന് വളരെ പ്രധാനപ്പെട്ട കാര്യം ജനങ്ങളിൽ എല്ലാവർക്കും ഉചിതമായ ജോലി ഏർപ്പാടു ചെയ്യുക എന്നുള്ളതാണ്. എല്ലാവരുടെയും കഴിവനുസരിച്ച് സ്വന്തം കാലിൽ നിൽക്കാൻ പര്യാപ്തരാക്കുക. ആരോടെങ്കിലും ആവശ്യങ്ങൾ ചോദിക്കേണ്ടുന്ന സാഹചര്യം സൃഷ്ടിക്കാതിരിക്കുക. ഈ കാര്യത്തിൽ നബി(സ) തിരുമേനി നൽകിയ ചില ഉപദേശങ്ങൾ പറയാം:

ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ മസ്ഊദ് (റ) നിവേദനം. നബി(സ)തിരുമേനി പറഞ്ഞു: 'അല്ലാഹു നിർബന്ധമാക്കിയ കാര്യങ്ങളിൽ അധ്വാനിച്ച് ഉപജീവന മാർഗം കണ്ടെത്തുക എന്നതും ഉൾപ്പെടുന്നു.' (മിശ്ക്കാത്ത്)

ഹദ്റത്ത് മിഖ്ദാദ് (റ) നിവേദനം. നബി(സ) തിരുമേനി പറഞ്ഞു: 'തന്റെ സ്വന്തം കൈകൊണ്ട് സമ്പാദിച്ച ഉപജീവനത്തെക്കാൾ ഉത്തമമായ മറ്റൊരു ഉപജീവനവുമില്ല.'(ബുഖാരി)

നബി(സ)തിരുമേനി യാചന ഇഷ്ടപ്പെട്ടിരുന്നില്ല. മുകളിലുള്ള കൈ (കൊടുക്കുന്ന കൈ) താഴെയുള്ള കൈയേക്കാൾ (വാങ്ങുന്ന കൈയേക്കാൾ) ഉത്തമമാണെന്ന് അവിടന്ന് പഠിപ്പിച്ചു. എന്നാൽ, ഏതെങ്കിലും ആവശ്യക്കാരൻ നബി(സ)തിരുമേനിയുടെ അടുക്കൽ വന്നാൽ വെറും കൈയോടെ അയാളെ തിരിച്ചയച്ചിരുന്നില്ല. ഏതെങ്കിലും

യാചകനെ യാചനയിൽ നിന്ന് വിലക്കുമ്പോൾ അയാൾക്ക് ഉചിതമായ മറ്റ് ഏർപ്പാടും ചെയ്തു കൊടുക്കുമായിരുന്നു.

ഹദ്റത്ത് അനസ് ബിൻ മാലിക് (റ) നിവേദനം. ഒരു അൻസ്വാരി തന്റെ ആവശ്യവും ചോദിച്ച് നബി(സ)തിരുമേനിയുടെ അടുത്തു വന്നു. അയാൾക്കെന്തെങ്കിലും കൊടുക്കുന്നതിനു പകരം നബി(സ)തിരുമേനി അയാളോടു ചോദിച്ചു: 'നിങ്ങളുടെ വീട്ടിലെന്തെങ്കിലുമുണ്ടോ?' അയാൾ പറഞ്ഞു: 'ഒരു വിരിപ്പും തോൽസഞ്ചിയുമുണ്ട്.' രണ്ടും കൊണ്ടുവരുവാൻ നബി(സ)തിരുമേനി അയാളോട് പറഞ്ഞു. അവ കൊണ്ടുവന്നപ്പോൾ സ്വഹാബാക്കൾക്കു മുന്നിൽ അവ ലേലത്തിന് വെക്കുകയും ഒരാൾ ഒരു ദിർഹം പറഞ്ഞപ്പോൾ മറ്റൊരാൾ രണ്ട് ദിർഹമിന് വാങ്ങാമെന്ന് ഏൽക്കുകയും ചെയ്തു. നബി(സ)തിരുമേനി ആ അൻസ്വാരിയോട് പറഞ്ഞു: 'ഒരു ദിർഹമിന് ഭക്ഷണ സാധനങ്ങൾ വാങ്ങി വീട്ടിൽ കൊടുക്കുകയും മറ്റേ ദിർഹമിന് ഒരു കോടാലി വാങ്ങി വരികയും ചെയ്യുക.' അയാൾ കോടാലിയുമായി വന്നപ്പോൾ നബി(സ) തിരുമേനി അതിൽ മരപ്പിടി പിടിപ്പിച്ച് കൊടുത്ത് കൊണ്ട് മരം വെട്ടി വിൽപന നടത്തുവാനും അടുത്ത 15 ദിവസം വരെ ഇവിടെ കാണരുതെന്നും പറയുകയുണ്ടായി. അങ്ങനെ അയാൾ മരം വെട്ടി കച്ചവടം ചെയ്ത് ദിവസങ്ങൾ കഴിഞ്ഞ് നബി(സ)തിരുമേനിയുടെ അടുക്കലെത്തിയപ്പോൾ 10 ദിർഹം അയാൾ സമ്പാദിച്ചിട്ടുണ്ടായിരുന്നു. നബി(സ)തിരുമേനി അയാളോട് നിനക്ക് യാചിച്ചു നടക്കുന്നതിനെക്കാൾ ഉത്തമം ഇങ്ങനെ സ്വയം പണിയെടുത്ത് സമ്പാദിച്ച് തിന്നുന്നതല്ലേ എന്ന് ചോദിക്കുകയുണ്ടായി. (അബൂ ദാവൂദ്)

തൊഴിലാളിയുടെ വിയർപ്പ് ഉണങ്ങുന്നതിനു മുമ്പേ അവരുടെ വേതനം നൽകേണ്ടതാണെന്ന് മുതലാളിമാരോട് നബി (സ)തിരുമേനി നിർദേശിച്ചു. (ഇബ്നു മാജ)തൊഴിലാളിയുടെ അവകാശം നൽകാത്തവരുമായി ഖിയാമത്ത് നാളിൽ ഞാൻ വഴക്കിടുന്നതാണെന്ന് നബി(സ)തിരുമേനി മറ്റൊരു ഭാഗത്ത് പറഞ്ഞിട്ടുണ്ട്. തൊഴിലാളിയുടെ വേതനം നൽകാത്ത മുതലാളിമാരിൽ നിന്ന് അവരുടെ വേതനം കൊടുപ്പിക്കേണ്ടത് സർക്കാറിന്റെ കൂടി കടമയാണെന്നാണ് ഇതിൽനിന്ന് മനസ്സിലാകുന്നത്.

പൊതു ജനങ്ങളോട് നീതിയോടും ന്യായത്തോടും പ്രവർത്തിക്കുക എന്നതും ഗവൺമെന്റിന്റെ കടമയാണ്. എല്ലാവിധ അനീതിയും അന്യായവും അവസാനിപ്പിക്കുവാൻ പരിശ്രമിക്കേണ്ടത് അവരുടെ കടമയാണ്. ഇന്ന് അനീതിയും അന്യായവും തന്നെയാണ് എല്ലാവിധ അസമാധാനത്തിനും അസ്വസ്ഥതക്കും കാരണമായിട്ടുള്ളത്. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് ഈ കാര്യം തന്നെയാണ് ലോക നേതാക്കന്മാരെ ഉണർത്തിക്കൊണ്ടിരിക്കുന്നത്. 2012-ൽ ക്യാപിറ്റൽ ഹിൽ വാഷിങ്ടൺ ഡി സിയിൽവച്ച് നടത്തിയ പ്രഭാഷണത്തിൽ ഹുദൂർ പറഞ്ഞു:

'മനുഷ്യരെല്ലാവരും സമന്മാരാണെന്നാണ് വിശുദ്ധ ഖുർആൻ വ്യക്തമായും പറയുന്നത്. നബി (സ) തിരുമേനി തന്റെ അവസാന പ്രഭാഷണത്തിൽ മുസ്‌ലിമീങ്ങളോട് പറയുകയുണ്ടായി, നിങ്ങളെപ്പോഴും ഓർക്കണം. ഒരറബിക്ക് അനറബിയുടെ മേലോ അനറബിക്ക് അറബിയുടെമേലോ ഒരു ശ്രേഷ്ഠതയുമില്ലെ ന്ന്. വെളുത്തവന് കറുത്തവനിലും കറുത്തവന് വെളുത്തവനിലും ഒരു ശ്രേഷ്ഠതയുമില്ല. എല്ലാ സമൂഹത്തിലുംപെട്ട മനുഷ്യർ സമന്മാരാണെന്നത് ഇസ്‌ലാമിന്റെ വ്യക്തമായ അധ്യാപനമാണ്. ആർക്കിടയിലും ഒരുവിധ വ്യത്യാസവും കൽപ്പിക്കരുതെന്നും ആർക്കും ഒരു വിധ പരിഗണനയും നൽകാതെ എല്ലാവരുടെയും അവകാശങ്ങൾ ഒരുപോലെ സംരക്ഷിക്കണമെന്നും നിർദേശിക്കുന്നു. ഇതുതന്നെയാണ് ആഗോള സമാധാനത്തിനും സാഹോദര്യത്തിനും ഒത്തൊരുമയ്ക്കും അടിസ്ഥാന കാര്യമായിട്ടുള്ളത്.

**അന്താരാഷ്ട്ര ബന്ധങ്ങൾ:**

ഇനി അൽപം അന്താരാഷ്ട്ര തലത്തിലുള്ള ഇടപെടലുകളും ബന്ധങ്ങളും സംബന്ധിച്ച് പറയാം. വൻ ശക്തികൾ ചെറുകിട ശക്തികളെ അടിച്ചമർത്താൻ ശ്രമിക്കുകയും വിവിധ കാരണങ്ങളുണ്ടാക്കി അവരുടെ ജീവിതോപായങ്ങൾ തകർക്കാനുമുള്ള ശ്രമങ്ങളാണ് ഇന്ന് നടത്തിക്കൊണ്ടിരിക്കുന്നത്. ഈ എല്ലാ കലഹങ്ങളുടെയും യുദ്ധങ്ങളുടെയും കാരണങ്ങൾ പരിശോധിച്ചാൽ മറ്റുള്ളവരുടെ സമ്പത്തിൽ കണ്ണുംനട്ട് അല്ലെങ്കിൽ അനുവദനീയമല്ലാത്ത നേട്ടങ്ങൾ കൊയ്യുവാനും തങ്ങളുടെ വലിപ്പത്തം നിലനിറുത്താനുമുള്ള ശ്രമങ്ങൾ കൊണ്ടാണ് എന്ന് കാണാവുന്നതാണ്.

ഇസ്‌ലാം ഇത്തരം വ്യക്തി താൽപര്യങ്ങളെ അവസാനിപ്പിക്കുന്നതിന് വിശുദ്ധ ഖുർആനിലെ 20-ാം അധ്യായം 132-ാം വചനത്തിൽ പറയുന്നു: അവരിൽ നിന്നുള്ള പല വിഭാഗങ്ങൾക്കും നാം ഐഹിക ജീവിതത്തിന്റെ അലങ്കാരങ്ങൾ നൽകി സുഖസൗകര്യങ്ങൾ ഏർപ്പെടുത്തിക്കൊടുത്തതിനു നേരെ നീ നിന്റെ കണ്ണുകൾ ഉയർത്തരുത്. അവരെ അതിൽ പരീക്ഷിക്കുന്നതിന് വേണ്ടിയാണ് നാം അത് നൽകിയത്. നിന്റെ നാഥൻ നൽകുന്ന അനുഗ്രഹം ഏറ്റവും ഗുണകരവും കൂടുതൽ നിലനിൽക്കുന്നതുമാകുന്നു.

5-ാം അധ്യായത്തിലെ 9-ാം വചനത്തിൽ നൽകുന്ന മറ്റൊരു അടിസ്ഥാന കൽപന ഇപ്രകാരമാണ്.

വിശ്വാസിച്ചവരേ! നീതിക്ക് സാക്ഷ്യം വഹിക്കുന്നവരായി അല്ലാഹുവിനുവേണ്ടി നിങ്ങൾ നിലകൊള്ളുക. ഒരു സമുദായത്തിന് നിങ്ങളോടുള്ള വിരോധം അവരോട് അനീതി പ്രവർത്തിക്കാൻ നിങ്ങളെ പ്രേരിപ്പിക്കാതിരിക്കട്ടെ. നിങ്ങളെപ്പോഴും നീതി പാലിക്കുക. അത് ദൈവയുക്തിയുമായി ഏറ്റവും അടുത്തതാണ്. നിങ്ങൾ അല്ലാഹുവിനെ ഭയപ്പെടുക. തീർച്ചയായും അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെ കുറിച്ച് സൂക്ഷ്മമായി അറിവുള്ളവനാകുന്നു.

ഇന്ന് ലോകത്തുള്ള മുഴുവൻ വൻകിട ചെറുകിട ശക്തികളും പരസ്പരം മറ്റുള്ളവരുടെ സ്വത്തുക്കളിൽ കണ്ണുംനട്ട് അത്യാഗ്രഹത്തോടുകൂടി അവരെ തകർക്കാനും നശിപ്പിക്കാനും തങ്ങളുടെ മേന്മ പ്രകടിപ്പിക്കാനും വ്യക്തി താൽപര്യങ്ങൾ സംരക്ഷിക്കാനും കിണഞ്ഞ് പരിശ്രമിക്കുമ്പോൾ എതിർപക്ഷത്തുള്ള നാടുകൾക്കും രാജ്യങ്ങൾക്കും എത്രമാത്രം നാശങ്ങളും നഷ്ടങ്ങളുമാണ് വരുത്തിവെക്കുന്നതെന്ന ചിന്തപോലുമില്ല.

അഹ്മദിയ്യാ ജമാഅത്തിന്റെ നാലാം ഖലീഫ ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്) വർഷങ്ങൾക്കു മുമ്പേ പറയുകയുണ്ടായി. 'ആധുനിക കാലത്തെ രാഷ്ട്രീയം മലീമസമാണ്. നീതിയും തഖ്‌വയും അൽപം പോലുമില്ല. ഇസ്‌ലാമിന്റെ പേരിൽ നിലകൊള്ളുന്ന മുസ്‌ലിം ഭരണങ്ങളും രാജ്യങ്ങളും തങ്ങളുടെ വലുപ്പത്തം പ്രകടിപ്പിക്കുന്നു. അവർ ഇസ്‌ലാമിൽനിന്ന് ബഹുദൂരം അകലെയാണ്. ഇസ്‌ലാമിക നീതിതത്ത്വങ്ങൾക്കു പകരം അവരുടെതായ ലക്ഷ്യങ്ങളാണ് അവർക്കുള്ളത്. മറുഭാഗത്ത് നീതിയുടെ പേരിൽ ഇതര സമുദായങ്ങൾ വലിയ വലിയവാദങ്ങൾ പുറപ്പെടുവിക്കുന്നു. തങ്ങളാണ് ലോകത്ത് നീതി നിലനിറുത്തുന്നവരെന്നും തങ്ങളുടെ ശക്തി കൂടാതെ ലോകത്ത് നീതി നിലനിറുത്താനാവുകയില്ലെന്നും വാദിക്കുന്നു. എന്നാൽ, ശരിക്കും പരിശോധിച്ചാൽ വിശുദ്ധ ഖുർആൻ സമർപ്പിക്കുന്ന നീതിതത്ത്വവുമായി അതിന് ഒരു ബന്ധവുമില്ലെന്നു കാണാവുന്നതാണ്

**മതങ്ങളുടെ ഇടപെടൽ:**

സമാധാന സംസ്ഥാപനത്തിന് മതങ്ങൾക്കും പ്രധാനപ്പെട്ട കടമകൾ നിർവഹിക്കാനുണ്ട്. ആധുനിക കാലത്ത് മതാധ്യാപനങ്ങളെ വികൃതമായ രീതിയിൽ അവതരിപ്പിച്ചുകൊണ്ടും ശരിയായ അധ്യാപനങ്ങൾ വിസ്മരിച്ചുകൊണ്ടും നാമമാത്ര മത പുരോഹിതന്മാരുടെ വ്യക്തി താൽപര്യങ്ങളും ചിന്തകളും മുഖേന മതാനുയായികൾക്കിടയിൽ വെറുപ്പും വിദ്വേഷവും വ്യാപിച്ചു കൊണ്ടിരിക്കുകയാണ്. മത സ്വാതന്ത്ര്യത്തിന്റെ പേരിൽ നടക്കുന്ന പല പ്രവർത്തനങ്ങളും ജനങ്ങളുടെ സമാധാനം കെടുത്തുന്നതിന് കാരണമായിത്തീരുന്നു. ഇക്കാരണത്താൽ ജനങ്ങൾ മത നിഷേധികളായി തീരുകയോ ആചാര വിശ്വാസങ്ങളിൽ മാത്രം കഴിഞ്ഞുകൂടുകയോ ചെയ്യുന്നു. തങ്ങളുടെ മത കൽപനകളെന്തെന്ന് പോലും അവർ അറിയുന്നില്ല. ഇസ്‌ലാം സമർപ്പിക്കുന്ന സമാധാന അധ്യാപനങ്ങളും നബി(സ) തിരുമേനിയുടെ ഉദാത്തമായ മാതൃകകളും വിശദമായി അവതരിപ്പിക്കുവാൻ ഇപ്പോൾ സമയമില്ലെങ്കിലും വളരെ സംഗ്രഹിച്ച് ചില കാര്യങ്ങൾ പറയാം.

വിശുദ്ധ ഖുർആൻ അല്ലാഹുവിനെ റബ്ബുൽ മുസ്‌ലിമീൻ എന്നല്ല റബ്ബുൽ ആലമീൻ എന്നാണ് പരിചയപ്പെടുത്തുന്നത്. എല്ലാ സമുദായത്തിലും പ്രവാചകന്മാരെയും സന്മാർഗ ദർശകരെയും അവൻ അയച്ചിരുന്നു എന്നതാണ് അതിനുള്ള തെളിവ്. പിന്നീട് അവരുടെ അധ്യാപനങ്ങൾ വികലമാക്കപ്പെട്ടുവെങ്കിലും ആ മതങ്ങളൊന്നും മോശമാണെന്ന് പറയാവുന്നതല്ല.

മത പ്രചാരണത്തിന് ഒരുവിധ ബലാൽകാരവും പാടില്ലെന്ന് കൽപ്പിക്കുന്നു. ഖുർആൻ പറയുന്നു. ലാ ഇക്റാഹ ഫിദ്ദീൻ. മതത്തിൽ ഒരു ബലാൽകാരവുമില്ല. ഇസ്‌ലാം വാളുകൊണ്ട് പ്രചരിപ്പിക്കുന്നതിനുള്ള അനുമതി നൽകുന്നുവെന്നത് ഇസ്‌ലാമിനെതിരിലുള്ള തികച്ചും തെറ്റായ ആരോപണമാണ്. ഇസ്‌ലാമിക യുദ്ധങ്ങൾ തികച്ചും പ്രതിരോധ നടപടിയെന്ന നിലയിലും കുഴപ്പവും കലഹവും അവസാനിപ്പിച്ച് സമാധാനം സ്ഥാപിക്കുന്നതിന് വേണ്ടിയും മാത്രമായിരുന്നു നടന്നത് .

ഇക്കാലത്ത് ഇത്തരം ആരോപണം തെറ്റാണെന്ന് പ്രവൃത്തി മുഖേനയും സ്ഥാപിക്കുന്നതിന് വേണ്ടി അല്ലാഹു നബി (സ)തിരുമേനിയുടെ സത്യസന്ധനായ പ്രേമി ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി(അ)യെ വാളൊന്നും കൂടാതെ അയക്കുകയുണ്ടായി. അദ്ദേഹത്തിന്റെ ഖലീഫമാരും അനുയായികളും മുഖേന ഇസ്‌ലാം സമാധാന സന്ദേശങ്ങൾ മുഖേനയാണ് ലോകത്ത് പ്രചരിക്കുന്ന തെന്നും വാളിന്റെയോ യുദ്ധത്തിന്റെയോ ആവശ്യമില്ലെന്നും ലോകത്ത് തെളിയിച്ചുകൊണ്ടിരിക്കുകയാണ്.

അല്ലാഹു നബി(സ)തിരുമേനിയെ മുഴുലോകത്തിനും മാർഗദർശകനും ദൂതനുമായാണ് അയച്ചത്. ഖാതമുന്നബിയ്യീൻ എന്ന സ്ഥാനവും നൽകിയിരിക്കുന്നു. എന്നിട്ടും തന്റെ അനുയായികളിൽപെട്ട ആരും തന്നെ മറ്റുള്ള പ്രവാചകരെക്കാൾ തനിക്ക് ശ്രേഷ്ഠത കൽപ്പിച്ചുകൊണ്ട് സമൂഹത്തിൽ അസമാധാനം സൃഷ്ടിക്കുന്നത് അദ്ദേഹം ഇഷ്ടപ്പെട്ടിരുന്നില്ല. ബുഖാരിയിൽ വന്ന ഒരു നിവേദനത്തിൽ കാണുന്നു, ഒരു യഹൂദി അങ്ങാടിയിൽ കച്ചവട വസ്തുക്കൾ വിൽപന നടത്തുമ്പോൾ ഒരു മുസ്‌ലിം ഒരു സാധനത്തിന് വില കുറച്ചു പറയുകയുണ്ടായി. അത് ആ യഹൂദിക്ക് ഇഷ്ടപ്പെട്ടില്ല. അയാൾ പറഞ്ഞു: സകല മനുഷ്യരെക്കാളും ശ്രേഷ്ഠനായി മൂസ(അ)യെ അയച്ചവനാണ! ഇതുകേട്ട മുസ്‌ലിമിന് കോപം വരികയും ആ യഹൂദിയുടെ മുഖത്തടിക്കുകയും ചെയ്തു. ഉടൻ ആ യഹൂദി നബി(സ)തിരുമേനിയുടെ അടുക്കൽ വന്ന് പറഞ്ഞു, ഞങ്ങൾ താങ്കളുടെ സംരക്ഷണ

യിലും സുരക്ഷയിലുമാണ്. എന്നാൽ, ഈ മുസ്ലിം എന്നെ അടിച്ചുകൊണ്ട് അക്രമം ചെയ്തിരിക്കുന്നു. ഇത് കേട്ട നബി(സ)തിരുമേനി വെറുപ്പ് പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു, 'നിങ്ങൾ എനിക്ക് പ്രവാചകന്മാർക്കിടയിൽ ഒരു ശ്രേഷ്ഠതയും കൽപിക്കരുത്.' (ബുഖാരി)

ചുരുക്കത്തിൽ ഏതുവരെ മനുഷ്യർ പരസ്പരവും സാമൂഹിക തലത്തിലും സഹനവും സഹിഷ്ണുതയും വളർത്തുന്നില്ലയോ അതുവരെ മറ്റുള്ളവരുടെ പ്രയാസം ദൂരീകരിക്കാനോ അവർക്ക് ആശ്വാസം പകരാനോ സാധ്യമല്ല. വ്യക്തി താൽപര്യങ്ങളെ ത്യജിക്കാതെയും ത്യാഗങ്ങൾ സമർപ്പിക്കാതെയും മറ്റുള്ളവർക്ക് നന്മ ചെയ്യാൻ സാധ്യമല്ല. അതിലുപരി അവിടെ സത്യവും നീതിയുംഉണ്ടാവുകയുമില്ല. വീടുകളിലും പരിസര പ്രദേശങ്ങളിലും സമാധാനം നിലനാട്ടാനും കഴിയില്ല. പട്ടണങ്ങളിലും രാജ്യാന്തര തലങ്ങളിലും സമാധാനം സ്ഥാപിതമാവുകയില്ല.

തീർച്ചയായും അതിന് ഇന്നല്ലെങ്കിൽ നാളെ ഇസ്ലാമിന്റെ സമാധാന അധ്യാപനങ്ങളും റഹ്മത്തുല്ലിൽ ആലമീൻ നബി(സ)തിരുമേനിയുടെ പരിശുദ്ധ ഉപദേശങ്ങളും ഉദാത്തമായ മാതൃകകളും പിൻപറ്റേണ്ടി വരിക തന്നെ ചെയ്യും. അതുകൂടാതെ ലോകം സമാധാനത്തിന്റെയും ശാന്തിയുടെയും മുഖം ദർശിക്കുന്നതല്ല.

ഈ ഒരു സന്ദേശമാണ് അഹ്മദിയ്യാ ജമാഅത്തിന്റെ ഇപ്പോഴത്തെ ഇമാം ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് അയ്യദഹുല്ലാഹ് ലോകത്തിലെ വൻകിട നേതാക്കന്മാർക്കും രാഷ്ട്രതലവന്മാർക്കും നൽകിക്കൊണ്ടിരിക്കുന്നത്. ആഗോളതലത്തിൽ സമൂഹങ്ങൾക്കിടയിലും രാജ്യങ്ങൾക്കിടയിലും കടന്നുകൂടിയിട്ടുള്ള ഇത്തരം അവസ്ഥയും ആഗോള നാശത്തിന്റെ സാഹചര്യവും കണ്ട് അദ്ദേഹം ഉണർത്തിക്കൊണ്ടിരിക്കുന്നത്. മാസങ്ങൾക്കു മുമ്പേ ജർമൻ ജൽസ സാലാനയെ അഭിസംബോധന ചെയ്തു കൊണ്ട് നൽകിയ പ്രഭാഷണത്തിൽ ഹുദൂർ തിരുമനസ്സ് പറഞ്ഞു:

'സമാധാനം വലിയ പ്രധാനപ്പെട്ട കാര്യമാണെന്ന് നമ്മൾ മനസ്സിലാക്കുന്നു. സമാധാനത്തെ കുറിച്ചുള്ള സംസാരങ്ങൾ നടക്കുന്നു. സമാധാനം വളരെ സുപ്രധാനമാണെന്ന് എല്ലാവരും പറയുന്നു. സമാധാനാവസ്ഥ തന്നെയാണ് വീടുകളിലെ ശാന്തിക്കും സമാധാനത്തിനുമുള്ള ജാമ്യം. എല്ലാ തലത്തിലും സമാധാനം ഉണ്ടായെങ്കിലെന്ന് എല്ലാവരും ആഗ്രഹിക്കുകയും ചെയ്യുന്നു. എന്നാൽ, വെറും ആഗ്രഹം സമാധാനം ഉണ്ടാക്കുകയില്ല. ഇന്ന് സമാധാനത്തിനുവേണ്ടിയുള്ള ആഗ്രഹം സ്വാർഥ താൽപര്യങ്ങൾ കൈയടക്കിയിരിക്കുകയാണ്. ലോകത്ത് എവിടെയും കാണുന്നത് ഇതാണ്.

ലോകത്ത് ഈ ദൃശ്യങ്ങൾ സാധാരണക്കാരിലും നേതാക്കന്മാരിലും നമുക്ക് കാണാൻ സാധിക്കുന്നതാണ് .രാഷ്ട്രീയക്കാരിൽ പരസ്പരമുണ്ടാകുന്ന കലഹങ്ങളും അധികാരം കിട്ടിയാൽ കാട്ടുന്ന അക്രമവും നമ്മൾ കണ്ടുകൊണ്ടിരിക്കുന്നു. പരസ്പരം അവർ ചെയ്തുകൊണ്ടിരിക്കുന്നത് ഇത്തരം ചിന്തയുടെ ഫലമാണ്. സമാധാനം മാത്രം ആഗ്രഹിക്കുകയാണെങ്കിൽ അവിടെ കലഹം ഉണ്ടാകുമോ? എന്നാൽ, ഇതിൽ സ്വാർഥതയാണുള്ളത്. അതുകൊണ്ടുതന്നെ സമാധാനം ആഗ്രഹിക്കുന്നെങ്കിൽ തനിക്കും തന്റെ ബന്ധുക്കൾക്കും തന്റെ സമൂഹത്തിനുംവേണ്ടി മാത്രമാണ്. മറ്റുള്ളവർക്കും എതിരാളികൾക്കും ഇതാഗ്രഹിക്കാറില്ല. അവരുടെ സമാധാനം കെടുത്തുവാനാണ് നോക്കുന്നത്. അപ്പോൾ ഇത്തരം അവസ്ഥ അതായത് തനിക്കൊരു നിയമവും മറ്റുള്ളവർക്ക് വേറൊരു നിയമവും എന്ന രീതി, അവിടെ കുറച്ചു പേരുടെ സമാധാനം മാത്രമാണുണ്ടാവുക. മുഴുലോകത്തും സമാധാനം ഉണ്ടാവുകയില്ല.... മുഴു ലോകവും സമാധാനത്തിലല്ലെങ്കിൽ അത്തരം സമാധാനം യഥാർഥ സമാധാനവുമല്ല. യഥാർഥ സമാധാനം വ്യക്തി, കുടുംബ, വംശ, ദേശീയ തലങ്ങൾക്കതീതമായി സമാധാനം സ്ഥാപിക്കാൻ ശ്രമിക്കുമ്പോഴാണ് ഉണ്ടാവുക. അത് മഹത്തായ ലക്ഷ്യമായി തീരുമ്പോഴാണ് സാധ്യമാവുക. അതിന് തനിക്കുമീതെ ഒരു ഉന്നത അസ്തിത്വമുണ്ടെന്നും അവൻ തന്റെയോ വീട്ടുകാരുടെയോ തന്റെ രാജ്യത്തിന്റെയോ സമാധാനം മാത്രം ആഗ്രഹിക്കുന്നവനല്ലെന്നും മുഴുലോകത്തിനും വേണ്ടി സമാധാനം ആഗ്രഹിക്കുന്നവനാണെന്നുമുള്ള ഗ്രാഹ്യവും അറിവും ഉണ്ടായിരിക്കണം. ഒരു മഹാ അസ്തിത്വം എന്നെ കാണുന്നുണ്ടെന്നും അവന് വേണ്ടി ഞാനെന്റെ വാക്കും പ്രവർത്തിയും ഒന്നാക്കണമെന്നും ചിന്തിക്കണം. അതിന് നബി(സ)തിരുമേനി പറഞ്ഞുതന്ന തനിക്കിഷ്ടപ്പെടുന്നത് തന്റെ സഹോദരനു വേണ്ടിയും ഇഷ്ടപ്പെടുക എന്നുള്ള പാഠവും മുന്നിൽ വെച്ച് പ്രവർത്തിക്കണം. തങ്ങളുടെ ഇഹവും പരവും വിജയകരമാക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ, ലോകത്ത് സമാധാനത്തോടും ശാന്തിയോടുംകൂടി കഴിയാൻ ആഗ്രഹിക്കുന്നുവെങ്കിൽ അല്ലാഹുവിന്റെ റസൂലിന്റെമേലിറങ്ങിയ ഈ പരിശുദ്ധ കലാമിനെ എപ്പോഴും മുന്നിൽ വെക്കേണ്ടി വരും:യഹ്ദീ ബിഹില്ലാഹു മനിത്തബഅ രിള്വാനഹൂ സുബലുസ്സലാമി ഈ പ്രകാശിക്കുന്ന ഗ്രന്ഥത്തിലെ സന്മാർഗത്തിന്റെ പാഠങ്ങൾ മുന്നിൽ കാണേണ്ടതാണ്. അപ്പോഴാണ് സുബുലസ്സലാമിൽ ചലിക്കുന്നവരായി നാം മാറുക. സമാധാനത്തിന്റെ മാർഗത്തിൽ സഞ്ചരിക്കുന്നവരായിത്തീരുക. മനുഷ്യരുടെ സമാധാനം കെടുത്തുന്ന ഒരു അധ്യാപനവും ഇതിൽ കാണാൻ കഴിയില്ല. ഈ സന്ദേശമാണ് നമുക്കും അന്യർക്കും ഇന്ന് നൽകാനുള്ളത്. ഇതുതന്നെയാണ് ലോക സമാധാനത്തിനുള്ള ജാമ്യവും.

ഇന്ന് ഈ പ്രവൃത്തി നമ്മൾ അഹ്മദികളുടെതാണ്. നാമും വീടുകൾ മുതൽ അന്താരാഷ്ട്ര തലം വരെ ഇതനുസരിച്ച് തങ്ങളെ വാർത്തെടുക്കുന്നില്ലെങ്കിൽ ലോകത്ത് സമാധാനവും ശാന്തിയും സ്ഥാപിക്കുന്നതിനുള്ള ഒരു ജാമ്യവുമില്ലെന്ന് അറിഞ്ഞു കൊള്ളുക. നമ്മുടെ തലമുറകളും മുഴു ലോകവും സമാധാനത്തിലായിരിക്കുമെന്ന് പ്രതീക്ഷിക്കാനും കഴിയുകയില്ല. അതുകൊണ്ട് അല്ലാഹു നമ്മെ ലോകത്തെ അന്ധകാരത്തിൽനിന്ന് പ്രകാശത്തിലേക്ക് നയിക്കുന്നവരാക്കി മാറ്റട്ടെ. അല്ലാഹു തആല ഉത്തമമായ നിലയിൽ ഈ കടമകൾ നിർവഹിക്കാൻ നമുക്ക് തൗഫീഖ് നൽകുമാറാകട്ടെ. (പ്രഭാഷണം ജർമൻ ജൽസ 2022)

••••

## മലിനമാക്കാതിരിക്കുക

വാഗ്ദത്ത മഹ്ദീമസീഹ് ഹദ്റത്ത് അഹ്മദ്(അ) പറയുന്നു:''അല്ലാഹു മുത്തഖിയെ സ്നേഹിക്കുന്നു. അല്ലാഹുവിന്റെ മഹത്ത്വത്തെ ഓർമിച്ച് എല്ലാവരും ഭക്തിയോടെ ഇരിക്കുക. ഓർമിച്ചുകൊള്ളുവിൻ!എല്ലാവരും അല്ലാഹുവിന്റെ അടിയാറുകളാണ്. ആരേയും ദ്രോഹിക്കരുത്. ആരോടും കോപിക്കരുത്. നിന്ദാ ദൃഷ്ടിയോടെ നോക്കുകയുമരുത്. ജമാഅത്തിൽ മലിനമായ ഒരാളുണ്ടെങ്കിൽ അയാൾ എല്ലാവരേയും മലിനമാക്കുന്നതായിരിക്കും. കോപത്തിലേക്ക് നിങ്ങളുടെ സ്വഭാവം ചായുന്നുവെങ്കിൽ ആത്മപരിശോധന നടത്തുക. കോപത്തിന്റെ ആ അരുവി എവിടെന്നാണ് ഉത്ഭവിച്ചതെന്ന് കണ്ടെത്തുക. ആ സ്ഥലം വളരെ ഗുരുതരമാണ്.''(മൽഫൂദാത്ത് വാല്യം 1, പേജ് 9)

### • തിരുനബിയുടെ തിരുമൊഴികൾ •

**ഹദ്റത്ത് ആയിശ(റ) നിവേദനം. നബി(സ) നമസ്കാരം ആരംഭിച്ചിരുന്നത് തക്ബീർ കൊണ്ടായിരുന്നു. ഖിറാഅത്ത് അൽഹംദുലില്ലാഹി റബ്ബിൽ ആലമീൻ കൊണ്ടും(മുസ്ലിം, ഹദീഥ് 273)**

ത്വാലിബെ ദുആ: T.A. SAJEER
AHMADIYYA JAMA-ATH, ALLEPPEY Ph:92497 38840

നൂറുൽ ഇസ്ലാം വകുപ്പിന്റെ പ്രവർത്തന സമയം:

രാവിലെ 9 മണിമുതൽ രാത്രി 11 മണിവരെ.
വെള്ളിയാഴ്ച ദിവസംഅവധിയായിരിക്കും.

**1800 3010 2131**

ഈ ടോൾഫ്രീ നമ്പറിൽ വിളിച്ച്
താങ്കൾക്ക് അഹ്മദിയ്യ ജമാഅത്തിനെക്കുറിച്ച്
കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.

### • കലാമുൽ ഇമാം •

**"ഏറ്റവും പ്രിയങ്കരവും ഏറ്റവും സ്നേഹമുള്ളതുമായ വസ്തുക്കൾ ചെലവഴിക്കാത്തിടത്തോളം പ്രിയപ്പെട്ടതും മാന്യമായിട്ടുള്ളതുമായ പദവി ലഭിക്കുകയില്ല."(മൽഫൂദാത്ത് വാല്യം 1, പേജ് 64)**

ത്വാലിബെ ദുആ:
Rahman Shakeer & Family
Ahmadiyya Jama-ath Karulai, Kerala

### • കലാമുൽ ഇമാം •

**"ഭൗതികമായ സമ്പത്തും ഭരണവും അസൂയാർഹമായ സ്ഥാനമല്ല. അസൂയാർഹമായ സ്ഥാനം ദുആ ആകുന്നു." (മൽഫൂദാത്ത് വാല്യം 1, പേജ് 220)**

ത്വാലിബെ ദുആ:
P.Abdul Ameer
Ahmadiyya Jama-ath Pathapiriyam, Kerala

# ലോകത്തിനു സ്വാതന്ത്ര്യം നല്കിയ നബി

ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ) ഖലീഫത്തുൽ മസീഹ് ഥാനി

വിവർത്തനം:മൗലവി പി.എം. വസീം, ചേലക്കര

അൽഫള്ലിന്റെ പ്രത്യേക പതിപ്പിന് ലേഖനമെഴുതണമെന്ന് എന്നോട് ആഗ്രഹം പ്രകടിപ്പിക്കുകയുണ്ടായി. നബി(സ)തിരുമേനിയുടെ ഉയർന്ന സ്ഥാനവും മഹത്ത്വവും പ്രതിപാദിക്കുന്നതിന് പ്രസിദ്ധീകരിക്കാൻ പോകുന്ന ഈ പതിപ്പിൽ ലേഖനമെഴുതുക എന്നത് പ്രതിഫലം ലഭിക്കുന്ന ഒരു നന്മയായി ഞാൻ കണക്കാക്കുന്നു. ഈ ദിനങ്ങളിൽ വളരെ തിരക്കിലായിരുന്നിട്ടും അസുഖബാധിതനായിരുന്നിട്ടും ഒരു ലേഖനമെഴുതേണ്ടത് അത്യാവശ്യമാണെന്ന് ഞാൻ കരുതുന്നു.

നബി(സ)തിരുമേനിയുടെ ജീവിതത്തിലെ ഓരോ വശവുമെത്രത്തോളം മഹത്തരമാണെന്നാൽ, ഏതു വശത്തെകുറിച്ചാണ് എഴുതേണ്ടത്, ഏതാണ് ഒഴിവാക്കേണ്ടതെന്ന് നമ്മൾ ആശയക്കുഴപ്പത്തിലാകുകയും ഒരു തിരഞ്ഞെടുപ്പ് പ്രയാസമേറിയതാവുകയും ചെയ്യുന്നു. ഞാൻ ഇക്കാലഘട്ടത്തിന്റെ ആവശ്യമനുസരിച്ച് നബി(സ)തിരുമേനിയുടെ ജീവിതത്തിലെ ഏറ്റവും മികച്ച വശം, അതായത് അദ്ദേഹം എങ്ങനെയാണ് ഈ ലോകത്തെ അടിമത്വത്തിൽനിന്ന് മോചിപ്പിച്ചത്, ലോകത്തിന്റെ തീരാപ്രശ്നമായിരുന്ന സ്ത്രീകളുടെ സ്വാതന്ത്ര്യത്തിന് എന്താണ് ചെയ്തത്, സ്ത്രീകളെ അടിമത്വത്തിൽനിന്ന് മോചിപ്പിച്ചത് തുടങ്ങിയ കാര്യത്തിൽ നബി(സ)തിരുമേനി എന്താണ് ചെയ്തിരുന്നതെന്ന് പ്രതിപാദിക്കാം. നബി(സ)തിരുമേനിയുടെ ആഗമനത്തിനു മുമ്പേ സ്ത്രീകൾ എല്ലാ സ്ഥലങ്ങളിലും അടിമകൾ അല്ലെങ്കിൽ മറ്റുള്ളവരുടെ ഉടമസ്ഥതയിലുള്ള വസ്തു എന്ന നിലയിലാണ് കണക്കാക്കപ്പെട്ടിരുന്നത്. ഇവരുടെ അടിമത്വം പുരുഷന്മാരിലും സ്വാധീനം ചെലുത്തിയിരുന്നു, കാരണമെന്തെന്നാൽ, അടിമ സ്ത്രീകളുടെ പുത്രന്മാർ പൂർണമായും സ്വാതന്ത്ര്യം കരസ്ഥമാക്കാൻകഴിയാത്ത അവസ്ഥയിലായിരുന്നു.

ചില സ്ത്രീകൾ തങ്ങളുടെ സൗന്ദര്യത്താലും ജീവിത വിശുദ്ധിയാലും ചില പുരുഷന്മാരുടെ മേൽ ആധിപത്യം സ്ഥാപിച്ചു വന്നിരുന്നുവെന്നത് വസ്തുതയാണെങ്കിലും ഇത് യഥാർഥ സ്വാതന്ത്ര്യമായിരുന്നില്ല. എന്തെന്നാൽ, അതവർക്ക് അവകാശമെന്ന നിലയിൽ ലഭിച്ചതായിരുന്നില്ല, പ്രത്യുത അത് ചില ഒറ്റപ്പെട്ട സംഭവങ്ങൾ മാത്രമായിരുന്നു. ഇത്തരം ഒറ്റപ്പെട്ട സംഭവങ്ങളൊരിക്കലും ശരിയായ വികാരങ്ങൾ ഉണർത്തുന്നതിന് പര്യാപ്തമല്ല.

ഇന്നേക്ക് പതിമൂന്നര നൂറ്റാണ്ടു മുമ്പേയാണ് നബി(സ)തിരുമേനിയുടെ ആഗമനമുണ്ടായത്. ആ സമയംവരെ ഒരു മതത്തിലും ഒരു സമൂഹത്തിലും സ്ത്രീക്ക് അവകാശമെന്ന നിലയിൽ സ്വാതന്ത്ര്യം ലഭ്യമായിരുന്നില്ല. ഒരു തരത്തിലുമുള്ള നിയമസംവിധാനവുമില്ലാത്ത പ്രദേശങ്ങളിൽ അവൾ എല്ലാ തരത്തിലുമുള്ള ബന്ധനങ്ങളിൽനിന്നും മോചിതയായിരുന്നു എന്നതിൽ സംശയമൊന്നും ഇല്ല. എന്നാൽ, അതിനെയും സ്വാതന്ത്ര്യം എന്ന് വിളിക്കാൻ കഴിയില്ല. അതിനെ കുത്തഴിഞ്ഞ ജീവിതമെന്നേ പറയാൻ കഴിയൂ. നാഗരികതയുടെയും സംസ്കാരത്തിന്റെയും വിധിവിലക്കുകൾ പാലിച്ചുകൊണ്ട് ലഭ്യമാകുന്ന സ്വാതന്ത്ര്യമാണ് യഥാർഥ സ്വാതന്ത്ര്യം. ഈ വിധിവിലക്കുകൾ മറികടക്കുമ്പോൾ ഉണ്ടാകുന്ന അവസ്ഥയെ സ്വാതന്ത്ര്യമെന്ന് വിളിക്കാൻ കഴിയില്ല. എന്തെന്നാൽ അത് ആത്മധൈര്യം വളർത്താൻ ഉതകുന്നതല്ല. പ്രത്യുത ആത്മധൈര്യം ഇല്ലാതാക്കുന്നതിന് നിമിത്തമായി ഭവിക്കുന്നു.

നബി(സ)തിരുമേനിയുടെ കാലഘട്ടത്തിലും അതിനുമുമ്പേയും സ്ത്രീയുടെ അവസ്ഥ എന്തായിരുന്നുവെന്നാൽ അവളുടെ സ്വത്തിനുമേൽ അവൾക്ക് ഉടമസ്ഥാവകാശം ഉണ്ടായിരുന്നില്ല. മറിച്ച് അവളുടെ ഭർത്താവിനെയാണ് അതിന്റെ ഉടമസ്ഥനായി കണക്കാക്കിയിരുന്നത്. എന്നുമാത്രമല്ല ചില പ്രദേശങ്ങളിൽ അവൾ ജീവിച്ചിരിക്കുമ്പോൾ ഭർത്താവിന്റെ സ്വത്തിന്റെ മേൽനോട്ടക്കാരിയായി ഗണിക്കപ്പെട്ടിരുന്നെങ്കിലും അവളുടെ ഭർത്താവിന്റെ സമ്പാദ്യത്തിലും അവൾക്ക് അവകാശമുണ്ടായിരുന്നില്ല. അവളുടെ വിവാഹം ഏതെങ്കിലും പുരുഷനുമായി നടക്കുകയാണെങ്കിൽ താൻ ഏതവസ്ഥയിലും അയാളിൽനിന്ന് വേർപിരിയില്ലെന്ന് എന്നെന്നേക്കുമായി ഉറപ്പു നൽകുകയായിരുന്നു ചെയ്തിരുന്നത്. അവളുടെ ഭർത്താവിന് അവളെ ഒഴിവാക്കാനുള്ള അവകാശമുണ്ടായിരുന്നുവെങ്കിലും എത്രകണ്ട് പ്രയാസമനുഭവിച്ചാലും തന്റെ ഭർത്താവിൽനിന്ന് വേർപിരിയാനുള്ള ഒരുവിധ അവകാശവും അവൾക്കില്ലായിരുന്നു. ഭർത്താവ് അവളെ ഒഴിവാക്കുകയോ അവളോടു നല്ല രീതിയിൽ പെരുമാറാതിരിക്കുകയോ നാടുവിട്ട് പോവുകയോ ചെയ്യുകയാണെങ്കിൽ അവളുടെ അവകാശങ്ങൾ സംരക്ഷിക്കാൻ ഒരു നിയമവുമുണ്ടായിരുന്നില്ല. അവൾ സ്വയം അധ്വാനിച്ചും ജോലി ചെയ്തും തന്നെയും തന്റെ കുട്ടികളെയും സംരക്ഷിക്കേണ്ടത് അവളുടെതന്നെ കടമയായി കണക്കാക്കപ്പെട്ടിരുന്നു. വെറുപ്പ് പ്രകടിപ്പിച്ച് അവളെ മർദിക്കുകയെന്നത് ഭർത്താവിന്റെ അവകാശമായി കണക്കാക്കപ്പെട്ടിരുന്നു. എന്നാൽ, അവൾക്ക് അതിന്നെതിരിൽ ശബ്ദമുയർത്താൻ കഴിയില്ലായിരുന്നു. ചില പ്രദേശങ്ങളിൽ ഭർത്താവ് മരിക്കുകയാണെങ്കിൽ അവൾ ഭർത്താവിന്റെ ബന്ധുക്കളുടെ അവകാശമായി ഗണിക്കപ്പെട്ടിരുന്നു. അവർ അവളെ അവളോടു ചെയ്യുന്ന നന്മ എന്ന നിലയിലോ പ്രതിഫലം പറ്റിയോ അവർക്കിഷ്ടമുള്ളിടത്ത് വിവാഹം ചെയ്തു കൊടുക്കുമായിരുന്നു.

ചിലയിടത്ത് അവൾ ഭർത്താവിന്റെ വിട്ടുപോയ സ്വത്തായി ഗണിക്കപ്പെട്ടിരുന്നു. ചില ഭർത്താക്കന്മാർ സ്വന്തംഭാര്യയെ വിൽക്കുകയും അല്ലെങ്കിൽ ചൂതാട്ടത്തിലോ പന്തയത്തിലോ പണയം വെക്കുകയും ചെയ്യുമായിരുന്നു. ഭർത്താവ് പന്തയം തോറ്റുകഴിഞ്ഞാൽ അവൾക്കുമേൽ മറ്റൊരാളുടെ പൂർണാധികാരം സ്ഥാപിക്കപ്പെടുമായിരുന്നു. സ്ത്രീ ഭർത്താവിനോടൊപ്പമാണെങ്കിലും ഭർത്താവുമായി വേർപിരിഞ്ഞ അവസ്ഥയിലാണെങ്കിലും അവൾക്ക് കുട്ടികളുടെമേൽ ഒരുവിധ അവകാശവുമുണ്ടായിരുന്നില്ല. സ്ത്രീക്ക് കുടുംബകാര്യങ്ങളിലും ഒരു അധികാരവുമുണ്ടായിരുന്നില്ല. ആത്മീയമായും അവൾക്ക് ഉയർന്ന പദവികൾ ലഭിക്കില്ലെന്നും അനശ്വരമായ അനുഗ്രഹങ്ങളിൽ അവൾക്ക് ഒരു പങ്കുമില്ലെന്നും കണക്കാക്കപ്പെട്ടിരുന്നു. ഇതിന്റെ ഫലമായി ഭർത്താവ് സ്ത്രീയുടെ സ്വത്ത് ചെലവാക്കുകയും അവളെ പാപ്പരാക്കി ഉപേക്ഷിക്കുകയും ചെയ്യുമായിരുന്നു. ഭത്താവിന്റെ അനുവാദമി ല്ലാതെ സ്ത്രീക്ക് തന്റെ സ്വത്തിൽ നിന്ന് ദാനധർമങ്ങൾ ചെയ്യാനോ ബന്ധുക്കളെ സഹായിക്കാനോ അനുമതിയില്ലായിരുന്നു. അവളുടെ സ്വത്ത് കൈവശപ്പെടുത്തി വെച്ചിട്ടുള്ള ഭർത്താവിന് ഇതൊരിക്കലും സമ്മതമായിരുന്നില്ലതാനും. ഏതുപോലെ ആൺകുട്ടികൾ മാതാപിതാക്കളുടെ സ്നേഹത്തിന്റെ അവകാശികളാണോ അതുപോലെ പെൺകുട്ടികളും അവകാശികളാണെങ്കിലും ഏറ്റവും അടുത്ത ബന്ധമുള്ള മാതാപിതാക്കളുടെ സ്വത്തിൽനിന്ന് അവൾക്കൊന്നും ലഭിക്കില്ലായിരുന്നു. പെൺകുട്ടികളുടെ ദുരവസ്ഥ കണ്ട് മാതാപിതാക്കൾ തങ്ങളുടെ ജീവിതത്തിൽ ത്തന്നെ പെൺകുട്ടികൾക്ക് എന്തെങ്കിലും നൽകിയാൽ പിന്നെ അവരുടെ കുടുംബത്തിൽ വലിയ കുഴപ്പം സംഭവിക്കുമായിരുന്നു. കാരണം മാതാപിതാക്കൾ മരിച്ചതിനുശേഷം അവർ തങ്ങളുടെ എല്ലാ സ്വത്തുക്കൾക്കും അവകാശികളാണെന്ന് ആൺകുട്ടികൾ ചിന്തിക്കുന്നുണ്ടായിരുന്നില്ല. എങ്കിലും തങ്ങളുടെ മാതാപിതാക്കൾ പെൺകുട്ടികളെ അപേക്ഷിച്ച് തങ്ങൾക്ക് അധികം തരുന്നുണ്ടെന്ന് അവർ അറിയുന്നുണ്ട്. അതുപോലെ അവൾ പൂർണമായും വഴിപ്പെട്ട ഭർത്താവിന്റെ സ്വത്തിൽ നിന്ന് അവൾക്കൊന്നും ലഭിക്കില്ലായിരുന്നു. ഭർത്താവിന്റെ വളരെ അകന്ന ബന്ധുക്കൾ പോലും സ്വത്തിൽ അവകാശികളാകുമെങ്കിലും ഭർത്താവിനൊപ്പം ജീവിതം മുഴുവനും ചെലവഴിച്ച അവന്റെ രഹസ്യസൂക്ഷിപ്പുകാരിയായ അവളുടെ കൂടി അധ്വാനവും ആ സ്വത്ത് സമ്പാദനത്തിൽ ഉണ്ടായിരുന്നിട്ടുംകൂടി ഭാര്യക്ക് ഭർത്താവിന്റെ സ്വത്തിൽനിന്നു ഒന്നും ലഭിക്കില്ലായിരുന്നു. ചില സമയങ്ങളിൽ അവൾ ഭർത്താവിന്റെ സ്വത്തിന്റെ മേൽനോട്ടക്കാരി ആക്കപ്പെടുമായിരുന്നുവെങ്കിലും അവൾക്ക് അതുപയോഗിക്കാനുള്ള അനുവാദമില്ലായിരുന്നു. അതിൽനിന്ന് വരുന്ന വരുമാനം എടുക്കാമെങ്കിലും സ്വത്തിന്റെ ഏതെങ്കിലും ഒരു ഭാഗം ഉപയോഗത്തിൽ കൊണ്ടുവരാൻ കഴിയില്ലായിരുന്നു. ഇങ്ങനെ അവൾക്ക് തന്റെ ആഗ്രഹമനുസരിച്ച് പല സ്വദഖ ജാരിയയിൽ നിന്നും വിട്ടുനിൽക്കേണ്ടി വരുന്നു. ഭർത്താവ് അവളുടെ മേൽ എത്രകണ്ട് അതിക്രമം പ്രവർത്തിച്ചാലും അവൾക്ക് ഭർത്താവിൽ നിന്ന് വേർപിരിയാനുള്ള അവകാശമില്ലായിരുന്നു. ചില സമൂഹങ്ങളിൽ വേർപിരിയാനുള്ള അവകാശമു ണ്ടായിരുന്നെങ്കിലും അതിന് എത്ര കഠിനമായ നിബന്ധനകളാണുണ്ടായിരുന്നതെന്നാൽ വേർപിരിയുന്നതിന് പകരം സ്ത്രീകൾ മരണത്തിന് മുൻഗണന നൽകുമായിരുന്നു. ഉദാഹരണത്തിന് ഭർത്താവ് അല്ലെങ്കിൽ ഭാര്യയുടെ ദുർന്നടപ്പ് സ്ഥാപിക്കേണ്ടി വരുകയും പിന്നീട് അവളോടു ചെയ്യുന്ന അതിക്രമം സ്ഥാപിക്കേണ്ടി വരികയും ചെയ്യുക തുടങ്ങിയവയൊക്കെ! ഇതിനേക്കാൾ വലിയ അതിക്രമമെന്തെന്നാൽ പല അവസരങ്ങളിലും സ്ത്രീക്ക് ഭർത്താവിന്റെ കൂടെ കഴിയാൻ കഴിയാത്ത അവസ്ഥ വരുമ്പോൾ അവളെ പൂർണമായും വേർപിരിയാൻ അനുവദിക്കാതെ അകന്നു കഴിയാൻ മാത്രമുള്ള അവകാശമെ നൽകുമായിരുന്നുള്ളൂ. ഇതാകട്ടെ മറ്റൊരു ശിക്ഷയാകുന്നു, എന്തെന്നാൽ ഈ അവസ്ഥയിൽ ഒരു ലക്ഷ്യവുമില്ലാതെ ജീവിതം കഴിച്ചുകൂട്ടാൻ അവൾ നിർബന്ധിതയാകുന്നു. ഭർത്താവിന് എപ്പോൾ വേണമെങ്കിലും ഭാര്യയെ ഒഴിവാക്കുമായിരുന്നു. എന്നാൽ, ഭാര്യക്ക് ഭർത്താവിൽനിന്ന് അകന്നു കഴിയാൻ ഏതവസ്ഥയിലും അനുവാദമില്ലായിരുന്നു. ഭർത്താവ് അവളെ ഉപേക്ഷിക്കുകയോ അല്ലെങ്കിൽ നാടു വിടുകയോ അല്ലെങ്കിൽ അവളെ പരിഗണിക്കാതിരിക്കുകയോ ചെയ്യുകയാണെങ്കിൽ അവൾ അയാളെ ജീവിതാ

വസാനംവരെ കാത്തിരിക്കാൻ നിർബന്ധിതയായിരുന്നു, ഇങ്ങനെ അവൾക്ക് തന്റെ ജീവിതം നാടിനും സമൂഹത്തിനും ഉപകാരപ്പെടുന്ന രീതിയിൽ വിനിയോഗിക്കാനുള്ള അവകാശവുമില്ലായിരുന്നു. വൈവാഹിക ജീവിതം അവൾക്ക് സന്തോഷത്തിനു പകരം ക്ലേശങ്ങൾ നൽകുന്ന ഒന്നായി മാറുന്നു. അവൾക്ക് ഭർത്താവിന്റെയും ഭാര്യയുടെയും ഉത്തരവാദിത്വങ്ങൾ ചെയ്യേണ്ടി വരുന്നതോടൊപ്പം ഭർത്താവിനെ കാത്തിരിക്കേണ്ടതായും വരുന്നു. ഭർത്താവിന്റെ ഉത്തരവാദിത്വം, അതായത് കുടുംബത്തിന് വേണ്ടി സമ്പാദിക്കുക എന്നതും ഭാര്യയുടെ കടമകൾ, അതായത് കുട്ടികളുടെ മേൽനോട്ടവും പരിപാലനവും അവളുടെ ചുമതലയായി മാറുന്നു. ഇതെല്ലാം ദുർബലയായ അവൾക്കുമേൽ അടിച്ചേല്പിക്കപ്പെടുന്നു. സ്ത്രീകൾ മർദിക്കപ്പെടുകയും അത് ഭർത്താവിന്റെ അവകാശവുമായി കരുതിയിരുന്നു. ഭർത്താവിന്റെ മരണം ശേഷം ഭർത്താവിന്റെ ബന്ധുക്കളുമായി നിർബന്ധപൂർവ്വം അവളുടെ വിവാഹം നടത്തുകയോ അല്ലെങ്കിൽ മറ്റേതെങ്കിലും വ്യക്തിക്ക് പ്രതിഫലംപറ്റി അവളെ വിൽക്കുകയുമായിരുന്നു പതിവ്. എന്നുമാത്രമല്ല ഭർത്താവുതന്നെ തന്റെ ഭാര്യമാരെ വിൽക്കാറുണ്ടായിരുന്നു. പാണ്ഡവരെ പോലെയുള്ള പ്രൗഢഗംഭീര്യമുള്ള രാജകുമാരന്മാർ പോലും തങ്ങളുടെ ഭാര്യയെ ചൂതാട്ടത്തിൽ പണയം വെച്ച് പരാജയപ്പെട്ടപ്പോൾ ദ്രൗപദിയെ പോലെ കുലീനയായ രാജകുമാരിക്കുപോലും രാജ്യത്തെ നിയമത്തിന്നെതിരിൽ ശബ്ദമുയർത്താൻ കഴിഞ്ഞില്ല. കുട്ടികളുടെ തർബിയ്യത്തിലും പരിപാലനത്തിലും മാതാക്കളോടു അഭിപ്രായം ആരായപ്പെടാറില്ലായിരുന്നു. അവർക്ക് കുട്ടികളുടെമേൽ എന്തെങ്കിലും അവകാശം ഉള്ളതായും കണക്കാക്കപ്പെട്ടിരുന്നില്ല. മാതാപിതാക്കൾ വേർപിരിയുന്ന അവസ്ഥ വന്നാൽ കുട്ടികൾ പിതാവിനു തന്നെ ലഭിക്കുമായിരുന്നു. ഭർത്താവിന്റെ ജീവിത സമയത്തും ഭർത്താവ് മരണപ്പെട്ടതിനുശേഷവും സ്ത്രീക്ക് വീടുമായി എന്തെങ്കിലും ബന്ധമുള്ളതായി കണക്കാപ്പെട്ടിരുന്നില്ല. ഭർത്താവ് എപ്പോൾ വേണമെങ്കിലും അവളെ വീട്ടിൽനിന്ന് പുറത്താക്കാം. അവൾ വീടും ആശ്രയവുമില്ലാതെ അലഞ്ഞുതിരിയേണ്ടി വരുമായിരുന്നു.

നബി(സ)തിരുമേനി മുഖേന മേൽപ്രതിപാദിച്ച അതിക്രമങ്ങൾക്കെല്ലാം അറുതിവന്നു. അല്ലാഹു പ്രത്യേകമായും തന്നോടു സ്ത്രീകളുടെ അവകാശങ്ങൾ സംരക്ഷിക്കാൻ കല്പിച്ചിട്ടുണ്ടെന്നും സ്ത്രീയും പുരുഷനും മനുഷ്യൻ എന്ന നിലയിൽ സമന്മാരാണെന്നും അവർ ഒരുമിച്ചു പ്രവർത്തിക്കുമ്പോൾ പുരുഷന്മാർക്ക് സ്ത്രീകളിൽനിന്ന് ചില അവകാശങ്ങൾ ലഭിക്കാനുള്ളതുപോലെ സ്ത്രീകൾക്കും പുരുഷന്മാരിൽനിന്ന് ചില അവകാശങ്ങൾ ലഭിക്കാനുണ്ടെന്നും താൻ അല്ലാഹുവിന്റെ ഭാഗത്തുനിന്ന് പ്രഖ്യാപിക്കുന്നുവെന്ന് അദ്ദേഹം പറഞ്ഞു. പുരുഷന്മാർ സ്വത്തിന്റെ ഉടമകളാകുന്നതുപോലെ സ്ത്രീക്കും തന്റെ സ്വത്ത് ഉടമസ്ഥതയിൽ വെക്കാം. സ്ത്രീ സന്തോഷത്തോടെ തന്റെ സമ്പാദ്യത്തിൽനിന്ന് നൽകിയാലല്ലാതെ പുരുഷന് സ്ത്രീയുടെ സമ്പാദ്യത്തിൽനിന്ന് ചെലവഴിക്കാൻ ഒരു അവകാശവുമില്ല. അവളിൽനിന്ന് നിർബന്ധപൂർവ്വം പണം വാങ്ങുന്നതോ അല്ലെങ്കിൽ അവൾ ലജ്ജകൊണ്ട് വിസമ്മതം പ്രകടിപ്പിക്കാതിരിക്കുന്നതുകൊണ്ട് കൈവശം വെക്കുന്ന പണമോ പുരുഷന് അനുവദനീയമല്ല. ഭർത്താവ് അവൾക്ക് ഉപഹാരമായി നൽകുന്ന പണം അവളുടേതുതന്നെയാണ്. അത് തിരികെ വാങ്ങാൻ പുരുഷന് അനുവാദമില്ല. ആൺകുട്ടി തന്റെ മാതാപിതാക്കളുടെ സ്വത്തിന് അവകാശിയാകുന്നതുപോലെ പെൺകുട്ടിക്കും തന്റെ മാതാപിതാക്കളുടെ സ്വത്തിൽ അവകാശമുണ്ട്. കുടുംബത്തിന്റെ സാമ്പത്തിക ഉത്തരവാദിത്വം പുരുഷനുമേൽ അർപ്പിക്കപ്പെട്ടതു കൊണ്ടും സ്ത്രീക്കുമേൽ അവളുടെ സ്വന്തം ഉത്തരവാദിത്വം മാത്രം അർപ്പിക്കപ്പെട്ടതുകൊണ്ടും അവൾക്ക് സ്വത്തിൽ പകുതി അവകാശമാണ് നിശ്ചയിക്കപ്പെട്ടിട്ടുള്ളത്. പിതാവിന് തന്റെ മകന്റെ സ്വത്തിൽനിന്ന് ഒരു ഭാഗം ലഭിക്കുന്നതുപോലെ മാതാവിനും ലഭിക്കുന്നു. വ്യത്യസ്തമായസാഹചര്യങ്ങളും ഉത്തരവാദിത്വങ്ങളുമനുസരിച്ച് ചിലപ്പോൾ മാതാവിനും പിതാവിനും സമമായും ചിലപ്പോൾ പിതാവിനേക്കാൾ കുറവും സ്വത്ത് ലഭിക്കുന്നു. അവൾ തന്റെ ഭർത്താവിന്റെ വിയോഗത്തിനുശേഷം സന്താനങ്ങളുണ്ടെങ്കിലും ഇല്ലെങ്കിലും ഭർത്താവിന്റെ സ്വത്തിൽ ഒരു പങ്കിന് അവകാശിയാകുന്നു. എന്തെന്നാൽ, അവളെ പരാശ്രിതയായി ഉപേക്ഷിക്കാൻ സാധ്യമല്ല. അവളുടെ വിവാഹബന്ധം പരിശുദ്ധമായ ഒരു കരാർ ആകുന്നു. സ്ത്രീയും പുരുഷനും പരസ്പരമുള്ള അകൽച്ച കാരണം ആ കരാറിനെ ലംഘിക്കുന്നത് വെറുക്കപ്പെട്ട കാര്യമാണെങ്കിലും ഭാര്യ ഭർത്താക്കന്മാർക്കിടയിൽ അപകടകരമായ ഭിന്നിപ്പ് ഉടലെടുക്കുകയോ മതപരമായോ ശാരീരികമായോ സാമ്പത്തികമായോ സാംസ്കാരികമായോ പ്രകൃതത്തിൽ ഭിന്നിപ്പുണ്ടാകുകയാണെങ്കിൽ ഈ കരാറിന് വേണ്ടി തങ്ങളുടെ ജീവിതം പാഴാക്കി അവരുടെ യഥാർഥ ജീവിതലക്ഷ്യത്തെ നഷ്ടപ്പെടുത്താൻ നിർബന്ധിക്കുന്നത് അഭികാമ്യമല്ല. ഇത്തരം ഭിന്നിപ്പുകൾ ഉടലെടുക്കുകയും പുരുഷനും സ്ത്രീയും ഒരുമിച്ച് ജീവിക്കാൻ കഴിയില്ലെന്ന് തീരുമാനിക്കുകയും ചെയ്യുകയാണെങ്കിൽ പരസ്പര സമ്മതത്തോടെ അവർക്ക് ഈ കരാർ അവസാനിപ്പിക്കാം. പുരുഷൻ ഇങ്ങനെ പിരിയാമെന്ന് തീരുമാനമെടുക്കുകയും എന്നാൽ, സ്ത്രീ അപ്രകാരം തീരുമാനിക്കാതിരിക്കുകയും ചെയ്യുകയാണെങ്കിൽ പുരുഷന്റെ ഭാഗത്തുനിന്ന് ഒരാളും സ്ത്രീയുടെ ഭാഗത്തുനിന്ന് ഒരാളും അടങ്ങുന്ന ഒരു കമ്മിറ്റി ഇവരുടെ കാര്യത്തിൽ തീരുമാനമെടുക്കുകയും ചെയ്യേണ്ടതാണ്. പുരുഷനും സ്ത്രീയും ഒരുമിച്ചു കുറച്ചു കാലംകൂടി കഴിയണമെന്ന് കമ്മിറ്റി തീരുമാനിക്കുകയാണെങ്കിൽ ഈ തീരുമാന പ്രകാരം ഭാര്യയും ഭർത്താവും ഒരുമിച്ചു കഴിയേണ്ടതാണ്. ഇപ്രകാരവും അവർ തമ്മിൽ ഐക്യം ഉടലെടുക്കുന്നില്ലെങ്കിൽ ഭർത്താവിന് ഭാര്യയെ വേർപെടുത്താവുന്നതാണ്. ഇപ്രകാരം ചെയ്യുമ്പോൾ അവൻ അവൾക്ക് നൽകിയ പണം ഒന്നും തന്നെ തിരികെ വാങ്ങാവുന്നതല്ലെന്ന് മാത്രമല്ല മഹർ തുകയും അവൾക്ക് പൂർണമായും നൽകേണ്ടതാണ്. ഇനി ഭാര്യ ഭർത്താവിൽനിന്ന് പിരിയാൻ ആഗ്രഹിക്കുന്നുവെങ്കിൽ അവൾക്ക് ഖാളിയോട് ഇക്കാര്യം അപേക്ഷിക്കാം. അവളുടെ ഈ തീരുമാനത്തിന് പിന്നിൽ അധാർമികമായി ഒന്നുമില്ലെന്ന് ഖാളിക്ക് ബോധ്യപ്പെടുകയാണെങ്കിൽ ബന്ധം അവസാനിപ്പിക്കാൻ ഖാളിക്ക് ഉത്തരവ് നൽകാം. ഇപ്രകാരം ചെയ്യുമ്പോൾ അവളുടെ പക്കൽ സൂക്ഷിക്കപ്പെട്ട ഭർത്താവിന്റെ സമ്പത്തും മഹറും അവൾ തിരിച്ചു ഭർത്താവിന് നൽകേണ്ടതാണ്. ഭർത്താവ് ഭാര്യയുടെ നിശ്ചിത അവകാശങ്ങൾ നൽകാതിരിക്കുകയാണെങ്കിൽ,അല്ലെങ്കിൽ അവളോട് സംസാരിക്കുന്നതും മറ്റും ഉപേക്ഷിച്ചിരുന്നെങ്കിൽ, അല്ലെങ്കിൽ അവളെ കിടപ്പറയിൽനിന്ന് മാറ്റി കിടത്തിയിരുന്നെങ്കിൽ അതിന് കാലാവധി നിശ്ചയിക്കേണ്ടതാണ്. നാലു മാസത്തിൽ കൂടുതൽ ഭർത്താവ് മേല്പറഞ്ഞ പ്രകാരം പെരുമാറിയിട്ടുണ്ടെങ്കിൽ രഞ്ജിപ്പിന് വേണ്ടിയോ അല്ലെങ്കിൽ ത്വലാഖിന് വേണ്ടിയോ ഭർത്താവിനെ നിർബന്ധിതനാക്കേണ്ടതാണ്. ഭർത്താവ് അവൾക്ക് ചെലവിന് കൊടുക്കാതിരിക്കുകയോ അല്ലെങ്കിൽ നാടു വിടുകയോ അവളെ കുറിച്ച് അന്വേഷിക്കാതിരിക്കുകയോ ചെയ്യുകയാണെങ്കിൽ ആ നിക്കാഹ് അസാധുവായി പ്രഖ്യാപിക്കുകയും ( മൂന്ന് വർഷം വരെ വിവരമൊന്നും ലഭിച്ചില്ലെങ്കിൽ ഇപ്രകാരം ചെയ്യാമെന്ന് ഇസ്‌ലാമിലെ കർമശാസ്ത്ര പണ്ഡിതർ അഭിപ്രായപ്പെട്ടിട്ടുണ്ട്) മറ്റൊരു നിക്കാഹ് ചെയ്യാൻ അവളെ സ്വാതന്ത്രയാക്കുകയും ചെയ്യേണ്ടതാണ്. എപ്പോഴും തന്റെ ഭാര്യക്കും കുട്ടികൾക്കും ചെലവിന് കൊടുക്കാൻ ഭർത്താവിനെ ചുമതലപ്പെടുത്തുക. ഭർത്താവിന് തന്റെ ഭാര്യയെ മാന്യമായ രീതിയിൽ ശാസിക്കാനുള്ള അധികാരമു ണ്ട്. ശാസന ശിക്ഷയുടെ രൂപത്തിൽ മാറുകയാണെങ്കിൽ ജനങ്ങളെ സാക്ഷികളാക്കേണ്ടത് നിർബന്ധമാണ്. തെറ്റ് വെളിപ്പെടുത്തുകയും സാക്ഷ്യങ്ങളുടെ അടിസ്ഥാനത്തിൽ അത് തെളിയിക്കുകയും ശിക്ഷ നൽകുമ്പോൾ അത് നീണ്ട കാലം അവളെ ബാധിക്കാത്തതുമായിരിക്കേണ്ടതാണ്. ഭർത്താവ് തന്റെ ഭാര്യയുടെ ഉടമസ്ഥനല്ല. അവളെ വിൽക്കാനോ അവളോടു ഭൃത്യരെ പോലെ പെരുമാറാനോ പാടുള്ളതല്ല. അവന്റെ ഭാര്യ അവന്റെ ഭക്ഷണപാനീയങ്ങളിൽ അവന്റെ പങ്കാളിയാണ്. തന്റെ കഴി


**ത്വാലിബെ ദുആ**

**'ഏതു കാര്യങ്ങൾക്കാണോ ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മളിൽനിന്ന് പ്രതിജ്ഞ വാങ്ങിയത് അതനുസരിച്ച് ജീവിക്കാൻ ശ്രമിക്കുക.'**

**(സന്ദേശം, ജൽസാ സാലാന ഡന്മാർക്ക് 2019)**

**തൊഴിലാളികളെ ആവശ്യമുണ്ടോ?**

നിങ്ങൾക്ക് ഡ്രൈവർ, കല്ലാശാരി, ഇലക്ട്രീഷ്യൻ, അല്ലെങ്കിൽ മറ്റു തൊഴിലാളികളെ ആവശ്യമു≠ോ? അധ്വാനികളും വിശ്വസ്തരുമായ തൊഴിലാളികൾക്ക് ഞങ്ങളുമായി ബന്ധപ്പെടുക

KHAIRUL ISLAM JAYGAM-WEST-BENGAL Phone: 97348 44732

**• അല്ലാഹുവിന്റെ കലാം: •**

**"എന്നെ ആരാധിക്കാൻ വേണ്ടിയല്ലാതെ ജിന്നിനേയും ഇൻസിനേയും ഞാൻ സൃഷ്ടിച്ചിട്ടില്ല." (വിശുദ്ധ ഖുർആൻ 51:57)**

ത്വാലിബെ ദുആ:
C.K.MANSOOR & FAMILY
JAMA-ATH AHMADIYYA, PATHAPIRIYAM

**• അല്ലാഹുവിന്റെ കലാം: •**

**"തീർച്ചയായും ഖുർആനിനെ(മനസ്സിലാക്കാനും) ഓർമിക്കാനും നാം എളുപ്പമുള്ളതാക്കിയിരിക്കുന്നു. എന്നാൽ, ഓർമവെക്കുന്ന വല്ലവനുമുണ്ടോ?" (വിശുദ്ധ ഖുർആൻ 54:18)**

ത്വാലിബെ ദുആ:
ANWAR SADAT AND FAMILY
JAMA-ATH AHMADIYYA, PATHAPIRIYAM

വിന്നനുസരിച്ച് അവളെ പരിപാലിക്കേണ്ടതുണ്ട്. തന്റെ കഴിവിനെക്കാൾ കുറഞ്ഞ രീതിയിൽ അവളുടെ ആവശ്യങ്ങളെ പൂർത്തീകരിക്കുന്നത് അനുവദനീയമല്ല. ഭർത്താവിന്റെ മരണശേഷം ഭർത്താവിന്റെ ബന്ധുക്കൾക്കും അവളുടെമേൽ ഒരു അധികാരവുമില്ല. അവൾ സ്വാതന്ത്ര്യയാണ്. നല്ല ബന്ധം നോക്കി അവൾക്ക് വിവാഹം കഴിക്കാവുന്നതാണ്. അതിൽനിന്ന് അവളെ തടയാൻ ആർക്കും അധികാരമില്ല. ആർക്കുംതന്നെ അവൾ ഇന്ന സ്ഥലത്തുതന്നെ കഴിയണമെന്ന് നിർബന്ധിക്കാനും അധികാരമില്ല. അവളുടെ ഭർത്താവിന്റെ മറ്റു ബന്ധുക്കളുടെ അവകാശങ്ങൾ സ്വാധീനിക്കപ്പെടാനുള്ള എല്ലാ സാഹചര്യങ്ങളെക്കുറിച്ചും പരിചിതയാകാൻ വേണ്ടി വെറും നാലുമാസവും പത്തുദിവസവും മാത്രം അവൾ ഭർത്താവിന്റെ വീട്ടിൽ തന്നെ കഴിയേണ്ടതുണ്ട്. ഭർത്താവിന്റെ മരണശേഷം അവൾക്ക് ലഭിച്ച ഓഹരിയിൽനിന്ന് അവൾ സ്വയം താമസ സൗകര്യം ഏർപ്പാടുചെയ്യാൻ അവളെ ഭർത്താവിന്റെ വീട്ടിൽനിന്ന് ഒരു വർഷംവരെ പുറത്താക്കാൻ അനുവാദമില്ല. ഭർത്താവിന് വെറുപ്പുണ്ടെങ്കിൽ തന്നെയും ഭർത്താവ് മറ്റൊരു സ്ഥലത്തേക്ക് മാറേണ്ടതാണ്. ഭാര്യയെ വീട്ടിൽനിന്നു പുറത്താക്കാൻ അനുവാദമില്ല. എന്തെന്നാൽ, വീട് ഭാര്യയുടെ അധീനതയിലുള്ളതായാണ് ഗണിക്കപ്പെടുന്നത്. അവളുമായി കൂടിയാലോചിക്കേണ്ടതാണ്. കുട്ടികളുടെ കാര്യത്തിൽ അവളെ പ്രയാസപ്പെടുത്താനും പാടുള്ളതല്ല. കുട്ടിക്ക് പാൽ കൊടുക്കുന്നതും കുട്ടിയുടെ പരിപാലനം എന്നീ കാര്യങ്ങളിൽ അവളോട് അഭിപ്രായം ആരായേണ്ടതാണ്. ഭാര്യയും ഭർത്താവും തമ്മിൽ യോജിക്കാതിരിക്കുകയും വേർപിരിയൽ അനിവാര്യമാവുകയും ചെയ്യുകയാണെങ്കിൽ ചെറിയ കുട്ടി മാതാവിന്റെ അടുക്കൽത്തന്നെ കഴിയേണ്ടതാണ്. കുട്ടി വലുതാകുമ്പോൾ വിദ്യാഭ്യാസത്തിനും മറ്റുമായി പിതാവിനെ ഏൽപിക്കാം. കുട്ടികൾ മാതാവിന്റെ അടുക്കൽ താമസിക്കുന്നതുവരെ കുട്ടികളുടെ ചെലവ് പിതാവുതന്നെ വഹിക്കേണ്ടതാണ്. മാതാവിന് കുട്ടികൾക്കുവേണ്ടി എന്തെങ്കിലും ചെലവിടേണ്ടി വരുകയോ അല്ലെങ്കിൽ ജോലി നോക്കേണ്ടി വരുകയോ ആണെങ്കിൽ മാതാവിനും സാമ്പത്തിക സഹായം ഭർത്താവുതന്നെ നൽകേണ്ടതാണ്. സ്ത്രീ സ്വതന്ത്രയാണ്. അവൾ എല്ലാ വിധത്തിലുള്ള ദീനീ അനുഗ്രഹങ്ങളും സ്വായത്തമാക്കാൻ പ്രാപ്തയാണ്. അവൾ മരണത്തിനു ശേഷവും ഉയർന്ന അനുഗ്രഹങ്ങൾക്ക് ഉടമയാകാൻ പ്രാപ്തയാണ്. അതുപോലെ ഈ ലോകത്തും ഭരണകൂടത്തിൽ വിവിധ തലങ്ങളിൽ ഉയർന്ന പദവികളിൽ പങ്കാളിയാകാനും പ്രാപ്തയാണ്. അത്തരം സന്ദർഭങ്ങളിലും പുരുഷന്മാരുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നതുപോലെ അവളുടെ അവകാശങ്ങളും സംരക്ഷിക്കപ്പെടും.

ഈ അധ്യാപനങ്ങളുടെ നേർവിപരീതമായ ചിന്താധാരകൾ ലോകത്ത് പ്രചാരത്തിലുണ്ടായിരുന്ന കാലത്താണ് നബി (സ)തിരുമേനി മേൽപറഞ്ഞ അധ്യാപനങ്ങൾ നൽകിയത്. ഈ കൽപ്പനകളിലൂടെ ആ മഹാത്മാവ് എല്ലാ രാജ്യത്തും എല്ലാ മതങ്ങളും ആയിരക്കണക്കിന് വർഷമായി സ്ത്രീയുടെ പിടലിയിൽ കയറ്റിവെച്ച അടിമത്തമെന്ന നുകത്തിൽ നിന്ന് സ്ത്രീക്ക് മോചനം നൽകി. കാലങ്ങളായി നിലനിന്നിരുന്ന ചങ്ങലകളെ അദ്ദേഹം പൊടുന്നനെ പൊട്ടിച്ചെറിഞ്ഞ് ലോകത്തിലെ സ്ത്രീകളെ സ്വതന്ത്രയാക്കി. മാതാക്കളെ സ്വതന്ത്രയാക്കിയതിലൂടെ കുട്ടികളെയും അടിമത്ത മനോഭാവത്തിൽനിന്ന് മുക്തരാക്കുകയും ഉയർന്ന ചിന്താഗതിയും ഉയർന്ന ആത്മാഭിമാന ചിന്തകളും ഉടലെടുക്കാൻ സാഹചര്യമൊരുക്കുകയും ചെയ്തു.

എന്നാൽ, ലോകം ഈ സേവനത്തിന് വില കൽപിച്ചില്ല. അദ്ദേഹം ഉപകാരമെന്ന നിലയിൽ ചെയ്ത ഈ പ്രവർത്തിയെ അതിക്രമമായി ചിത്രീകരിച്ചു. ത്വലാഖും ഖുലയും വിള്ളൽ സൃഷ്ടിക്കുന്നുവെന്നും അനന്തരാവകാശ നിയമങ്ങൾ കുടുംബങ്ങൾ തകരുന്നതിനുള്ള വഴിയാണെന്നും സ്ത്രീകൾക്കുള്ള സ്ഥായിയായ അവകാശങ്ങൾ ദാമ്പത്യ ജീവിതം തകർക്കുന്നതാണെന്നും അവർ പറഞ്ഞു. ലോകം ഇപ്രകാരം ഈ അധ്യാപനങ്ങളെ എതിർത്തുകൊണ്ടേ ഇരുന്നു. പതിമൂന്ന് നൂറ്റാണ്ടുകളോളം തങ്ങളുടെ അന്ധതയാൽ ഈ പ്രകാശത്തിന്റെ അധ്യാപനങ്ങളെ അടിസ്ഥാന പ്രകൃതത്തിനെതിരാണെന്ന് പറഞ്ഞ് പരിഹസിച്ചു കൊണ്ടിരുന്നു. ഏതുവരെയെന്നാൽ, ദൈവത്തിന്റെ അധ്യാപനങ്ങളുടെ നന്മകൾ വെളിപ്പെട്ടു. അങ്ങനെ സംസ്കാരത്തിന്റെയും പരിഷ്കാരത്തിന്റെയും വക്താക്കൾ നബി(സ)തിരുമേനിയുടെ സംസ്കാരത്തിൽ അധിഷ്ഠിതമായ കൽപനകളെ പിന്തുടരാൻ തുടങ്ങി. അവരിൽ ഓരോ ഭരണകൂടവും ഒന്നൊന്നായി തങ്ങളുടെ നിയമങ്ങളിൽ മാറ്റം വരുത്തുകയും നബി(സ)തിരുമേനി പഠിപ്പിച്ച തത്ത്വങ്ങളെ പിന്തുടരാനും തുടങ്ങി.

ദുർന്നടപ്പിനൊപ്പം മർദനവുമുണ്ടായാൽ മാത്രമേ വിവാഹമോചനം സാധൂകരിക്കപ്പെടുകയുള്ളു എന്നായിരുന്നു ഇംഗ്ലീഷ് സർക്കാരിന്റെ നിയമം. എന്നാൽ, 1923-ൽ ദുർന്നടപ്പ് മാത്രമായാലും അത് വിവാഹമോചനത്തിന് മതിയായ കാരണമാണെന്ന് തങ്ങളുടെ നിയമത്തിൽ ഭേദഗതി വരുത്തുകയുണ്ടായി.

ന്യൂസിലാൻഡിൽ 1912-ൽ ഏഴു വർഷത്തോളം ചിത്തഭ്രമം ബാധിച്ച ഒരു വ്യക്തിയുടെ ഭാര്യക്ക് വിവാഹം റദ്ദ് ചെയ്യാവുന്നതാണെന്ന് തീരുമാനിക്കപ്പെട്ടു. അതുപോലെ 1925-ൽ ഭാര്യയോ ഭർത്താവോ പരസ്പരം കടമകൾ നിർവഹിക്കുന്നില്ലെങ്കിൽ ത്വലാക്ക് അല്ലെങ്കിൽ ഖുലാ സംഭവ്യമാണെന്നും മൂന്ന് വർഷത്തോളം ഒരു വ്യക്തിയെ കുറിച്ച് വിവരമൊന്നും ലഭിച്ചില്ലെങ്കിൽ വിവാഹമോചനം അനുവദനീയമാണ്. (ഈ നിയമത്തിൽ ഇവർ തീർത്തും ഇസ്ലാമി കർമശാസ്ത്ര പണ്ഡിതന്മാരുടെ അഭിപ്രായത്തെ കടമെടുത്തിരിക്കുന്നു, എന്നാൽ, ആയിരത്തി മുന്നൂറു വർഷം ഇസ്ലാമിനെതിരെ വാദിച്ചതിന് ശേഷമാണെന്ന് മാത്രം!)

ഓസ്ട്രേലിയായിലെ ക്വീൻസ്ലാൻഡ് സംസ്ഥാനത്ത് അഞ്ചു വർഷത്തെ ചിത്തഭ്രമം വിവാഹമോചനത്തിന് കാരണമായി അംഗീകരിക്കപ്പെട്ടു. ടാസ്മാനിയയിൽ 1919-ൽ ദുർന്നടപ്പ്, നാലു വർഷംവരെ ഒരു വ്യക്തിയെ കുറിച്ച് വിവരമൊന്നും ലഭ്യമാകാതിരിക്കുക, ദ്രോഹം, മൂന്നു വർഷം വരെ പരിഗണിക്കാതിരിക്കുക, തടവ്, മർദനം, ചിത്തഭ്രമം എന്നിവ വിവാഹമോചനത്തിന് കാരണമായി അംഗീകരിക്കാവുന്നതാണെന്ന് 1919-ൽ നിയമം പാസ്സാക്കപ്പെട്ടു. വിക്ടോറിയ പ്രവിശ്യയിൽ ഭർത്താവ് മൂന്ന് വർഷത്തോളം പരിഗണിക്കാതിരിക്കുകയോ, ദുർന്നടത്തക്കാരനാകുകയോ, ചെലവ് നൽകാതിരിക്കുകയോ കാർക്കശ്യത്തോടെ പെരുമാറുകയോ, തടവിലാവുകയോ, മർദ്ദിക്കുകയോ ചെയ്താലും, ഭാര്യ ദുർന്നടപ്പുകാരിയാണെന്ന് തെളിയിക്കപ്പെടുകയോ ചിത്തഭ്രമം ബാധിക്കുകയോ കാർക്കശ്യത്തോടെ പെരുമാറുകയോ, അസ്വാരസ്യങ്ങളുണ്ടാക്കുകയും ചെയ്യുകയാണെങ്കിൽ വിവാഹമോചനം നേടാവുന്നതാണെന്ന് 1923-ൽ നിയമം പാസാക്കപ്പെട്ടു.

പടിഞ്ഞാറൻ ആസ്ട്രേലിയയിൽ മേൽപറഞ്ഞ നിയമങ്ങളോടൊപ്പം ഗർഭിണിയായ സ്ത്രീയുടെ വിവാഹവും നിയമവിരുദ്ധമാക്കിയിട്ടുണ്ട്. (ഇസ്ലാമും ഇതിനെ നിയമവിരുദ്ധമാക്കിയിരിക്കുന്നു). ക്യൂബയിൽ ദുർന്നടപ്പിനുവേണ്ടി നിർബന്ധിക്കുക, മർദനം, അസഭ്യം പറയുക, ശിക്ഷിക്കപ്പെടുക, ദ്രോഹിക്കുക, ചൂതാട്ടശീലം, കടമകൾ നിർവഹിക്കാതിരിക്കുക, ചെലവിനു നൽകാതിരിക്കുക, പല തരത്തിലുള്ള അസുഖങ്ങൾ, ഉഭയകക്ഷി സമ്മതം എന്നിവ ത്വലാഖിനും ഖുലക്കും മതിയായ കാരണമാണെന്ന് അംഗീകരിക്കപ്പെട്ടുകൊണ്ടുള്ള നിയമം 1918-ൽ പാസ്സാക്കപ്പെട്ടു.

ഇറ്റലിയിൽ 1919-ൽ സ്ത്രീ തന്റെ സമ്പാദ്യത്തിന്റെ ഉടമസ്ഥയാണെന്നും അതിൽ നിന്നു അവൾക്ക് ദാനധർമങ്ങൾ ചെയ്യാമെന്നും അത് അവൾക്ക് വിൽക്കാമെന്നും നിയമം പാസ്സാക്കപ്പെട്ടു. (അതുവരെ യൂറോപ്പിൽ സ്ത്രീയെ അവളുടെ സ്വത്തിന്റെ ഉടമസ്ഥയായി ഗണിക്കപ്പെട്ടിരുന്നില്ല.)

അമേരിക്കയിലെ മെക്സിക്കോയിൽ മേൽപറഞ്ഞ കാരണങ്ങളും ഉഭയകക്ഷി സമ്മതവും ത്വലാഖിനും ഖുലക്കും മതിയായ കാരണമാണെന്ന് അംഗീകരിക്കപ്പെട്ടു. ഈ നിയമം 1917-ലാണ് പാസ്സായ ത്.

ത്വലാഖിനും ഖുലക്കും അനുവാദം നൽകിക്കൊണ്ട് പോർച്ചുഗലിൽ 1915-ലും, നോർവേയിൽ 1909-ലും, സ്വീഡനിൽ 1920-ലും, സ്വിറ്റ്സർലാൻഡിൽ 1912-ലും നിയമങ്ങൾ പാസ്സാക്കപ്പെട്ടു. പതിനെട്ടു വയസ്സുവരെ കുട്ടിയുടെ ചെലവ് പിതാവ് വഹിക്കണമെന്ന് സ്വീഡനിൽ നിർബന്ധമാക്കപ്പെട്ടിരിക്കുന്നു.

യുണൈറ്റഡ് സ്റ്റേറ്റ്സ് ഓഫ് അമേരിക്കയിൽ കുട്ടികളുടെമേൽ പിതാവിനാണ് അവകാശം എന്നതാണ് നിയമമെങ്കിലും ഇപ്പോൾ ഇസ്ലാമികരീതി അനുസരിച്ച് പരിഷ്കാരം ആരംഭിച്ചിട്ടുണ്ട്. ന്യായാധിപർ ഇപ്പോൾ സ്ത്രീയുടെ വികാരങ്ങളും പരിഗണിക്കുകയും പുരുഷനെ ചെലവിനു നൽകാൻ നിർബന്ധിതനാക്കുകയും ചെയ്യുന്നുണ്ട്. എങ്കിലും ഇപ്പോഴും ഈ നിയമത്തിൽ പല കുറവുകളുമുണ്ട്. പുരുഷൻറെ അവകാശങ്ങളെ വളരെ കർക്കശമായി സംരക്ഷിക്കപ്പെടുന്നുണ്ട് എങ്കിലും സ്ത്രീക്ക് പുരുഷന്റെ സമ്പാദ്യം ഉപയോഗിക്കാനുള്ള അനുമതിയും നൽകി വരുന്നുണ്ട്. എന്നാൽ, ഭർത്താവിന് അംഗഭംഗം സംഭവിച്ചാൽ അയാളുടെ ചെലവിന്റെ ചുമതലയും ഭാര്യയുടെ നിർബന്ധ ഉത്തരവാദിത്വമാ യിരിക്കും എന്ന നിയമവും പാസാക്കപ്പെട്ടിട്ടുണ്ട്.

സ്ത്രീകൾക്ക് വോട്ടിനുള്ള അവകാശവും നൽകപ്പെടുന്നുണ്ട്. സാമൂഹികമായ കാര്യങ്ങളിൽ അവളിൽനിന്ന് അഭിപ്രായം തേടാനുള്ള വഴികളും തുറക്കപ്പെടുന്നുണ്ട്. എന്നാൽ, ഇതെല്ലാം നബി(സ)തിരുമേനിയുടെ മാർഗനിർദേശങ്ങൾക്ക് 1300 വർഷം പിന്നിട്ട ശേഷമാണ് നടക്കുന്നത്. ഇനിയും ചിലത് നടപ്പിൽ വരാനുണ്ട്. പല രാജ്യങ്ങളിലും സ്ത്രീയെ പിതാവിന്റെയും മാതാവിന്റെയും ഭർത്താവിന്റെയും അനന്തരാവകാശിയായി പ്രഖ്യാപിക്കപ്പെട്ടിട്ടില്ല. ഇതുപോലെ പല അവകാശങ്ങളിലും ഇപ്പോഴും ഇസ്ലാം ലോകത്തിന് വഴികാട്ടി കൊണ്ടിരിക്കുകയാണ്. എങ്കിലും ഇതെല്ലാം ഇസ്ലാമിന്റെ സംഭാവനയാണെന്ന് ലോകം ഇനിയും അംഗീകരിച്ചിട്ടില്ല. എന്നാൽ, മറ്റു ചില കാര്യങ്ങളിൽ ലോകം നബി(സ)തിരുമേനിയെ വഴികാട്ടിയായി അംഗീകരിച്ചതുപോലെ ഈ കാര്യങ്ങളിലും അംഗീകരിക്കുന്ന കാലം വിദൂരമല്ല. സ്ത്രീകളുടെ മോചനത്തിനുവേണ്ടി നബി (സ)തിരുമേനിയുടെ ജിഹാദ് പൂർണ സ്വാധീനത്തോടെ അതിന്റെ ഫലങ്ങൾ വെളിപ്പെടുത്തുന്നതായിരിക്കും.

# സീറത്ത് സ്വഹാബ:
# ഹദ്റത്ത് അബൂബക്കർ(റ), ഹദ്റത്ത് മൗലാനാ നൂറുദ്ദീൻ സാഹിബ്(റ)

ഫിറോസ് അഹ്മദ് നയീം, മുബല്ലിഗ്– ജില്ലാ അമീർ, അഹ്മദിയ്യാ ജമാഅത്ത് ദില്ലി

*മിനൽമുഅ്മിനീന രിജാലുൻ സ്വദഖൂ മാ ആഹദുല്ലാഹ അലയ്ഹി ഫമിൻഹും മൻഖളാ നഹ്ബഹൂ വ മിൻഹും മ്മൻയ്യൻത്തളിർ വമാ ബദ്ദലൂ തബ്ദീലൻ*(33:24)

അല്ലാഹുവുമായി ചെയ്ത കരാർ പാലിച്ച് ചിലയാളുകൾ ആ സത്യവിശ്വാസികളിലുണ്ട്. അങ്ങനെ, (ജീവനർപിച്ച്)അവരിൽ ചിലർ തങ്ങളുടെ പ്രതിജ്ഞ പൂർത്തിയാക്കിയിരിക്കുന്നു. അവരിൽ ചിലർ അവസരം പാർത്തിരിക്കുകയുമാണ്. അവർ ഒരു മാറ്റവും വരുത്തിയിട്ടില്ല.

ഓരോ കാലഘട്ടത്തിലും അല്ലാഹു തന്റെ പ്രിയപ്പെട്ടവരെ ഈ ലോകത്തയക്കുമ്പോൾ അവരെ പിന്തുണയ്ക്കുന്നതിനും സഹായിക്കുന്നതിനും ഭൗമികവും ആകാശീയവുമായ അടയാളവും വെളിപ്പെടുത്തുന്നു. തികച്ചും അവരുടെ പ്രതിബിംബമായ കൂട്ടുകാരേയും അവർക്ക് പ്രദാനം ചെയ്യുന്നു. അല്ലാഹു ആദ്യകാലഘട്ടത്തിൽ നബി(സ)തിരുമേനിക്ക് സിദ്ദീഖ് അക്ബറിനെ(റ)പ്രദാനം ചെയ്തതുപോലെതന്നെയാണ് അവസാന കാലഘട്ടത്തിൽ ഹദ്റത്ത് നൂറുദ്ദീനെ, വാഗ്ദത്ത മഹ്ദിയും മസീഹുമായ ഹദ്റത്ത് മിർസാ ഗുലാം അഹ്മദിന് പ്രദാനം ചെയ്തത്.

ഹദ്റത്ത് അബൂബക്ർ(റ):

അമ്പിയാഅ്(അ)നുശേഷം മനുഷ്യരിൽ ഏറ്റവും ഉത്തമനായിരുന്നു ഹദ്റത്ത് സിദ്ദീഖുൽ അക്ബർ(റ). അദ്ദേഹത്തെ നബി(സ)തിരുമേനി തന്റെ ഉറ്റമിത്രം ആക്കാനാഗ്രഹിച്ചിരുന്നു. അദ്ദേഹത്തെ അല്ലാഹു വിശുദ്ധ ഖുർആനിൽ സത്യത്തെ പിന്തുണയ്ക്കുന്നവനെന്നും ന്യായത്തിന്റേയും സത്യത്തിന്റേയും ആൾരൂപംമെന്നും പ്രതിച്ഛായയെന്നും പറഞ്ഞിരിക്കുന്നു. അദ്ദേഹം ജാഹിലിയ കാലഘട്ടത്തിലും മദ്യപാനം, ചൂതാട്ടം, വിരോധിക്കപ്പെട്ടകാര്യങ്ങൾ തുടങ്ങിയവയിൽനിന്നെല്ലാം വേറിട്ടുനിന്നു. അദ്ദേഹത്തെ കുറിച്ച് ഹദ്റത്ത് ഉമർ(റ)പറഞ്ഞു:'ആരെയാണോ നബി(സ)തിരുമേനി മുസ്‌ലിമീങ്ങളുടെ ഇമാമത്തിന് നിശ്ചയിച്ചത്, ജന്നത്തിലെ എല്ലാ വാതിലുകളിലൂടേയും പ്രവേശിക്കാൻ ക്ഷണിപ്പെടുമെന്ന് പറഞ്ഞത്, ഇസ്‌ലാമിനേയും ഇസ്‌ലാമിന്റെ പ്രവാചകനേയും എത്രത്തോളം സഹായിച്ചുവെന്നാൽ, അദ്ദേഹത്തിന്റെ നന്മകളുടെ പ്രതിഫലം അല്ലാഹുതന്നെ നല്കുമെന്ന് നബി(സ)തിരുമേനി നേരിട്ട് പറഞ്ഞതുമായ അദ്ദേഹത്തിന്റെ സ്ഥാനത്തും നിലയിലുമെത്താൻ എനിക്കൊരിക്കലും സാധിക്കുകയില്ല.'

നബി(സ)തിരുമേനിയുടെ ദർബാർ കവിയായിരുന്ന ഹസ്സാൻ ബിൻ ഥാബിത്ത് അൻസ്വാരി(റ), ഹദ്റത്ത് അബൂബക്റിനെ കുറിച്ചു പറഞ്ഞു:'നിങ്ങളുടെ മനസ്സിൽ എന്തെങ്കിലും വേദനാജനകമായ ഓർമനിങ്ങളുടെ ഏതെങ്കിലും ഉത്തമനായ സുഹൃത്തിനെ സംബന്ധിച്ച് ഉണ്ടായാൽ നിങ്ങളുടെ സഹോദരൻ അബൂബകേറിനേയും അദ്ദേഹത്തിന്റെ സ്മരണാർഹമായ ആ സശേഷഗുണങ്ങൾ കാരണത്താൽ സ്മരിച്ചുകൊള്ളുക. അദ്ദേഹം നബി(സ) തിരുമേനിക്കുശേഷം എല്ലാവരിലുംവച്ച് കൂടുതൽ മുത്തഖിയും ഏറ്റവുമധികം നീതിബോധവുമുള്ള ആളുമായിരുന്നു. താൻ വഹിച്ചിരുന്ന ചുമതലകൾ ഏറ്റവുമധികം നിറവേറ്റുന്നയാളുമായിരുന്നു. അബൂബക്ർ(റ)നബി(സ)തിരുമേനിയോടൊപ്പം ഥൗർ ഗുഹയിലുണ്ടായിരുന്ന രണ്ടാമത്തെ മനുഷ്യനായിരുന്നു. അദ്ദേഹം സ്വയമേവ അവിടത്തെ അനുധാവനത്തിൽ തന്നെ തികച്ചും ലയിപ്പിച്ചുവെച്ചിരുന്നു. അദ്ദേഹം ഏതൊരു ജോലിയിൽ കൈവെച്ചാലും അതിനെ മനോഹരമാക്കുമായിരുന്നു. അദ്ദേഹം നബി(സ)തിരുമേനിയിൽ വിശ്വസിച്ചവരിൽ ഒന്നാമനായിരുന്നു.

ഈ സിദ്ദീഖെ അക്ബർ ഇസ് ലാമിന്റെ മാന്യനാപുരുഷനായിരുന്നു. ഇദ്ദേഹം മുഖേന അല്ലാഹു ലോകത്തിന് റസൂലിനോടുള്ള സ്നേഹം, റസൂലിനോടുള്ള അനുസരണം, സഹിഷ്ണുത, ക്ഷമ, പൗരുഷം, ഇസ്‌ലാമിനോടുള്ള സ്നേഹം, നന്മ, സൽപെരുമാറ്റത്തിന്റെ മഹത്തായ മാതൃകകൾ സ്ഥാപിക്കണമായിരുന്നു.

ഹദ്റത്ത് മസീഹ് മൗഊദ്(അ)തന്റെ അറബി ഖസ്വീദയിൽ ഹദ്റത്ത് അബൂബക്ർ(റ)നെ കുറിച്ച് പറയുന്നു: അതിന്റെ തർജമ ഇപ്രകാരമാണ്. അദ്ദേഹം അല്ലാഹുവിന്റെ നബിയുടെ അടുക്കൽ സത്യഹൃദയത്തോടെ വന്നു. പ്രകാശമാനമാക്കപ്പെട്ടു. വൈമനസ്യമുണ്ടാക്കുന്ന അന്ധകാരത്തിന്റെ ഒര ു സ്വാധീനവും അവശേഷിച്ചില്ല. അദ്ദേഹം അനുസരിച്ചുകൊണ്ട് തീവ്രാഭിലാഷത്തിന്റെ ചിറകുകളോടുകൂടി പറക്കുകയും ആദരണീയ നബിയുടെ വലംകൈയാകുകയും ചെയ്തു. ഞങ്ങളും നിങ്ങളും ഇന്ന് തോട്ടങ്ങളിൽ സന്തോഷിക്കുന്നു. വാസ്തവത്തിൽ അദ്ദേഹം യുദ്ധമൈതാനത്ത് പുനരുഥാന നാൾപോലെ ഹാജറായിരുന്നു. അദ്ദേഹം നിഷ്കളങ്കമായ നിയ്യത്തോടെ അല്ലാഹുവിനുവേണ്ടി ജന്മനാടിനോടുള്ള സ്നേഹം ഉപേക്ഷിച്ചു നബി(സ)തിരുമേനിയുടെ അടുത്ത് ഒരു അനുരക്തനായ പ്രേമിയെപോലെ വന്നു.'(സിർറുൽഖിലാഫ പേജ് 182)

ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്(റ)ന്റെ പേര് അബ്ദുല്ലാഹ് എന്നായിരുന്നു. ഉഥ്മാൻ ബിൻ ആമിർ എന്നായിരുന്നു പിതാവിന്റെ പേര്. സംജ്ഞാനാമമായിരുന്നു അബൂബക്ർ. അദ്ദേഹത്തിന്റെ ഉപനാമം അത്തീഖ് എന്നും സിദ്ദീഖ് എന്നുമായിരുന്നു. അദ്ദേഹം ജനിച്ചത് 573-ലായിരുന്നു. അദ്ദേഹത്തിന്റെ മാതാവിന്റെ പേര് സൽമ ബിൻത് സ്വഹ്ർ ബിൻ ആമിർ എന്നായിരുന്നു.

ഇസ്‌ലാം സ്വീകരിക്കുന്നതിനുമുമ്പേ ഹദ്റത്ത് അബൂബക്ർ സിദ്ദീഖിന്റെ തൊഴിലിനേയും സ്ഥലത്തേയും സംബന്ധിച്ച് ത്വബരി എന്ന ചരിത്രഗ്രന്ഥത്തിലെഴുതിയിരിക്കുന്നു: അബൂബക്ർ തന്റെ ജനതയിൽ സ്വീകാര്യനും പ്രിയപ്പെട്ടവനുമായിരുന്നു. അദ്ദേഹം മൃദുലപ്രകൃതനായിരുന്നു. അദ്ദേഹത്തിന്റെ വംശാവലിയും അതിന്റെ നല്ലതും തീയതും ഏറ്റവും കൂടുതൽ അറിയുന്ന ആളായിരുന്നു. അദ്ദേഹം കച്ചവടക്കാരനായിരുന്നു. സൽസ്വഭാവിയും നന്മളുടെ ഉടമയുമായിരുന്നു. ഈ അധികമായ കാര്യങ്ങളുള്ളതുകൊണ്ട് അദ്ദേഹത്തിന്റെ ജനതയിലെ ആളുകൾ അദ്ദേഹത്തിന്റെ അടുക്കൽ വരാറുണ്ടായിരുന്നു. അദ്ദേഹത്തെ സ്നേഹിച്ചിരുന്നു; അദ്ദേഹത്തിന്റെ പരിചയസമ്പത്തു കാരണത്താലും അദ്ദേഹത്തിന്റെ നല്ല മജ്‌ലിസുകൾ കാരണത്താലും!(താരീഖ് ത്വബരി, വാള്യം 1, പേജ് 540)

അദ്ദേഹത്തിന്റെ ഇസ്‌ലാം മത സ്വീകരണത്തെ സംബന്ധിച്ച് ധാരാളം സംഭവങ്ങൾ നിവേദനങ്ങളിൽ വന്നിട്ടുണ്ട്. അതിൽ ചിലത് താഴെ വിവരിക്കുകയാണ്.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ഹദ്റത്ത് അബൂബക്റിന്റെ ഇസ്‌ലാംമത സ്വീകരണത്തെ സംബന്ധിച്ചുള്ള സംഭവം വിവരിച്ചുകൊണ്ട് ഒരു സ്ഥലത്ത് ഇപ്രകാരം വിവരിക്കുന്നു. നബി(സ) തിരുമേനി നുബുവ്വത്ത് വാദം പുറപ്പെടുവിച്ചപ്പോൾ ഹദ്റത്ത് അബൂബക്കർ വെളിയിൽ എവിടെയോ പോയിരിക്കുകയായിരുന്നു. തിരിച്ചുവന്നപ്പോൾ അദ്ദേഹത്തിന്റെ ഒരു അടിമസ്ത്രീ അദ്ദേഹത്തോട് പറഞ്ഞു. അങ്ങയുടെ സ്നേഹിതൻ (നഊദുബില്ലാഹ്) ഭ്രാന്തനായിരിക്കുന്നു. അയാൾ കേട്ടുകേൾവിയില്ലാത്ത കാര്യങ്ങളാണ് പറയുന്നത്. അയാളിൽ ആകാശത്തുനിന്ന് മാലാഖമാർ ഇറങ്ങുന്നുവത്രെ. ഹദ്റത്ത് അതേസമയം അവിടെന്നെഴുന്നേറ്റ് നബി(സ) തിരുമേനിയുടെ വീട്ടിലെത്തുകയും ചെയ്തു. വീട്ടിൽചെന്ന് വാതിലിൽ മുട്ടിവിളിച്ചു. നബി(സ) തിരുമേനി വെളിയിൽ വന്നു. അപ്പോൾ ഹദ്റത്ത് അബൂബക്കർ പറഞ്ഞു അങ്ങ് വ്യാഖ്യാനിക്കേണ്ട ആവശ്യമൊന്നുമില്ല. എന്നോട് ഇത്രമാത്രം പറയുക, അല്ലാഹുവിന്റെ മലക്കുകൾ അങ്ങയിൽ ഇറങ്ങുന്നുവെന്നും അങ്ങയോട് സംസാരിക്കുന്നുവെന്നും അങ്ങ് പറഞ്ഞുവോ? നബി(സ) തിരുമേനി അദ്ദേഹത്തിന് അബദ്ധം പിണയേണ്ട എന്നു കരുതി വിശദീകരിക്കാൻ ആഗ്രഹിച്ചു. എന്നാൽ, ഹദ്റത്ത് അബൂബക്കർ പറഞ്ഞു. അങ്ങ് വ്യാഖ്യാനിക്കേണ്ട ഇക്കാര്യം അങ്ങ് പറഞ്ഞുവോ എന്നുമാത്രം എന്നോട് പറയുക. പിന്നീട് നബി(സ) തിരുമേനി മുഖവുര എന്ന നിലയിൽ സംസാരിക്കാനാഗ്രഹിച്ചു. എന്നാൽ, ഹദ്റത്ത് അബൂബക്കർ പറഞ്ഞു വേണ്ട വേണ്ട അങ്ങ് ഇപ്പറഞ്ഞ കാര്യം ശരിയാണോ എന്നു മാത്രം പറഞ്ഞാൽ മതി. നബി(സ) തിരുമേനി പറഞ്ഞു. ശരിതന്നെയാണ്. അപ്പോൾ ഹദ്റത്ത് അബൂബക്കർ പറഞ്ഞു. ഞാൻ അങ്ങയിൽ വിശ്വസിക്കുന്നു. പിന്നീട് അദ്ദേഹം പറഞ്ഞു. നബി(സ) തിരുമേനി തെളിവുകൾ പറയാൻ പോയപ്പോൾ ഞാൻ വേണ്ട എന്നു പറഞ്ഞത് തടഞ്ഞത് എന്റെ ഈമാനിന്റെ അടിത്തറ നേരിട്ട് കണ്ടതിൽ ആയിരക്കണം. തെളിവുകളിൽ ആകരുത് എന്നതുകൊണ്ടാണ്. എന്തുകൊണ്ടെന്നാൽ, നബി(സ) തിരുമേനിയെ സത്യവാനും വഴികാട്ടിയുമായി അംഗീകരിച്ചതിനുശേഷം ഏതെങ്കിലും തെളിവിന്റെ ആവശ്യംതന്നെ ഉദിക്കുന്നില്ല. ഏതൊരു കാര്യത്തെയാണോ മക്കക്കാർ ഒളിപ്പിച്ചുവെച്ചത് അതിനെ ഹദ്റത്ത് അബൂബക്കർ(റ) തന്റെ കർമംകൊണ്ട് വ്യക്തമാക്കിക്കാണിച്ചു. (തഫ്സീറെ കബീർ, വാള്യം 2, പേജ് 251)

നബി(സ) തിരുമേനി പറഞ്ഞു: ഞാൻ ആരെയൊക്കെയാണോ ഇസ്‌ലാമിലേക്ക് വിളിച്ചത് അവർക്കൊക്കെ തീർച്ചയായും മടിയുണ്ടായിട്ടുണ്ട്, അബൂബക്കർ ഒഴികെ ഞാൻ അദ്ദേഹത്തിന്റെ മുമ്പിൽ ഇസ്‌ലാം സമർപ്പിച്ചപ്പോൾ അദ്ദേഹം അൽപംപോലും മടികാണിച്ചില്ല. (ഇബ്നുഹിശാം, വാള്യം 1, പേജ് 267)

ഇസ്‌ലാം സ്വീകരിച്ചതിനുശേഷം അദ്ദേഹത്തിന്റെമേൽ അക്രമങ്ങൾ ഉണ്ടാകാൻ തുടങ്ങി. പലരീതിയിലുള്ള അക്രമങ്ങളും ദ്രോഹങ്ങളും അദ്ദേഹത്തോടു ചെയ്തു. നേരായപാതയിൽ നടക്കുന്നവർക്ക് പരീക്ഷണങ്ങളുടെ നടപടിക്രമം നടന്നുവരുന്നു. സ്വഹാബിമാരുടെ ഉള്ളിലും ദൈവികസുന്നത്ത് നിലനിന്നു. എത്രത്തോളം ബുദ്ധിമുട്ടിച്ചെന്നാൽ ദേവ്ഹയ്ക്കിൽ മലപോലും മറുപടി കൊടുക്കുന്നത്ര! പക്ഷേ ആ പരിശുദ്ധാത്മാവ് തന്റെ ജീവനും സ്വത്തും അല്ലാഹുവിന്റെ വഴിയിൽ ത്യാഗം ചെയ്തു. മക്കയിലെ അവിശ്വാസികൾ ഇസ്‌ലാം സ്വീകരിക്കുന്നവരുടെമേൽ പലരീതിയിലുള്ള ദ്രോഹങ്ങളും ചെയ്തു. ദുർബലരും അടിമകളുമായ മുസ്‌ലിമീങ്ങൾ മാത്രമല്ല അതിൽ

കുറിമാനമായത് പ്രത്യുത നബി(സ) തിരുമേനിയും അബൂബക്കർപോലും മക്ക മുശ്രിക്കീങ്ങളുടെ അക്രമങ്ങളിൽനിന്ന് സുരക്ഷിതരായിരുന്നില്ല. ചരിത്രം ഇതിന് സാക്ഷിയാണ്. അവരേയും പല രീതിയിലുള്ള അക്രമങ്ങൾക്കും ദ്രോഹങ്ങൾക്കും കുറിമാനമാക്കിയിരുന്നു. ഒരു നിവേദനത്തിൽ വരുന്നു. ഒരിക്കൽ അന്യാരാധകർ നബി(സ) തിരുമേനിയോടു പറഞ്ഞു. താങ്കൾ ഞങ്ങളുടെ ആരാധകരെ സംബന്ധിച്ച് ഇക്കാര്യം പറഞ്ഞില്ലേ? നബി(സ) തിരുമേനി പറഞ്ഞു: പറഞ്ഞു. അപ്പോൾ അവർ നബി(സ) തിരുമേനിക്ക് ചുറ്റും കൂടി. ആ നേരത്ത് ആരോ അബൂബക്കറിനോട് താങ്കളുടെ സ്നേഹിതന്റെ വിവരങ്ങൾ ആരായാൻ പറഞ്ഞു. ഹദ്റത്ത് അബൂബക്കർ(റ) പുറപ്പെട്ടു. മസ്ജിദ് ഹറാമിലെത്തി. അദ്ദേഹം നബി(സ) തിരുമേനിയെ ആളുകളാൽ വലയം ചെയ്യപ്പെട്ട അവസ്ഥയിൽ കണ്ടു. ഹദ്റത്ത് അബൂബക്കർ(റ) പറഞ്ഞു. നിങ്ങൾക്ക് നാശമുണ്ടാകട്ടെ. അ തഖ്ത്തുലൂന റജുലൻ അൻയ്യഖൂം റബ്ബിയല്ലാഹു വഖദ് ജാഅക്കും ബിൻബയ്യിനാത്തി മിൻ റബ്ബിക്കും (40:29) എന്റെ നാഥൻ അല്ലാഹു ആണെന്ന് പറഞ്ഞതു നിമിത്തം നിങ്ങൾ ഒരാളെ കൊല്ലുകയാണോ? അദ്ദേഹം നിങ്ങളുടെ നാഥനിൽനിന്ന് സ്പഷ്ടമായ തെളിവുകൾ നിങ്ങൾക്ക് കൊണ്ടുവന്നിരിക്കുകയുമാണല്ലോ. അപ്പോൾ അവർ നബി(സ) തിരുമേനിയെ വിട്ടയച്ചു. ഹദ്റത്ത് അബൂബക്കറിന്റെമേൽ ചാടിവീണു. അദ്ദേഹത്തെ മർദ്ദിക്കാൻ തുടങ്ങി. ഹദ്റത്ത് അബൂബക്കറിന്റെ മകൾ ഹദ്റത്ത് അസ്മാഅ് പറയുന്നു. അദ്ദേഹം തങ്ങളുടെ അടുത്ത് ഏതവസ്ഥയിലാണ് എത്തിയതെന്നാൽ, അദ്ദേഹം തന്റെ തലമുടിയിൽ തൊടുമ്പോൾ അത് അദ്ദേഹത്തിന്റെ കൈയിലുണ്ടാകുമായിരുന്നു. അവിടന്ന് പറയുമായിരുന്നു. തബാറക്ത്ത യാ ദൻജലാലിവൽ ഇക്റാം.

ഹദ്റത്ത് അബൂബക്കർ സ്വിദ്ദീഖ്(റ) ഇസ്ലാം സ്വീകരിച്ചു. അപ്പോൾ മുതൽ ഉന്മത്തനായിക്കൊണ്ട് ഇസ്ലാമിക പ്രബോധനം ആരംഭിച്ചു. ഹദ്റത്ത് ഉഥ്മാൻ ബിൻ അഫ്ഫാൻ ത്വകഹബിൻ അബ്ദുല്ലാഹ്, സഅ്ദ് ബിൻ അബീ വഖാസ് അബ്ദുർ റഹ്മാൻ ബിൻ ഔഫ്, അതുപോലെ തന്നെ ധാരാളം മറ്റു ജലീലുൽ ഖദ്ർ സ്വഹാബിമാരും ഇസ്ലാം സ്വീകരിച്ചു. അദ്ദേഹത്തിന്റെ വ്യക്തിപരമായ നന്മയും തഖ്‌വയും കണ്ടുമുട്ടുന്ന എല്ലാവരേയും ആകർഷിച്ചിരുന്നു. അവിടത്തെ ജീവിതം നബി(സ) തിരുമേനിക്കും പാവപ്പെട്ട മുസ്ലിമീങ്ങൾക്കും വേണ്ടി സമർപ്പിച്ചുകഴിഞ്ഞിരുന്നു. ധാരാളം അടിമകളുടേയും വേലക്കാരുടെയും ജീവിതം അവരുടെമേൽ അവരുടെ മുതലാളിമാർ അക്രമങ്ങൾ അഴിച്ചുവിടുമായിരുന്നു. അബൂബക്കർ(റ) മുഖേന സ്വാതന്ത്ര്യത്തിന്റെ അനുഗ്രഹം ആസ്വദിക്കുന്നവരായി. ആ അടിമകളിൽ ഹദ്റത്ത് ബിലാൽ(റ) ആമിർ ബിൻ ഫുഹയ്റ(റ) തുടങ്ങിയവരുമുണ്ടായിരുന്നു. അല്ലാഹുവുമായി ഇണങ്ങുന്നതിനുവേണ്ടി; അബൂബക്കർ(റ) തന്റെ വീടിന്റെ മുറ്റത്ത് ഒരു ചെറിയ മസ്ജിദ് ഉണ്ടാക്കിവെച്ചിരുന്നു. അദ്ദേഹത്തിന്റെ ആരാധനയുടെ ദൃശ്യം എത്രമാത്രം ഹൃദയവർജ്ജകമായിരുന്നുവെന്നാൽ, ആളുകളഞ്ഞ പ്രത്യേകമായ നിലയിൽ അദ്ദേഹത്തെ കാണാൻ വരുമായിരുന്നു. ആകർഷിക്കപ്പെടാതെ പോകുമായിരുന്നില്ല. അല്ലാഹുവിന്റെ നിർദ്ദേശമനുസരിച്ച് ഖുൽ ഇന്ന സ്വലാത്തി വനുസുക്കീ വ മഹ്‌യായ വമമമാത്തീ ലില്ലാഹി റബ്ബിൻ ആലമീൻ.

ഹദ്റത്ത് അബൂബക്ർ(റ)അല്ലാഹുവിനുവേണ്ടി ധനം ചെലവഴിക്കുന്നതിലും ദാന ധർമങ്ങൾ കൊടുക്കുന്നതിലും എല്ലാ സ്വഹാബത്തിനെക്കാളും മുന്നിലായിരുന്നു. തിർമുദിയിൽ വന്നിട്ടുള്ള ഹദീഥാണ്, ഒരിക്കൽ നബി(സ)തിരുമേനി ഞങ്ങളോടു അല്ലാഹുവിന്റെ മാർഗത്തിൽ ദാനധർമങ്ങൾ കൊടുക്കാൻ കൽപിച്ചു. അപ്പോൾ ഹദ്റത്ത് ഉമർ(റ)പറഞ്ഞു:ഇന്നേ ദിവസം ഞാൻ അബൂബക്റിനെക്കാൾ മുന്നിൽ പോകുന്നതായിരിക്കും. അങ്ങനെ ഹദ്റത്ത് ഉമർ(റ)വീട്ടിലെ പകുതി വസ്തുക്കൾ എടുത്തുകൊണ്ടുവന്നു. അപ്പോൾ നബി(സ)തിരുമേനി ചോദിച്ചു എന്താണ് കൊണ്ടുവന്നത്? അപ്പോൾ ഹദ്റത്ത് ഉമർ(റ)പറഞ്ഞു:അല്ലാഹുവിന്റെ ദൂതരേ! പകുതി സ്വത്ത്! പിന്നെ ഹദ്റത്ത് അബൂബക്ർ(റ)ഒരു ചെറിയ കെട്ടുമെടുത്ത് നബി(സ)തിരുമേനിയുടെ അടുത്തു വന്നു. അപ്പോൾ നബി(സ)തിരുമേനി അദ്ദേഹത്തോടു ചോദിച്ചു, അബൂബക്റേ! വീട്ടുകാർക്കുവേണ്ടി വീട്ടിൽ എന്തു വെച്ചിട്ടാണ് വന്നിട്ടുള്ളത്? അപ്പോൾ ഹദ്റത്ത് അബൂബക്ർ(റ)പറഞ്ഞു:ഞാൻ അല്ലാഹുവിനേയും അവന്റെ റസൂലിനേയും വീട്ടിൽ വെച്ചിട്ടാണ് വന്നിട്ടുള്ളത്!(മിശ്ക്കാത്ത് പേജ് 554)

മറ്റൊരു നിവേദനത്തിൽ വരുന്നു:നബി(സ)തിരുമേനി ഒരിടത്ത് പറയുന്നു, എനിക്ക് അബൂബക്റിന്റെ സമ്പത്ത് എത്രമാത്രമാണോ പ്രയോജനപ്പെട്ടത് അത്ര മറ്റാരിൽനിന്നുമുണ്ടായിട്ടില്ല. നബി(സ)തിരുമേനി പറഞ്ഞു: ഞാൻ ഞാൻ ദുൻയാവിലെ എല്ലാ നന്മ പ്രവർത്തിക്കുന്നവരുടേയും നന്മകൾക്ക് പ്രതിഫലം കൊടുത്തിട്ടുണ്ട്. എന്നാൽ, സിദ്ദീഖെ അക്ബറിന്റെ നന്മകളുടെ പ്രതിഫലം അല്ലാഹു പ്രദാനം ചെയ്യുന്നതായിരിക്കും.

ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:'നബി(സ) തിരുമേനി ഹദ്റത്ത് അബൂബക്ർ(റ)ന് സിദ്ദീഖ് എന്ന ബഹുമതി നല്കിയപ്പോൾ അദ്ദേഹത്തിൽ എന്തെന്തെല്ലാം ശ്രേഷ്ഠതകളാണുണ്ടായിരുന്നതെന്ന് അല്ലാഹുവാണ് നന്നായി അറിയുന്നവൻ. നബി(സ)തിരുമേനി ഇങ്ങനേയും പറഞ്ഞു:ഹദ്റത്ത് അബൂബക്ർ(റ)ന്റെ ശ്രേഷ്ഠത അദ്ദേഹത്തിന്റെ മനസ്സിന്റെ ഉള്ളിലുള്ള കാര്യം കാരണത്താലാണ്. സൂക്ഷിച്ചുനോക്കുകയാണെങ്കിൽ യഥാർഥത്തിൽ ഹദ്റത്ത് അബൂബക്ർ(റ)ഏതൊരു സത്യസന്ധതയാണോ കാണിച്ചത് അതിനു തുല്യമായത് കിട്ടുക പ്രയാസമാണ്. സത്യമെന്താണെന്നാൽ, ഓരോ കാലഘട്ടത്തിലും ആരാണോ സിദ്ദീഖിന്റെ ശ്രേഷ്ഠതകൾ കരസ്ഥമാക്കുന്നതിന് ആഗ്രഹിക്കുന്നത്, അവർക്ക് ഹദ്റത്ത് അബൂബക്റിന്റെ സ്വഭാവത്തേയും പ്രകൃതിയേയും തന്റെ ഉള്ളിലുണ്ടാക്കുന്നതിനുവേണ്ടി കഴിയുന്നിടത്തോളം മുജാഹദ ചെയ്യേണ്ടതും ദുആകൾ മുഖേന പ്രവർത്തിക്കേണ്ടതും അനിവാര്യമാണ്. അബൂബക് റിന്റെ പ്രകൃതിയുടെ തണൽ തന്റെമേൽ ഇടാത്തിടത്തോളം അതേ വർണത്തിൽ വർണാഭമാകാത്തിടത്തോളം സിദ്ദീഖീ ശ്രേഷ്ടതകൾ കരസ്ഥമാകുകയില്ല.

ഹദ്റത്ത് സീദ്ദീഖെ അക്ബറിന്റെ സ്വഭാവം റസൂലുല്ലാഹി(സ)ന്റെ അച്ചിൽ വാർത്തെടുത്തതായിരുന്നു. അദ്ദേഹത്തിന്റെ എല്ലാ കർമങ്ങളും റസൂലിനെ പിൻപറ്റിയതിനേയും അനുധാവനം ചെയ്തതിനേയും വെളിപ്പെടുത്തുന്നതായിരുന്നു. ഒരു നിവേദനത്തിലുണ്ട്. ഹദ്റത്ത് അബൂഹുറയ്റ(റ) വിവരിക്കുന്നു: നിങ്ങളിലാർക്കാണ് ഇന്നു നോമ്പുള്ളതെന്ന് റസുലുല്ലാഹി(സ)ചോദിച്ചു. ഹദ്റത്ത് അബൂബക്ർ(റ)പറഞ്ഞു: എനിക്ക്! നിങ്ങളിലാരാണ് ഇന്ന് ജനാസയിൽ പങ്കെടുത്തത്? ഹദ്റത്ത് അബൂബക്ർ(റ)പറഞ്ഞു: ഞാൻ! നിങ്ങളിലാരാണ് ഇന്ന് മിസ്കീന് ഭക്ഷണം നല്കിയത്? ഹദ്റത്ത് അബൂബക്ർ(റ)പറഞ്ഞു: ഞാൻ! നിങ്ങളിലാരാണ് ഇന്ന് രോഗിയെ സന്ദർശിച്ചത്?ഹദ്റത്ത് അബൂബക്ർ(റ)പറഞ്ഞു: ഞാൻ! അപ്പോൾ നബി(സ) തിരുമേനി പറഞ്ഞു:ഏതൊരുവ്യക്തിയിലാണോ ഈ എല്ലാ സ്വഭാവങ്ങളും ഒത്തുചേർന്നിട്ടുള്ളത് അയാൾ തീർച്ചയായും സ്വർഗത്തിൽ പ്രവേശിക്കുന്നതായിരിക്കും.(മുസ്ലിം 1028)

മദീനഹിജ്റത്തിന്റെ അനുഗൃഹീത യാത്രയിൽ ഹദ്റത്ത് അബൂബക്ർ(റ)ഏതൊരു കൂറിന്റേയും ആത്മസമർപണത്തിന്റേയും മാതൃകയാണോ കാഴ്ചവെച്ചത് അതിന് സമാനതകളില്ല. തന്റെ രണ്ടു ഒട്ടകങ്ങളെ ആദ്യമെതന്നെ തയ്യാറാക്കി നിറുത്തിയിരുന്നു. അവയിൽ ഒരു ഒട്ടകം നബി(സ)തിരുമേനിയുടെ സന്നിധിയിൽ പ്രതിഫലമൊന്നും കൂടാതെ സമർപ്പിച്ചു. എന്നാൽ, നബി(സ)തിരുമേനി അത് വിലക്കുവാങ്ങി. ഹദ്റത്ത് അബൂബക്ർ(റ)5000 ദിർഹമും വഴിച്ചെലവിന് എടുത്തിരുന്നു. പിന്നെ നബി(സ)തിരുമേനിയുടെ കൂടെ ഥൗർ ഗുഹയിൽ സഹവസിക്കാനും തൗഫീഖ് കിട്ടി. അത് വിശുദ്ധ ഖുർആനിൽ എന്നെന്നേക്കുമായിരേഖപ്പെട്ടു. ഥാനിയഥ്നയ്നി ഇദ് ഹുമാ ഫിൽഗാറി ഇദ് യഖൂലു ലി സ്വാഹിബിഹി ലാ തഹ്സൻ ഇന്നല്ലാഹ മഅനാ(9:40)അദ്ദേഹം രണ്ടിലൊരാളായിരുന്നപ്പോൾ. അവർ രണ്ടുപേരും ആ ഗുഹയിലായിരുന്നപ്പോൾ,'നീ ദുഃഖിക്കേണ്ട തീർച്ചയായും അല്ലാഹു നമ്മോടൊപ്പമുണ്ട്'എന്ന് അദ്ദേഹം തന്റെ കൂട്ടുകാരനോടു പറയുകയായിരുന്നപ്പോൾ.

ഹിജ്റത്ത് യാത്രയിലെ സംഭവമാണ്. ഹദ്റത്ത് അബൂബക്ർ(റ)ഒരു അന്യാരാധകനായ സുറാഖ തങ്ങളെ പിന്തുടർന്നു വരുന്നത് കണ്ടപ്പോൾ കരയാൻ തുടങ്ങി. നബി9സ)തിരുമേനി കാരണം ചോദിച്ചപ്പോൾ പറഞ്ഞു:എന്റെ ജീവനെകുറിച്ചുള്ള ഭയം കൊണ്ടല്ല, അങ്ങയെ ഓർത്താണ് കരയുന്നത്. എന്റെ യജമാനർക്ക് വല്ല ബുദ്ധിമുട്ടുമുണ്ടാകുമോ എന്നോർത്ത്!(മുസ്നദ് അഹ്മദ്, വാള്യം 1, പേജ് 2, പ്രസാധനം മിസ്ർ)

ഥൗർ ഗുഹയിൽ പ്രവേശിച്ചപ്പോൾ ഹദ്റത്ത് അബൂബക്ർ(റ)അവിടം മുഴുവൻ വൃത്തിയാക്കുകയും തേളിന്റേയും പാമ്പിന്റേയും ശല്യമുണ്ടാകാതിരിക്കാൻ ദ്വാരങ്ങളെല്ലാം അടയ്ക്കുകയും ചെയ്തു. ഒരു ദ്വാരം അടച്ചില്ല. അതു തന്റെ കാലുകൊണ്ട് മറച്ചു. നബി(സ)തിരുമേനി ഹദ്റത്ത് അബൂബക്റിന്റെ തുടയിൽ തന്റെ അനഗൃഹീത തലവെച്ചുകൊണ്ട് വിശ്രമിക്കുകയായിരുന്നു. ദ്വാരത്തിലുണ്ടായിരുന്ന ഒരു പാമ്പ് ഹ്ദറത്ത് അബൂബക്ർ സിദ്ദീഖിന്റെ കാലിൽ കൊത്തി. പക്ഷേ, ആ സ്നേഹത്തിന്റെ ആൾരൂപം തന്റെ സ്നേഹത്തിനുമേൽ ആ ബുദ്ധിമുട്ടിനെ അതിജയിക്കാൻ വിട്ടില്ല. ബുദ്ധിമുട്ടും സ്നേഹവും സംഗമിച്ച കാരണത്താൽ അവിടത്തെ കണ്ണുകളിൽനിന്ന് അനിയന്ത്രിതമായി കണ്ണീരിറ്റാൻ തുടങ്ങി. റസൂലിനോടു എങ്ങനെയുള്ള പ്രേമമായിരുന്നു! അല്ലാഹുവിന്റെ റസൂലിനോടുള്ള ആ സ്നേഹംതന്നെയായിരുന്നു ഏതൊരു പതാകയുടെ കെട്ടാണോ റസൂലുല്ലാഹി(സ)കെട്ടിയത്, ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്(റ)ആ കെട്ടഴിക്കാൻ തയ്യാറായില്ല.

ലോകത്ത് ഒരുപാട് പ്രേമികൾ കഴിഞ്ഞുകടന്നിട്ടുണ്ട്. പ്രേമഭാജനത്തിനുവേണ്ടി രാജകിരീടത്തെ കൂട്ടിമുട്ടിച്ചവരുമുണ്ടാകാം. പ്രേമഭാജനത്തിന്റെ സന്തോഷത്തിനുവേണ്ടി പ്രേമഭാജനം കാരണത്താൽ വിരിപ്പ് ശേഖരിച്ചവരുമുണ്ടാകും. കണ്ണുകൾ നിറയെ കണ്ടുകൊണ്ടിരിക്കുകയും അടുത്ത നിമിഷം ജീവൻ കുരിശിൽ തൂക്കിയിട്ടിരിക്കുന്നതും കാണാറുണ്ട്. എന്നാൽ, പൂർണമായ വകതിരിവ്, പൂർണമായ അനുഭവജ്ഞാനം, സ്ഥിരചിത്തത, ദൃഢനിശ്ചയം, തികഞ്ഞ ഐക്യത്തോടെ പ്രതിജ്ഞ നിറവേറ്റുക എന്നത് അബൂബക്റിന്റെ മാത്രം പ്രത്യേക ഗുണമായിരുന്നു. അതിന്റെ മുമ്പിൽ ലോകത്തിലെ സകല ചരിത്രവും മങ്ങിപ്പോകുന്നു. അദ്ദേഹം അനുരക്തിയും സ്നേഹവും എങ്ങനെ പ്രകടിപ്പിച്ചുവെന്നാൽ പുനരുഥാന നാൾവരെയുള്ള നബി(സ)തിരുമേനിയുടെ എല്ലാ പ്രേമികളും സ്നേഹത്തിൽ ഹദ്റത്ത് അബൂബക്ർ സിദ്ദീ

ഖി(റ)നെ പിന്തുടർന്നുകൊണ്ടേയിരിക്കുന്നതാണ്. നബി(സ)തിരുമേനിയോടു ഹദ്റത്ത് അബൂബക്ർ സിദ്ദീഖിനുണ്ടായിരുന്ന അനുരക്തിയും സ്നേഹവും വിവരിച്ചുകൊണ്ട് ഹദ്റത്ത് മുസ്വ്‌ലിഹ് മൗഊദ്(റ)വിവരിക്കുന്നു: 'മക്കയിൽനിന്ന് മദീനയിലേക്കുള്ള ഹിജ്റത്തിന്റെ അവസരത്തിലും അവിടത്തെ വഫാത്തിന്റെ അവസരത്തിലും നബി(സ)തിരുമേനിയോടുള്ള ഹദ്റത്ത് അബൂബക്ർ(റ)ന്റെ ബന്ധം ആസക്തപരമായിരുന്നു. നബി(സ)തിരുമേനിക്ക് അവിടത്തെ വിയോഗത്തെ സംബന്ധിച്ച് വ്യംഗ്യമായ പരാമർശമുള്ള നസ്ർ എന്ന അധ്യായം ഇറങ്ങിയപ്പോൾ അവിടന്ന് സ്വാഹാബത്തിനോടു പറഞ്ഞു, അല്ലാഹു അല്ലാഹു തന്റെ ഒരു ദാസന് തന്റെ സഹവാസമോ ഭൗതികമായ അഭിവൃദ്ധിയോ ഏതെങ്കിലുമൊന്നെടുക്കാൻ അനുവാദം നല്കി. ഞാൻ അല്ലാഹുവിന്റെ സഹവാസത്തിന് മുൻഗണന നല്കി. എല്ലാ സ്വഹാബിമാരും അതിൽ അതിരറ്റ് സന്തോഷിച്ചു. പക്ഷേ, ഹദ്റത്ത് അബൂബക്ർ(റ)നിലവിളിക്കുകയായിരുന്നു. അവിടന്ന് അസ്വസ്ഥനായി കരയാൻ തുടങ്ങി. അദ്ദേഹം പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ!അങ്ങയുടെമേൽ ഞങ്ങളുടെ മാതാപിതാക്കളും ഭാര്യമരും കുട്ടികളുമെല്ലാം തെണ്ടമാണ്. ഞങ്ങൾ എല്ലാവസ്തുക്കളും ത്യാഗം ചെയ്യാൻ തയ്യാറാണ്. എപ്രകാരം നമ്മുടെ ഏതെങ്കിലും പ്രിയപ്പെട്ടവർ സുഖമില്ലാതാകുമ്പോൾ കാളയെ ഖുർബാനി ചെയ്യുന്നതുപോലെ ഹദ്റത്ത് അബൂബക്ർ(റ)തന്നേയും തന്റെ എല്ലാ പ്രിയപ്പെട്ടവരേയും ഖുർബാനി ചെയ്യുന്നതിന് നബി(സ)തിരുമേനിക്ക് സമർപിച്ചു. ഹദ്റത്ത് ഉമർ ഉൾപ്പടെ എല്ലാ സ്വഹാബിമാരും ഹദ്റത്ത് അബൂബക്ർ(റ)ന്റെ കരച്ചിലിലും ഇപ്രകാരം സംസാരിക്കുന്നതിലും അത്ഭുതപ്പെട്ടു. അപ്പോൾ നബി(സ)തിരുമേനി പറഞ്ഞു:അബൂബക്ർ(റ)എനിക്ക് എത്രമാത്രം പ്രിയപ്പെട്ടവനാണെന്നാൽ അല്ലാഹുവിനെ കൂടാതെ ആരെയെങ്കിലും ഉറ്റ ചങ്ങാതിയാക്കുന്നത് അനുവദനീയ മായിരുന്നെങ്കിൽ ഞാനദ്ദേഹത്തെ ഉറ്റചങ്ങാതിയാക്കുമായിരുന്നു. എന്നാൽ, ഇപ്പോഴും ഇദ്ദേഹം എന്റെ സ്നേഹിതനാണ്. പിന്നീടു പറഞ്ഞു:ഇന്നുമുതൽ മസ്ജിദിലേക്ക് തുറക്കുന്ന അബൂബക്റിന്റേതൊഴികെ മറ്റെല്ലാവരുടേയും ജനവാതിലുകൾ അടച്ചിടാൻ ഞാൻ കൽപിക്കുകയാണ്. ഇപ്രകാരം നബി(സ)തിരുമേനി ഹദ്റത്ത് അബൂബക്ർ(റ)നോടുള്ള തന്റെ അനുരക്തി പ്രകടിപ്പിച്ചു. കാരണം ആ ഇഷ്ടം പരിപൂർണമായിരുന്നു. അതാണ് അദ്ദേഹത്തോടു പറഞ്ഞത് ഈ വിജയത്തിന്റേയും സഹായത്തിന്റേയും വാർത്തയ്ക്കു പിന്നിൽ നബി(സ)തിരുമേനിയുടെ മരണത്തിന്റെ വാർത്തയുണ്ടെന്ന്. അദ്ദേഹം ഉടനെ തന്റേയും തന്റെ ബന്ധു മിത്രാദികളുടേയും ജീവന്റെ ഫിദ്‌യ സമർപിച്ചു.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: ഹദീഥുകളിൽ വന്നിരിക്കുന്നു, ഹദ്റത്ത് അബൂബക്റും ഹദ്റത്ത് ഉമറും തമ്മിൽ ഏതോ കാര്യത്തിൽ ഏറ്റുമുട്ടി. ഹദ്റത്ത് അബുബക്ർ(റ) കൂടുതൽ പ്രശ്നമുണ്ടാകരുന്നതെന്നു കരുതി അവിടെനിന്ന് പോകാനൊരുങ്ങി. അപ്പോൾ ഹദ്റത്ത് ഉമർ തന്റെ ചോദ്യത്തിന് മറുപടി പറഞ്ഞിട്ട് പോയാൽമതിയെന്നു പറഞ്ഞ് അദ്ദേഹത്തിന്റെ കുർത്ത പിടിച്ചു വലിച്ചു. അങ്ങനെ ഹദ്റത്ത് അബൂബക്ർ(റ)ന്റെ കുർത്ത കീറി. ഹദ്റത്ത് ഉമർ(റ)നബി(സ)തിരുമേനിയുടെ സന്നിധിയിൽ ഹാജരായി തന്റെ തെറ്റ് സമ്മതിച്ചു. അപ്പോൾ അവിടന്ന് പറഞ്ഞു:എന്നെ എല്ലാവരും നഷേധിച്ചിരുന്ന കാലത്ത് അബൂബക്ർ എന്നിൽ വിശ്വസിച്ചു. എല്ലാ രീതിയിലും എന്നെ സഹായിച്ചു. ഇതിന്നിടയിൽ ഹദ്റത്ത് അബൂബക്റും അവിടെയെത്തി. നബി(സ)തിരുമേനിയുടെ ദ്വേഷം കണ്ടിട്ട് തന്റെ തെറ്റ് സമ്മതിക്കാൻ തുടങ്ങി. ഇതായിരുന്നു അബൂബക്റിന്റെ സ്നേഹം. നബി(സ)തിരുമേനിയുടെ ബുദ്ധിമുട്ട് അദ്ദേഹത്തിന് സഹിക്കാൻ കഴിയുമായിരുന്നില്ല.

ഹദ്റത്ത് അബൂബക്ർ(റ)നബി(സ)തിരുമേനിയോടൊപ്പം എല്ലാ യുദ്ധങ്ങളിലും പങ്കെടുത്തു. അവിടന്ന് പങ്കെടുത്ത ഒരു യുദ്ധവും വിട്ടു കളഞ്ഞിരുന്നില്ല. അദ്ദേഹം നബി(സ)തിരുമേനിയോടൊപ്പം ഉറച്ചു നിന്നു. തബൂക് യുദ്ധാവസരത്തിൽ നബി(സ)തിരുമേനി തന്റെ മഹത്തായ പതാക ഹദ്റത്ത് അബൂബക്ർ(റ)ന് നല്കി. നുബുവ്വത്തിന്റെ തുടക്കം മുതൽ നബിയുടെ വഫാത്തുവരെ ജീവാർപണം ചെയ്ത് കൂടെനിന്നു. നബി(സ)തിരുമേനിയെ ആ സേവനങ്ങളും ത്യാഗങ്ങളും എത്രംമാത്രം ആകർഷിച്ചിരുന്നുവെന്നാൽ അവിടന്ന് പറയാറുണ്ടായിരുന്നു, ജീവന്റേയും ധനത്തിന്റേയും അടിസ്ഥാനത്തിൽ എന്നിൽ അബൂബക്റിനെക്കാൾ കൂടുതൽ ആരുടേയും നന്മയില്ല.

നബി(സ)തിരുമേനിയുടെ വഫാത്ത് സംഭവിച്ചപ്പോൾ ആളുകൾ വളരെ അസ്വസ്ഥരും ഭ്രാന്തരെപ്പോലുള്ളവരുമായിത്തീർന്നു. പക്ഷേ, അല്ലാഹു അബൂബക്ർ സിദ്ദീഖ്(റ)മുഖേന അവർക്ക് സ്ഥൈര്യം പ്രദാനം ചെയ്തു. ആ അവസരത്തിൽ ഹദ്റത്ത് അബൂബക്ർ(റ)മഹത്തായ നിലപാടാണ് സ്വീകരിച്ചത്. ചിന്നിച്ചിതറിക്കിടന്ന ഉമ്മത്തിനെ സംഘടിപ്പിച്ചു. അല്ലാഹുവിന്റെ ശബ്ദമായിക്കൊണ്ട് അദ്ദേഹം വിളംബരം ചെയ്തു: വമാ മുഹമ്മദുൻ ഇല്ലാ റസൂൽ ഖദ്ഖലത്ത് മിൻഖബ്‌ലിഹിർറുസുൽ(3:145)മുഹമ്മദ് ഒരു ദൈവദൂതൻ മാത്രമാണ്. അദ്ദേഹത്തിനു മുമ്പേയുണ്ടായിരുന്ന എല്ലാ ദൈവദൂതന്മാരും കാലഗതി പ്രാപിച്ചു കഴിഞ്ഞിരിക്കുന്നു.

ഈ ആത്മീയശബ്ദം കേട്ടപാടെ ഒന്നിനു പിറകെ ഒന്നായി മുഴുവൻ ഉമ്മത്തിന്റെ മനസ്സിലും എങ്ങനെയുള്ള സമാധാനമാണുണ്ടായതെന്നാൽ അവരുടെ മനസ്സ് തണുത്തുപോയി. ഹദ്റത്ത് ഉമർ(റ)ന് ഈ ആയത്തു കേട്ടിട്ട് തളർച്ചകൊണ്ട് നിൽക്കാൻ കഴിഞ്ഞില്ല. ദുഃഖഭാരത്തോടെ അവിടെ ഇരുന്നു കരഞ്ഞു.

നബി(സ)തിരുമേനിയുടെ വഫാത്തിനുശേഷം ചിന്നിച്ചിതറിയ ഉമ്മത്തിനെ സംഘടിപ്പിച്ചു നിറുത്തുക എന്ന ഭാരിച്ച ചുമതലയും ഹദ്റത്ത് അബൂബക്റിന്റെ തലയിലായിരുന്നു. അദ്ദേഹം തകർന്നിരുന്ന ഉമ്മത്തിനെ ശരിയാക്കി. വീണടിഞ്ഞതിനെ നന്നാക്കി. ചിതറിപ്പോയവരെ ഒരുമിച്ചു കൂട്ടി.(താരീഖുൽ ഖുലഫാ,പേജ് 51-52)

അദ്ദേഹത്തിന്റെ ഖിലാഫത്തുകാലത്തുതന്നെയാണ് ഇസ്‌ലാം അറേബ്യയിലെ വലിയ വലിയ ഭരണകൂടങ്ങളുടെ ഭരണാധികാരികളാക്കപ്പെട്ടത്. ശാം വിജയവും ഇറാൻ വിജയവുമൊക്കെയുണ്ടായത്. മതപരിത്യാഗത്തിന്റെ ഉയർന്നുകൊണ്ടിരുന്ന ശബ്ദങ്ങൾ അവസാനിച്ചതും. അതുപോലെതന്നെ വിശുദ്ധ ഖുർആൻ ക്രോഡീകരണത്തിന്റെ മഹത്തായ സംരംഭം നടന്നതും ഇക്കാലത്തുതന്നെയാണ്. ഈ എല്ലാ ജോലികളും ഹദ്റത്ത് അബൂബക്ർ(റ)ന്റെ ഖിലാഫത്തുകാലത്ത് നടന്ന മഹത്തായ പ്രവർത്തനങ്ങളാണ്. ഈ സ്നേഹത്തിന്റെ ആൾരൂപം തന്റേതായതെല്ലാം അല്ലാഹുവിനും അവന്റെ റസൂലിനും വേണ്ടി ത്യജിച്ചതിനുശേഷം തന്റെ റബ്ബിനെ തൃപ്തിപ്പെടുത്തിക്കൊണ്ട് രണ്ടേകാൽ വർഷത്തിനുശേഷം തന്റെ എല്ലാമെല്ലാമായ യജമാനന്റെ അടുക്കലേക്ക് യാത്രയായി. ഇന്നാലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിയൂൻ.

ഇനി ഞാൻ ഈ വിഷയത്തിന്റെ രണ്ടാം ഭാഗത്തു വരികയാണ്. നമ്മുടെ യജമാനരായ ഹദ്റത്ത് മുഹമ്മദുമുസ്തഫാ(സ)യുടെ പ്രവചനമനുസരിച്ച് ഇക്കാലത്ത് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി മസീഹ് മൗഊദും മഹ്ദിയെ മൗഊദുമായിക്കൊണ്ടു വന്നു. കൃത്യമായും വിശുദ്ധഖുർആനിന്റെ പ്രവചനമനുസരിച്ച് അല്ലാഹു ഒന്നാമത്തെ കാലഘട്ടത്തിൽ തന്റെ സഹായത്തിന്റേയും പിന്തുണയുടേയും ദൃശ്യങ്ങൾ കാണിച്ചിരുന്നതുപോലെ അവസാന കാലഘട്ടത്തിലും തന്റെ അടയാളം വെളിപ്പെടുത്തി. ഒന്നാമത്തെ കാലഘട്ടത്തിൽ ഹദ്റത്ത് മുഹമ്മദു മുസ്തഫാ(സ)അല്ലാഹുവിൽനിന്ന് സഹായം തേടുകയും അല്ലാഹു അതു സ്വീകരിക്കുകയും ചെയ്തിരുന്നതുപോലെ, അബൂബക്ർ(റ)നെപോലുള്ള സ്നേഹിതരെ നല്കിയതുപോലെതന്നെ ഹദ്റത്ത് മസീഹ് മൗഊദും(അ)അല്ലാഹുവേ! ഏതെങ്കിലും കൂട്ടുകാരനെ നല്കേണമെ എന്ന് ദുആ ചെയ്യുകയും അല്ലാഹുവിന്റെ സന്നിധിയിൽ വിലപിക്കുകയും ചെയ്തു. ആ വിളി അല്ലാഹു കേൾക്കുകയും ഹദ്റത്ത് ഹക്കീം മൗലവി നൂറുദ്ദിൻ(റ)നെ പോലുള്ള മഹത്തായ സ്ഥാനത്തിന് ഉടമയായവരെ പ്രദാനം ചെയ്യുകയും ചെയ്തു. രണ്ടാം ശക്തിപ്രഭാവത്തിന്റെ ഒന്നാമത്തെ പ്രതീകമായ, അഹ്മദിയ്യ ചക്രവാളത്തിലെ തിളങ്ങുന്ന നക്ഷത്രമായ, ആത്മീയമായ എല്ലാ ശ്രേഷ്ഠതകളും സമ്മേളിച്ചിട്ടുള്ള, പ്രകാശപരമായ സവിശേഷഗുണങ്ങളുടെ ഖജനാവ്, ഖുർആനിക വിജ്ഞാനങ്ങളുടെ ഒഴുകുന്ന അരുവി, മഹ്ദവിയ്യത്ത് എന്ന വിളക്കിന്റെ ചിത്രശലഭം, സിദ്ദീഖുപരമായ സൗന്ദര്യത്തിന്റെ പ്രതീകം, ഫാറൂഖുപരമായ പ്രതാപത്തിന്റെ കണ്ണാടി ഹാജിയുൽഹറമയ്ൻ സയ്യിദുനാ ഹദ്റത്ത് ഹാഫ്ള് ഹക്കീം മൗലാനാ നൂറുദ്ദീൻ ഭേരവി ലീഫത്തുൽ മസീഹ് അവ്വൽ(റ)1834-ൽ ഭേരയിൽ ജനിച്ചു. അദ്ദേഹത്തിന്റെ പിതാവിന്റെ പേര് ഹദ്റത്ത് ഹാഫിള് ഗുലാം റസൂലെന്നും മാതാവിന്റെ പേര് നൂർ ബഖ്ത്ത് എന്നുമായിരുന്നു. അദ്ദേഹത്തിന്റെ വംശ പരമ്പര 32-ാമത്തെ സ്തംഭമായ ഹ്ദറത്ത് ഉമർ ഫാറൂഖ് വരെയും മാതാവിന്റെ വംശപരമ്പര ഹ്ദറത്ത് അലിവരെയുമെത്തുന്നു. ഇതിന്റെ അടിസ്ഥനത്തിൽ അദ്ദേഹം ഫാറൂഖിയുമാണ് അലവിയുമാണ്.

വിശുദ്ധ ഖുർആൻ അദ്ദേഹം മാതാവിന്റെ മടിത്തട്ടിലാണ് പഠിച്ചത്. ആരംഭം മുതൽത്തന്നെ അദ്ദേഹം അനിതരസാധാരണമായ ഹാഫിളായിരുന്നു. നീന്തലിൽ അതീവ തൽപരനായിരുന്നു. വിദ്യാഭ്യാസത്തിന് ലാഹോർ, രാംപൂർ, ലക്നൗ, ദില്ലി, ഭോപാൽ തുടങ്ങിയ സ്ഥലങ്ങളിൽ താമസിച്ചിട്ടുണ്ട്. പഠിക്കുന്നതിന് മദീന മുനവ്വറയിലും പോയിരുന്നു. വിദ്യാഭ്യാസത്തിനുശേഷം തന്റെ നാട്ടിൽ തിരിച്ചെത്തി. ഭേരയിൽ വിശുദ്ധ ഖുർആനിന്റേയും ഹദീഥിന്റേയും ദറസ് പരമ്പര ആരംഭിച്ചു. അവ പഠിപ്പിക്കുകയും ചെയ്തിരുന്നു. ഒപ്പംതന്നെ വൈദ്യശാലയും തുടങ്ങി. ദൂരദൂര നിന്നാളുകൾ ചികിത്സയ്ക്കുവേണ്ടി അദ്ദേഹത്തിന്റെ അടുത്തു വരുമായിരുന്നു.

1885-ൽ ഹദ്റത്ത് മൗലവി സാഹിബ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഒരു നോട്ടീസ് ആദ്യമായി വായിച്ചു. അതെത്രമാത്രം മൗലവി സാഹിബനെ സ്വാധീനിച്ചുവെന്നാൽ അദ്ദേഹം ഹുദൂറിനെ കാണുന്നതിന് ഖാദിയാനിലെത്തി. കൂടിക്കാഴ്ചയ്ക്കുശേഷം ഹൂദൂറിന്റെ ജീവാർപണം ചെയ്ത സേവകരിലായി. 1889-ൽ ലുധിയാനയിൽ ആദ്യത്തെ ബയ്അത്ത് നടന്നപ്പോൾ അദ്ദേഹം ഏറ്റവും ആദ്യനമ്പറുകാരനായി ബയ്അത്തുചെയ്തുവെന്ന അഭിമാനം കരസ്ഥമാക്കി.

**(തുടരും)**

(പേജ് 2ൽനിന്ന്)

ന്നു എന്ന ഭാവത്തിൽ പലപ്പോഴും സ്ത്രീകൾ വിളിച്ചു കേഴാറുണ്ട്, ഉറ്റവരാരാനുമാണെങ്കിൽ, അവരുടെ പേർ ചൊല്ലി വിളിച്ചു തങ്ങളെ ഉപേക്ഷിച്ചു പോയ്ക്കളഞ്ഞതെന്തേ എന്നും തങ്ങളെ അനാഥരാക്കിയിട്ടു പോകയാണോ എന്നും മറ്റും പറഞ്ഞു വിലപിക്കും. ഏറ്റവും പ്രിയപ്പെട്ടവരെ ചൊല്ലി പെണ്ണുങ്ങൾ ഇങ്ങനെ വിലപിക്കുന്നതു സ്വഭാവികമാണ്. അതുകൊണ്ട്, നബി(സ)തിരുമേനിയുടെ വിയോഗത്തിൽ അനുശോചിച്ച, ഈ മഹിളാമണി ആ രീതിയിൽ ചോദിച്ചതിൽ അസംഗതമായിട്ടൊന്നുംതന്നെ ഇല്ല. ഈ വനിതാ രത്നം നബി(സ)തിരുമേനിയെ അങ്ങേയറ്റം പ്രിയപ്പെട്ടിരുന്നു. അതിനാൽ നബി(സ)തിരുമേനി ചരമം പ്രാപിച്ചു എന്ന് കേട്ടിട്ടും അതു വിശ്വസിക്കാൻ കൂട്ടാക്കിയില്ല; അതേയവസരത്തിൽത്തന്നെ ആ വാർത്തയെ കളവാക്കിത്തള്ളാതെ ഒരു സ്ത്രീയുടെ സ്വഭാവികമായ വികാരവായ്പോടെ 'അല്ലാഹുവിന്റെ പ്രവാചകൻ എന്തേ ചെയ്തത്?' എന്നിങ്ങനെ ചോദിച്ചു കൊണ്ടിരുന്നു. നബി(സ)തിരുമേനി ജീവിച്ചിരിക്കുന്നുണ്ടെന്ന ഭാവത്തിൽ, അവിടത്തെപോലെ കൂറുള്ളൊരു നേതാവ് അങ്ങനെ തങ്ങളെ വേർപെട്ടു പോയ്ക്കളഞ്ഞല്ലോ എന്നു ആവലാതിപ്പെടുകയായിരുന്നു അവർ!

ഈ സ്ത്രീ തന്റെ പിതാവിന്റെയും സഹോദരന്റെയും ഭർത്താവിന്റെപോലും നിര്യാണത്തെ ഗണ്യമാക്കുന്നില്ലെന്നറിഞ്ഞപ്പോൾ നബി(സ) തിരുമേനിയോടു അവർക്കുള്ള അവാച്യമായ സ്നേഹത്തിന്റെ ആഴം കണ്ടറിഞ്ഞ ആ യോദ്ധാവ് അവരെ സമാശ്വസിപ്പിച്ചു കൊണ്ട് പറഞ്ഞു: 'തിരുമേനിയോ, നബി(സ)തിരുമേനി ജീവിച്ചിരിക്കുന്നുണ്ടല്ലോ!' നബി തിരുമേനിയെ കാണിച്ചു കൊടുക്കണമെന്നായി അപ്പോൾ ആ സ്ത്രീയുടെ പ്രാർഥന. പടക്കളത്തിന്റെ ഒരു ഭാഗത്തേക്ക് വിരൽ ചൂണ്ടിക്കൊണ്ടു ആ ഭടൻ പറഞ്ഞു! 'അതാ അവിടെ നബി(സ)തിരുമേനി വിശ്രമിക്കുകയാണ്!' ആ മഹിളാമണി ആ ഭാഗത്തേക്ക് കുതിച്ചു. നബി(സ)തിരുമേനിയെ സമീപിച്ചു അവിടത്തെ വസ്ത്ര തുഞ്ചം കൈയിലെടുത്തു ചുംബിച്ചുകൊണ്ടു പറഞ്ഞു:'എന്റെ ബാപ്പയും എന്റെ ഉമ്മയും അങ്ങേയ്ക്ക് ബലിയായിരിക്കട്ടെ! അല്ലാഹുവിന്റെ റസൂലേ, അങ്ങു ജീവിച്ചിരിക്കുന്നുവെങ്കിൽ ആരോ മരിച്ചോട്ടെ, എനിക്കെന്ത്?'(ഹിശാം)

മുസ്‌ലിമീങ്ങൾ-പുരുഷന്മാരും സ്ത്രീകളും ഒരുപോലെ- ഈ ഉഹുദ് യുദ്ധത്തിൽ കാണിച്ച സ്ഥൈര്യവും കൂറും എത്തരത്തിലുള്ളതായിരുന്നുവെന്നു നമുക്കിതിൽനിന്നു മനസ്സിലാക്കാം. ക്രിസ്തീയ ചരിത്രകാരന്മാർ മഗ്ദലനമർയത്തിന്റെയും കൂട്ടുകാരുടെയും കഥ അഭിമാനപൂർവം വിവരിക്കുകയും അവരുടെ ഭക്തിയെയും ധൈര്യത്തെയും കുറിച്ചെടുത്തു പറയുകയും ചെയ്യാറുണ്ട്. വെളുപ്പിനു മുമ്പേ ജൂതന്മാരുടെ കണ്ണു വെട്ടിച്ച് അവർ യേശുവിന്റെ ഖബ്റന്നിരികെ കുതിച്ചെത്തിയതായി പറയുന്നു. എന്നാൽ, ബനൂ ദീനാർ ഗോത്രത്തിലെ ഈ മഹിളാമണിയുടെ ഭക്തി പ്രശ്രയത്തിനും സ്നേഹപാരവശ്യത്തിനും മുമ്പിൽ അതിനെന്ത് താരതമ്യം?

ചരിത്രത്തിൽ മറ്റൊരു സംഭവംകൂടി രേഖപ്പെട്ടുകിടക്കുന്നുണ്ട്. യുദ്ധത്തിൽ മരിച്ചു വീണവരെയെല്ലാം സംസ്കരിച്ചശേഷം നബി(സ)തിരുമേനി മദീനയിലേക്ക് മടങ്ങുമ്പോൾ അദ്ദേഹത്തെ സ്വീകരിക്കാൻ മദീനയിൽനിന്നു പുറപ്പെട്ടു വരികയായിരുന്ന സ്ത്രീകളെയും കുട്ടികളെയും അദ്ദേഹം കണ്ടു. നബി(സ)തിരുമേനിയുടെ ഒട്ടകത്തിന്റെ മൂക്കുകയർ പിടിച്ചിരുന്നത് മദീനാ നേതാവായിരുന്ന സഅ്ദ് ബിൻമുആദ് ആയിരുന്നു. സഅ്ദ് വലിയ ജയാഘോഷത്തോടെ ഒട്ടകത്തെ നയിച്ചു വരികയായിരുന്നു. നബി(സ)തിരുമേനിയെ സുഖത്തോടും ആരോഗ്യത്തോടുംകൂടി മദീനയിലേക്ക് തിരിച്ചുകൂട്ടിക്കൊണ്ടുവരാൻ തങ്ങൾക്ക് സാധിച്ചുവെന്ന് ലോകം മുഴുവനും വിളിച്ചു പറയാനുള്ള വീര്യം അദ്ദേഹത്തിന്റെ മുഖത്ത് കാണാമായിരുന്നു. സഅ്ദ് മുന്നോട്ടു നീങ്ങിക്കൊണ്ടിരുന്നപ്പോൾ തന്റെ മാതാവും കൂട്ടത്തിൽ തങ്ങളെ സ്വീകരിക്കാൻ വരുന്നതായി കണ്ടു. ആ വൃദ്ധയ്ക്ക് നല്ലവണ്ണം കണ്ണു കാണുന്നുണ്ടായിരുന്നില്ല. സഅ്ദ് തന്റെ മാതാവിനെ തിരിച്ചറിഞ്ഞു. ഉടൻ നബി(സ)തിരുമേനിയുടെ നേരെ തിരിഞ്ഞുകൊണ്ടദ്ദേഹം പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ, എന്റെ ഉമ്മയാണിത്!' 'വന്നാലും, വന്നാലും!' നബി(സ)തിരുമേനി അവരെ അടുത്ത് ക്ഷണിച്ചു. വൃദ്ധ മെല്ലെ മെല്ലെ മുമ്പോട്ടു നീങ്ങി നബിയുടെ മുഖാരവിന്ദം ചുഴിഞ്ഞു നോക്കി. പ്രഭാമയമായ വദനബിംബം കണ്ടപ്പോൾ അവർ, സന്തുഷ്ടയായി. അവരെ നോക്കി നബി(സ)തിരുമേനി പറഞ്ഞു: 'നിങ്ങളുടെ മകൻ മരണപ്പെട്ടു പോയതിൽ എനിയ്ക്കതിയായ ദുഃഖമുണ്ട്!'

'പക്ഷേ, അങ്ങയെ ജീവനോടുകൂടി കണ്ടതോടെ ഞാനെന്റെ സകല സങ്കടങ്ങളും വിഴുങ്ങിക്കളഞ്ഞു.'ആ വൃദ്ധസ്ത്രീ മറുപടി നൽകി. അറബി ശൈലിയിൽ 'ഞാൻ എന്റെ നിർഭാഗ്യങ്ങളെല്ലാം വറുത്തു തിന്നു'എന്നാണവർ പറഞ്ഞത്. (ഹൽബിയ്യ, ഭാ 2, പേജ് 210) ഇതു സൂചിപ്പിക്കുന്ന വികാരത്തിന്റെ ആഴം ആലോചിച്ചു നോക്കൂ. സാധാരണ ദുഃഖം ആളുകളെ കാർന്നു തിന്നുകയാറാണ്, ഇവിടെയിതാ ഒരു വൃദ്ധ! അവരുടെ മകൻ മരണപ്പെട്ടു. വാർധക്യത്തിൽ തന്റെ ഊന്നുവടിയാണാ മകൻ. എന്നിട്ടും അവർ പറയുന്നു, ആ ദുഃഖം തന്നെ കാർന്നു തിന്നുന്നതിനു പകരം താനാ ദുഃഖത്തെ വിഴുങ്ങിക്കളഞ്ഞുവെന്നു! തന്റെ മകൻ നബി(സ)തിരുമേനിക്കുവേണ്ടിയാണ് ജീവൻ ബലിയർപിച്ചതെന്ന വസ്തുത തുടർന്നുള്ള കാലമത്രയും ആ വൃദ്ധയ്ക്ക് ജീവൻ നൽകുന്ന ഓർമയായിരുന്നു. അൻസ്വാറേ!എന്റെ ജീവൻ നിങ്ങളിൽ തെണ്ടമാണ്. നിങ്ങൾ എത്രപുണ്യമാണ് കൊണ്ടുപോയത്.(തിരുനബി ചരിത്രം പേജ് 122-125, പഴയപ്പതിപ്പ്)

മുഴവൻ മുഹാജിറും അൻസ്വാറും അല്ലാഹുവിനും അവന്റെ റസൂലിനുംവേണ്ടി ജീവൻ ബലിയർപ്പിക്കാൻ സദാ തയ്യാറായിരുന്നു. ആർക്കെപ്പോൾ അവസരം കിട്ടിയാലും സന്തോഷത്തോടെ ജീവൻ ത്യാഗം ചെയ്തിരുന്നു. ഇതിന്റെ ചിത്രം വിശുദ്ധ ഖുർആൻ രണ്ടു വാക്കുകളിൽ ഇങ്ങനെ വരച്ചിട്ടു.മിൻഹും മൻ ഖളാ നഹ്ബഹു വ മിൻഹും മൻയ്യൻത്തളിർ അങ്ങനെ ജീവനർപ്പിച്ച് അവരിൽ ചിലർ തങ്ങളുടെ പ്രതിജ്ഞ പൂർത്തിയാക്കിയിരിക്കുന്നു. അവരിൽ മറ്റു ചിലർ അതിന് അവസരം പാർത്തിരിക്കുകയുമാണ്(33:24). ഹദ്റത്ത് സഅ്ദ് ബിൻ റബീഅ് അൻസ്വാരി(റ)യുടെ ആത്മാർപണ സന്നദ്ധതയുടെ മാതൃക വായിച്ചാലും. മുഹാജിർ മക്കയിൽനിന്ന് ഹിജ്റത്തു ചെയ്ത് മദീനയിൽ വന്നപ്പോൾ നബി(സ)തിരുമേനി ഓരോ മുഹാജിറിനേയും ഓരോരോ അൻസ്വാരിയുടെ സഹോദരനാക്കി. അപ്പോൾ അൻസ്വാർ ഓരോരുത്തരേയും തങ്ങളുടെ കൂടെപ്പിറപ്പായ സഹോദരനെക്കാൾ കൂടുതൽ അവരെ സ്നേഹിച്ചു. അവർ തങ്ങളുടെ പകുതി സ്വത്ത് അവരെ ഏല്പിക്കാൻ നിർബന്ധം പിടിച്ചു. പക്ഷേ, ഒരു അൻസ്വാരി സ്വഹാബി ഇങ്ങനേയുമുണ്ടായിരുന്നു. അദ്ദേഹം തന്റെ മുഹാജിർ സഹോദരൻ അബ്ദുർറഹ്മാൻ ബിൻ ഔഫിനോടു ഇങ്ങനേയും പറഞ്ഞു:'ഞാനെന്റെ ഒരു ഭാര്യയെ ത്വലാഖ് കൊടുക്കാം ഇദ്ദയ്ക്കു ശേഷം അങ്ങ് അവരെ നിക്കാഹ് ചെയ്താലും.' ഈ സ്വഹാബീ സഅ്ദ് ബിൻ റബീഅ അൻസ്വാരീ(റ)ആയിരുന്നു. ഏതൊരാളാണോ വായകൊണ്ടു പറഞ്ഞ് സഹോദരനാക്കിയ ഒരാൾക്കുവേണ്ടി ഇത്രമാത്രം ആത്മസമർപണത്തിന്റെ മാതൃക കാണിക്കാൻ സന്നദ്ധനാകുന്നത് നബി(സ)തിരുമേനിക്കുവേണ്ടി അയാളുടെ വികാരങ്ങളുടെ ലോകമെന്തായിരിക്കും!

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ)പറയുന്നു:'ഉഹുദ് യുദ്ധാവസരത്തിൽ യുദ്ധം അവസാനിക്കുകയും ശഹീദുമാരുടെ ഖബ്റടക്കം നടന്നുകൊണ്ടിരിക്കുകയും ചെയ്യുമ്പോൾ നബി(സ)തിരുമേനി പറഞ്ഞു: ആരെങ്കിലും പോയി അൻസ്വാറിന്റെ നേതാവായ സഅ്ദ് ബിൻ റബീയിന്റെ അവസ്ഥയെന്താണെന്ന് നോക്കുക. അദ്ദേഹം ജീവനോടെ ഉണ്ടോ അതോ ശഹീദായോ? കാരണം അദ്ദേഹം ശത്രുക്കളുടെ അമ്പുകളിൽ വളരെ മോശമായി വലയം ചെയ്യപ്പെട്ടിരുന്നതായി ഞാൻ യുദ്ധ സമയത്തു കണ്ടിരുന്നു. നബി(സ)തിരുമേനി പറഞ്ഞപ്പോൾ ഒരു അൻസ്വാരി സ്വഹാബി ഉബയ്യ് ബിൻ കഅ്ബ് പോകുകയും മൈതാനത്ത് അവിടേയും ഇവിടേയുമൊക്കെ തിരയുകയും ചെയ്തെങ്കിലും ഒന്നും അറിയാൻ കഴിഞ്ഞില്ല. അവസാനം അദ്ദേഹം ഉച്ചത്തിൽ ഉച്ചത്തിൽ വിളിച്ചു പറയാനും സഅ്ദിന്റെ പേരെടുത്തു പറയാനും തുടങ്ങി. എന്നിട്ടും ഒരു വിവരവും കിട്ടിയില്ല. നിരാശനായി അദ്ദേഹം മടങ്ങിപ്പോകാൻ തുടങ്ങിയപ്പോൾ നബി(സ)തിരുമേനിയുടെ പേരെടുത്തു വിളിച്ചാൽ അദ്ദേഹം വിളികേൾക്കുമായിരിക്കാമെന്ന് വിചാരിച്ചു. അങ്ങനെ അദ്ദേഹം അത്യുച്ചത്തിൽ വിളിച്ചുകൊണ്ട് പറഞ്ഞു: 'സഅ്ദ് ബിൻ റബീയേ! അങ്ങ് എവിടെയാണ്? നബി(സ)തിരുമേനി എന്നെ അദ്ദേഹത്തിന്റെ അടുത്ത് അയച്ചിരിക്കുന്നു.' ഈ ശബ്ദം സഅ്ദിന്റെ അർദ്ധമൃതമായ ശരീരത്തിൽ വൈദ്യുതി തരംഗം ഓടിച്ചു. അദ്ദേഹം ഞെട്ടിയുണർന്ന് അങ്ങേയറ്റം പതിഞ്ഞ സ്വരത്തിൽ മറുപടി പറഞ്ഞു,'ആരാണ്?ഞാനിവിടെയുണ്ട്.' ഉബയ്യ് ബിൻ കഅ്ബ് സൂക്ഷിച്ചു നോക്കിയപ്പോൾ കുറച്ചു

## • അല്ലാഹുവിന്റെ കലാം •

**"ഞങ്ങളുടെ നാഥാ, ഞങ്ങളുടെ പാപങ്ങളേയും ഞങ്ങളുടെ കാര്യങ്ങളിലുള്ള അമിതത്വത്തേയും നീ ഞങ്ങൾക്ക് പൊറുത്തുതരേണമേ. ഞങ്ങളുടെ പാദങ്ങളെ ഉറപ്പിച്ചു നിറുത്തേണമേ. അവിശ്വാസികളായ ജനങ്ങൾക്കെതിരിൽ നീ ഞങ്ങളെ സഹായിക്കുകയും ചെയ്യേണമേ." (വിശുദ്ധ ഖുർആൻ 3:148)**

## • കലാമുൽ ഇമാം •

**'ഇസ്തിഖാമത്ത് അഥവാ സ്ഥൈര്യം കൈവരിക്കാൻ സ്വലാത്ത് ഒരു ഉഗ്രമായ മാർഗമാണ്. ധാരാളമായി ചൊല്ലുക. ആചാരവും ശീലവുമെന്ന നിലയിലല്ല; പ്രത്യുത നബി(സ)തിരുമേനിയുടെ സൗന്ദര്യവും ഔദാര്യവും പരിഗണിച്ചുകൊണ്ട്. അവിടത്തെ പദവികളുടേയും നിലകളുടേയും അഭിവൃദ്ധിക്കുവേണ്ടി. അവിടത്തെ വിജയത്തിനുവേണ്ടി.'(മൽഫൂദാത്ത് വാല്യം 3, പേജ് 38)**

ത്വാലിബെ ദുആ: NEWTECH. INTERNATIONAL(P)LTD
SRINGILS AND GLASS WORK ,ERNAKULAM. CONT: 79025 95215

ത്വാലിബെ ദുആ: BYZANTINE BUILDERS
CONSTRUCT ANY WHERE IN KERALA CONT: 80752 22792

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail :badarmalayalam@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP-44/2023-2025 Vol-8 Thursday 27 July-3 Aug 2023 Issue-30-31

MANAGER
Sheik Mujahid

Mobile: 91 9915379255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 600/- (Per Issue : Rs. 12.00/-) (**WEIGHT** - 20-50 gms/issue)

ദൂരത്ത് വധിക്കപ്പെട്ടവരുടെ ഒരു കൂമ്പാരത്തിൽ സഅ്ദിനെ കണ്ടു. അദ്ദേഹം അപ്പോൾ മരണവായുവിന്റെ അവസ്ഥയിൽ ജീവൻ വെടിയുകയായിരുന്നു. ഉബയ് ബിൻ കഅ്ബ് അദ്ദേഹത്തോടു പറഞ്ഞു, താങ്കളുടെ അവസ്ഥയെ കുറിച്ച് വിവരം നല്കുന്നതിന് നബി(സ)തിരുമേനിയാണ് എന്നെ അയച്ചത്. സഅ്ദ് പറഞ്ഞു: 'റസൂലുല്ലായോടു എന്റെ സലാം പറയണം. അല്ലാഹുവിന്റെ റസൂൽമാർക്ക് അവരെ അനുധാവനം ചെയ്യുന്നവരുടെ ആത്മത്യാഗവും ആത്മാർഥതയും കാരണത്താൽ പ്രതിഫലം ലഭിക്കുന്നു. അല്ലാഹു ആ പ്രതിഫലം എല്ലാ നബിമാരെക്കാളുമധികം അങ്ങയ്ക്കു നല്കുമാറാകട്ടെ. അങ്ങയുടെ കണ്ണുകൾക്ക് കുളിർമ നല്കുമാറാകട്ടെ. എന്റെ മുസ്‌ലിം സഹോദരങ്ങൾക്കും എന്റെ സലാം പറയണം. എന്റെ ജനതയോടു പറയണം, നിങ്ങളിൽ ജീവന്റെ തുടിപ്പുണ്ടായിട്ടും നബി(സ)തിരുമേനിക്ക് എന്തെങ്കിലും ബുദ്ധിമുട്ടുണ്ടായാൽ അല്ലാഹുവിന്റെ മുമ്പിൽ നിങ്ങളുടെ ഒരു ഒഴികഴിവും വിലപോകുകയില്ല. ഇതു പറഞ്ഞുകൊണ്ട് സഅ്ദ് ജീവൻ വെടിഞ്ഞു.'(സീറത്തു ഖാത്തമുന്നബിയ്യീൻ, പേജ് 501)

നബി(സ)തിരുമേനി വീണ്ടും വീണ്ടും അഭിപ്രായമാരാഞ്ഞു കൊണ്ടിരുന്നപ്പോൾ മദീനാ മുസ്‌ലിമീങ്ങളിൽ ഒരാളെഴുന്നേറ്റ് ഇപ്രകാരം പറഞ്ഞു. 'അല്ലാഹുവിന്റെ റസൂലേ! അങ്ങേയ്ക്ക് ആവശ്യമായ അനുകൂലാഭിപ്രായങ്ങൾ ലഭിക്കുന്നുണ്ടായിട്ടും പിന്നെയും പിന്നെയും ചോദിച്ചുകൊണ്ടിരിക്കുന്നതു മദീനാ മുസ്‌ലിമീങ്ങളായ ഞങ്ങളെ ഉദ്ദേശിച്ചാണോ?' നബി(സ)തിരുമേനി 'അതെ'യെന്നുത്തരമരുളിയപ്പോൾ ആ അൻസ്വാരി സ്വഹാബി പറഞ്ഞു: 'ഞങ്ങൾ മോശെയുടെ കൂട്ടുകാരെപ്പോലെ ഇദ്ഹബ് അൻത വ റബ്ബുക്ക ഫഖാത്തിലൻ ഇന്നാ ഹാഹുനാ ഖായിദൂൻ നീയും നിന്റെ റബ്ബും പോയി യുദ്ധം ചെയ്യുവിൻ. ഞങ്ങൾ ഇവിടെ ഇരിക്കട്ടെ! എന്നു പറയുകയില്ല. യുദ്ധം ചെയ്യണമെന്നാണെങ്കിൽ അങ്ങയുടെ ഇടത്തും വലത്തും മുമ്പിലും പിന്നിലും ഞങ്ങൾ പൊരുതും. അങ്ങയുടെമേൽ കൈ വെക്കാനാണ് ശത്രുവിന്റെ മോഹം എന്നു ഞങ്ങൾക്കറിയാം. എന്നാൽ, ഞങ്ങളതിനനുവദിക്കില്ല. ഞങ്ങളുടെ ശവദേഹങ്ങളിൽ ചവിട്ടിക്കൊണ്ടല്ലാതെ അങ്ങയെ തൊടാൻ പോലും അവർക്ക് കഴിയുകയില്ലെന്നു ഞങ്ങളിതാ ഉറപ്പു നൽകുന്നു! അല്ലാഹുവിന്റെ റസൂലേ, അങ്ങ് യുദ്ധത്തിനായിട്ട് ഞങ്ങളെ ക്ഷണിക്കുന്നു. എന്നാൽ, ഞങ്ങൾ അതിലപ്പുറവും ചെയ്യാനൊരുക്കം! അതാ അങ്ങകലത്തല്ലാതെ സമുദ്രം! അതിലേക്ക് കുതിക്കണമെന്നാണ് അങ്ങു കൽപിക്കുന്നതെങ്കിൽ ഞങ്ങളതിനും തയ്യാർ!'(ബുഖാരി;ഹിഷാം)

ആദ്യകാല മുസ്‌ലിമീങ്ങൾ പ്രകടിപ്പിച്ചിരുന്ന ഭക്ത്യാവേശവും ത്യാഗ സന്നദ്ധതയും അതായിരുന്നു! ലോകചരിത്രത്തിൽത്തന്നെ അതിനൊരുദാഹരണം കണ്ടെത്തുകയില്ല. മൂസാനബിയുടെ അനുയായികളുടെ സ്ഥിതി മുകളിൽ പറഞ്ഞു. യേശുവിന്റെ അനുയായികളാണെങ്കിൽ ഏറ്റവും സന്ദിഗ്ധമായ ഒരു ഘട്ടത്തിൽ യേശുവിനെ കൈയൊഴിയുകയാണുണ്ടായത്. അവരിലൊരാൾ ഏതാനും വെള്ളിത്തുട്ടുകൾക്ക് വേണ്ടിയാണ് ഗുരുവര്യനെ ഉപേക്ഷിച്ചുകളഞ്ഞത്. മറ്റൊരാൾ യേശുവിനെ ശപിച്ചു. ബാക്കിയുള്ള പത്തു പേർ ഓടി മറഞ്ഞു. മദീനയിലെ മുസ്‌ലിമീങ്ങൾ നബി(സ)തിരുമേനിയുടെ അനുചരരായിട്ടു ഒന്നൊന്നര കൊല്ലമേ കഴിഞ്ഞിട്ടുണ്ടായിരുന്നുള്ളൂ. അത്രയും ചുരുങ്ങിയ കാലയളവിനുള്ളിൽ അവർ അത്രയ്ക്കും ദൃഢവിശ്വാസികളായി മാറി. കടലിലേക്കു കുതിക്കണമെന്നാണ് നബി(സ)തിരുമേനി കൽപിക്കുന്നതെങ്കിൽ, അതിനും തയ്യാറാകുന്ന മട്ടിൽ അവർ നബി(സ)തിരുമേനിയുടെ ഭക്താനുയായികളായിത്തീർന്നു.(തിരുനബി ചരിത്രം പേജ് 96-97 പഴയപ്പതിപ്പ്)

നബി(സ)തിരുമേനി യുദ്ധത്തടവുകാരോടു നല്ല രീതിയിൽ പെരുമാറണമെന്ന് തന്റെ സ്വഹാബാക്കളെ താക്കീതു ചെയ്തിരുന്നു. സ്വഹാബാക്കൾ തങ്ങളുടെ പ്രിയപ്പെട്ട യജമാനന്റെ നിർദേശമനുസരിച്ച് എങ്ങനെയാണ് പ്രവർത്തിച്ചതെന്ന് നോക്കുക.

സ്വഹാബാക്കൾക്ക് തങ്ങളുടെ യജമാനന്റെ എല്ലാ ആഗ്രഹങ്ങളും നിറവേറ്റുന്നതിൽ അതിയായ സന്തോഷമായിരുന്നു. അവിടത്തെ ഈ നിർദേശവും എത്രമാത്രം നല്ലരീതിയിൽ നിറവേറ്റിയെന്നാൽ ദുൻയാവിന്റെ ചരിത്രത്തിൽ അതിനുദാഹരണം ലഭിക്കുകയില്ല. ആ തടവുകാരിൽ ഒരു തടവുകാരനായ അബൂ അസീസ് ബിൻ ഉമയ്ർ നേരിട്ട് നിവേദനം. നബി(സ)തിരുമേനിയുടെ കൽപന കാരണത്താൽ അൻസ്വാർ എനിക്ക് പാകമായ റൊട്ടി തന്നിരുന്നു. പക്ഷേ, അവർ സ്വയം ഈത്തപ്പഴവും മറ്റും തിന്നാണ് കഴിഞ്ഞിരുന്നത്. അവരുടെ കൈയിൽ റൊട്ടിയുടെ ചെറിയ കഷണം മാത്രമാണ് ഉണ്ടായിരുന്നതെങ്കിലും അവർ എനിക്കത് തരുമായിരുന്നു. അവരത് തിന്നുമായിരുന്നില്ല. ലജ്ജകൊണ്ടു ഞാനത് തിരിച്ചു നല്കിയാൽ അവർ നിർബന്ധിച്ച് എന്നെക്കൊണ്ട് അത് തീറ്റിക്കുമായിരുന്നു.'(സീറത്ത് ഖാത്തമുന്നബിയ്യീൻ പേജ് 365)

നബി(സ)തിരുമേനി തടവുകാരുടെ സൗഖ്യത്തേയും സന്തോഷത്തേയും സംബന്ധിച്ച് എങ്ങനെയുള്ള കൽപനകളാണ് ന്‌ലകിയിരുന്നതെന്നാൽ, അതിൽ ആകർഷിതരായി സ്വഹാബ തങ്ങളുടെ കുപ്പായങ്ങൾ ഊരി ഊരി തങ്ങളുടെ രക്തത്തിനുവേണ്ടി ദാഹിച്ചിരുന്ന തടവുകാർക്ക് നല്കിയിരുന്നു. സ്വയം കാരക്ക തിന്നു കഴിച്ചുകൂട്ടി. അവർക്ക് പാകം ചെയ്ത നല്ല ഭക്ഷണം നല്കി. സ്വയം നടന്നുകൊണ്ട് അവരെ വാഹനത്തിൽ കൊണ്ടുപോയി. ലോകത്തിലെ ഏതെങ്കിലും ജനതയിൽ, ഏതെങ്കിലും കാലത്ത് ഇതിനു ഉദാഹരണമുണ്ടോ?'(സീറത്ത് ഖാത്തമുന്നബിയ്യീൻ പേജ് 411)

അനുരക്തിയുടേയും സ്നേഹത്തിന്റേയും കുറച്ച് അപൂർവമായ വൃത്താന്തവും കൂടി കേട്ടാലും: ഹദ്റത്ത് ഉസയ്ദ് ബിൻ ഹുളയ്ർ അൻസ്വാരി(റ)യെ പറ്റി നിവേദനം. അദ്ദേഹം വളരെ തമാശക്കാരനായിരുന്നു. അദ്ദേഹമൊരിക്കൽ ജനങ്ങൾക്കിടയിലിരുന്ന് ചിരിച്ച് രസിച്ച് തമാശ പറയുകയായിരുന്നു. നബി(സ)തിരുമേനി അദ്ദേഹത്തിന്റെ ഒരു ഭാഗത്ത് തന്റെ കൈയിലിരുന്ന വടികൊണ്ട് തട്ടി. ഉടനെ അദ്ദേഹം പറഞ്ഞു: യാ റസൂലല്ലാഹ്! എനിക്കിതിന് പകരം ചോദിക്കണം. നബി(സ)തിരുമേനി പറഞ്ഞു, ശരി, താങ്കൾ പകരം ചോദിച്ചുകൊള്ളുക! അപ്പോൾ അദ്ദേഹം പറഞ്ഞു: യാ റസൂലല്ലാഹ്! അങ്ങ് കുപ്പായമിട്ടിട്ടുണ്ട്. ഞാനാണെങ്കിൽ കുപ്പായമില്ലാതെയുമാണ്. അതുകേട്ട നബി(സ)തിരുമേനി തന്റെ കുപ്പായമുയർത്തി. അതുകണ്ട് ഉസയ്ദ് നബി(സ)തിരുമേനിയുടെ ശരീരത്തെ ആലിംഗനും ചെയ്യുകയും തുരാതുരാ മുത്തുകയും ചെയ്തുകൊണ്ട് പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ! 'ഞാനിത്രമാത്രമെ കരുതിയിരുന്നുള്ളു,' (അബൂദാഊദ് കിതാബുൽ അദബ്) (അതായത് ഞാൻ അനുഗ്രഹം നേടാൻവേണ്ടി ഈയൊരു ഉപായം സ്വീകരിച്ചതാണ്)(ഹദീഖത്തുസ്സ്വാലിഹീൻ, ഹദീഥ് നമ്പർ 72, മലിക് സയ്ഫുർറഹ്മാൻ സാഹിബ്)

ഇതുംകൂടെ പറയട്ടെ,ഹദ്റത്ത് ഉസയ്ദ് ബിൻ ഹുളയ്ർ അൻസ്വാരി(റ)ഔസ് ഗോത്രത്തിലെ ബനൂ അബ്ദുൽ അശ്ഹൽ കുടുംബത്തിൽനിന്നുള്ളയാളാണ്, മുതിർന്ന സ്വഹാബിമാരിൽപ്പെട്ടവരാണ്. അദ്ദേഹത്തിന്റെ പിതാവ് ബുആഥ് യുദ്ധത്തിൽ ഔസ് ഗോത്രത്തിന്റെ വലിയ നേതാവായിരുന്നു. ഹദ്റത്ത് ഉസയ്ദ് ബിൻ ഹുളയ്ർ അൻസ്വാരി(റ)ആത്മാർഥനും കാര്യങ്ങളൊക്കെ നല്ലവണ്ണം മനസ്സിലാക്കുന്ന ആളുമായിരുന്നു. ഹദ്റത്ത് ആഇശ(റ)പറയാറുണ്ടായിരുന്നു, അൻസ്വാറിൽപ്പെട്ട മൂന്നു വ്യക്തികൾ തങ്ങളുടെ ശ്രേഷ്ഠതയിൽ മറുപടി ഇല്ലാത്തവരായിരുന്നു. അതായത് ഉസയ്ദ് ബിൻ ഹുളയ്ർ(റ), സഅ്ദ് ബിൻ മുആദ്, അബ്ബാദ് ബിൻ ബിശ്ർ, ഹദ്റത്ത് ഉസയ്ദ് ബിൻ ഹുളയ്ർ അൻസ്വാരി(റ) വലിയ ദർജയിലുള്ള ആളായിരുന്നുവെന്നതിൽ സംശയമില്ല. ഹദ്റത്ത് അബൂബക്ർ(റ) ഹദ്റത്ത് ഉസയ്ദ് ബിൻ ഹുളയ്ർ അൻസ്വാരി(റ)യെ ബഹുമാനിച്ചിരുന്നു. (സീറത്ത് ഖാത്തമുന്നബിയ്യീൻ പേജ് 229)

അല്ലാഹു സ്വഹാബത്തിന്റെ ദർജകൾ ഉയർത്തുമാറാകട്ടെ. അവർ വിശ്വസിച്ചതിന്റെ കടമ നിറവേറ്റി. അല്ലാഹു നമുക്കും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ചെയ്ത ബയ്അത്തിന്റെ കടമ നിറവേറ്റാൻ തൗഫീഖ് നല്കുമാറാകട്ടെ. ആമീൻ(മൻസ്വൂർ അഹ്മദ് മസ്റൂർ)

---

## വിഷയേച്ഛകൾക്ക് വശംവദനായവൻ നഷ്ടത്തിലാണ്

*വാഗ്ദത്ത മഹ്ദീ മസീഹ് ഹദ്റത്ത് അഹ്മദ്(അ)പറയുന്നു: ''അല്ലാഹുവിന്റെ ഗ്രന്ഥത്തിൽനിന്ന് അഭിപ്രായം തേടുമെന്ന് നമ്മൾ തീരുമാനിച്ചാൽ നമുക്ക് തീർച്ചയായും അഭിപ്രായം കിട്ടും. എന്നാൽ, വിഷയേച്ഛകൾക്ക് വശംവദനായവൻ നഷ്ടത്തിലാകുക തന്നെ ചെയ്യും. ചിലപ്പോൾ അവൻ ഇവിടെതന്നെ പിടിക്കപ്പെടും. അതുകൊണ്ട് അല്ലാഹു പറയുന്നു: എന്നോട് സംസാരിക്കുകയും എന്നോടൊപ്പം നടക്കുകയും ചെയ്യുന്ന വലിയ്യ് അതിൽ ലയിച്ചിരിക്കുകയാണ്. ലയനത്തിൽ എത്രകണ്ട് കുറവു വരുന്നുവോ അത്രകണ്ട് അവൻ അല്ലാഹുവിൽനിന്നകലെയാണ്. എന്നാൽ, അല്ലാഹു പറഞ്ഞതു പ്രകാരമുള്ള ലയനമാണെങ്കിൽ പിന്നെ അവന്റെ ഈമാന് അളവില്ല.*

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin